# Trichur Archdiocesan Bulletin

ഫെബ്രുവരി 2020
വാല്യം: 87 ലക്കം: 02
ESTD:1934




ലൂക്കാ 6: 37- 42 (അന്യരെ വിധിക്കരുത്)

Estd. 1887
ARCHDIOCESE OF TRICHUR

TAB

തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള

# നവവൈദികർ

ആശംസകളോടെ

അതിരൂപത കുടുംബം



Fr. Arangassery Kiran CMI
Kozhukkully



Fr. Arimboor Vijoy IC
Kandasankadavu



Fr. Chakkumpeedika
Majo CMI , Thalore



Fr. Cheeran Abi OFM Con.
Kottapadi



Fr. Chirayath Thobith CMI
Kozhukkully



Fr. Chittattukarakkara
Benjo SDV - Vendore



Fr. Chittilappilly Fijo CMI
Chittattukara



Fr. Kalathil Binto (Faridabad)
Nehru Nagar



Fr. Koreth Tijo OFM Cap.
Pallikkunnu



Fr. Pulikkathazhe Jijo CMI
Kozhukkully



Fr. Tharayil Frijo
(Faridabad) Kundannur



Fr. Thekkayil Dhibin CMI -
Veluppadam



Trichur Archdiocesan Bulletin TAB

**ഫെബ്രുവരി 2020**

ലക്കം: 2 വാല്യം: 87

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press


*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org

## ഈ ലക്കത്തിൽ

| | |
|---|---|
| സർക്കുലർ | 4 |
| കച്ചേരിക്കാര്യം | 13 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 16 |
| സഹായമെത്രാന്റെ പരിപാടികൾ | 18 |
| നാളാഗമം | 20 |
| നാമകരണ നടപടികൾ | 27 |
| സാമ്പത്തിക കാര്യാലയം | 30 |
| വൈദികർ | 31 |
| സന്യസ്തർ | 33 |
| പാസ്റ്ററൽ കൗൺസിൽ | 36 |
| അതിരൂപത തീർത്ഥകേന്ദ്രം | 38 |
| വിശ്വാസ പരിശീലനം | 39 |
| സ്ഥാപനങ്ങൾ | 45 |
| സംഘടനകൾ | 74 |

Order No: 112/2020 C-1
17.01.2020

# സർക്കുലർ



നമുക്കറിയാവുന്നതുപോലെ "മദ്യവിമുക്തമായ സഭയും സമൂഹവും" എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ, അതിന്റെ സാക്ഷാത്ക്കാരത്തിനായി, രണ്ടു പതിറ്റാണ്ടിലേറെയായി നിലകൊള്ളുന്ന പ്രസ്ഥാനമാണ് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി. മദ്യത്തിന്റെയും മറ്റു ലഹരി പദാർത്ഥങ്ങളുടെയും കെടുതികൾ നമ്മുടെ സമൂഹത്തിൽ അനിയന്ത്രിതമായി വർദ്ധിച്ചു വരികയാണ്. അതുകൊണ്ടുതന്നെ മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ഇനിയും ഊർജ്ജിതമാക്കണം.

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന സമ്മേളനത്തിന് ഇത്തവണ വേദിയൊരുങ്ങുന്നത് തൃശ്ശൂരിലാണെന്ന് സന്തോഷപൂർവം അറിയിക്കുന്നു. ഫെബ്രുവരി 7, 8 എന്നീ തിയ്യതികളിൽ ഡി.ബി.സി.എൽ.സി. ഹാളിലാണ് പരിപാടികൾ അരങ്ങേറുക. പൊതുസമ്മേളനം തുടങ്ങുന്നത് 8–ാം തിയതി ഉച്ചക്ക് 2

മണിക്കാണ്. മുൻ മുഖ്യമന്ത്രി ബഹു. ഉമ്മൻ ചാണ്ടിയാണ് ഉദ്ഘാടകൻ. അഭിവന്ദ്യ പിതാക്കന്മാരും ഒട്ടേറെ സാംസ്ക്കാരിക നേതാക്കളും സമിതി സാരഥികളും വേദി പങ്കിടുന്നു. ഈ സമ്മേളനം വിജയിപ്പിക്കുന്നതിന് ഓരോ ഇടവകയിൽ നിന്നും 10 പേരെയെങ്കിലും പങ്കെടുപ്പിക്കണമെന്ന് ആഹ്വാനം ചെയ്തുകൊണ്ടും പരിപാടിക്ക് വിജയാശംസകൾ നേർന്നുകൊണ്ടും പ്രാർത്ഥനാപൂർവ്വം നിറുത്തുന്നു.


യേശുവിൽ സ്നേഹപൂർവ്വം

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത

---

N.B ഈ സർക്കുലർ ഫെബ്രുവരി 02 ഞായറാഴ്ച്ച വി. കുർബാന മദ്ധ്യേ അറിയിക്കേണ്ടതാണ്. A.T.



Prot. No. 0053/2019

# സിനഡ് അനന്തര സർക്കുലർ

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും, മെത്രാന്മാർക്കും, വൈദികർക്കും, സമർപ്പിതർക്കും, തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ 28-ാമതു സിനഡ് സഭയുടെ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ജനുവരി 10 മുതൽ 15 വരെ നടന്ന വിവരം നിങ്ങൾക്കറിയാമല്ലോ. തീക്ഷ്ണമായ പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും സിനഡിന്റെ വിജയത്തിനായി സഹായിച്ച എല്ലാവരെയും ഞാൻ നന്ദിയോടെ ഓർമ്മിക്കുന്നു. മൂന്നു ദിവസം നീണ്ട ഒരുക്ക ധ്യാനത്തിനു ശേഷമാണ് പിതാക്കന്മാർ സിനഡിലേയ്ക്ക് പ്രവേശിച്ചത്. സിനഡിന്റെ പ്രാരംഭത്തിൽ ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് ജാൻബത്തീസ്ത ദികാത്രോ സധിനഡിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. നമ്മുടെ സഭയി

ലെ 64 മെത്രാന്മാരിൽ 57 പേർ സിനഡിൽ സംബന്ധിച്ചു. സഭയെയും നമ്മുടെ നാടിനെയും സംബന്ധിക്കുന്ന ഒട്ടനവധി വിഷയങ്ങളിൽ സിനഡ് ക്രിയാത്മകമായ ചർച്ചകൾ നടത്തി തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

**1. കാർഷികരംഗം**

കേരളത്തിലെ കാർഷികരംഗം ഗുരുതരമായ പ്രതിസന്ധികളിലൂടെയാണ് കടന്നു പോകുന്നത്. കാർഷികോൽപന്നങ്ങളുടെ വിലത്തകർച്ചമൂലം കർഷകകുടുംബങ്ങൾ ഉപജീവനത്തിന് വകയില്ലാതെ ഉഴലുകയാണ്. തുടർച്ചയായുണ്ടായ രണ്ട് പ്രളയങ്ങൾ കേരളത്തിലെ കർഷകരെ ദുരിതക്കയത്തിൽ ആഴ്ത്തിയിരി ക്കുകയാണ്. വന്യമൃഗങ്ങൾ കർഷകരുടെ ജീവനും സ്വത്തിനും ഭീഷണിയായി മാറിയിട്ട് കാലമേറെയായി. കർഷകർ അനുഭവിക്കുന്ന ദുരവസ്ഥ പരിഹരിക്കാനായി പൊതുസമൂഹവുമായി ചേർന്ന് സഭ സജീവമായി രംഗത്തിറങ്ങണമെന്ന് സിനഡ് തീരുമാനിച്ചു. കർഷകരുടെ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി വിവിധ കേന്ദ്രങ്ങളിൽ കർഷകരുടെ മഹാസംഗമങ്ങൾ നടത്തിയ രൂപതകളെ സിനഡ് അഭിനന്ദിച്ചു.

കർഷക പെൻഷൻ പ്രതിമാസം പതിനായിരം രൂപയായി ഉയർത്തുക, കാർഷിക കടങ്ങൾ എഴുതിതള്ളുക, വന്യമൃഗങ്ങളെ വനാതിർത്തിക്കുള്ളിൽ നിലനിർത്താൻ ആവശ്യമായ നടപടികളെടുക്കുക, സർക്കാർ സത്വരമായി ഇടപെടുക, കാർഷിക ഉൽപന്നങ്ങൾക്ക് ഡോ. എം.എസ്. സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശം അനുസരിച്ച് താങ്ങുവില നിശ്ചയിക്കുക, കാർഷിക ജോലികൾ ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് കർഷകർ സർക്കാരിന് മുമ്പിൽ വയ്ക്കുന്നത്. കർഷകരുടെ തികച്ചും ന്യായമായ ഈ ആവശ്യങ്ങളോട് ഉദാരപൂർണമായ സമീപനം സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുമെന്ന് സിനഡ് പ്രത്യാശിക്കുകയാണ്. തന്റെ ജനത്തിന്റെ ക്ലേശങ്ങൾ കാണുകയും അവരുടെ രോദനം കേൾക്കുകയും ചെയ്യുന്ന ദൈവം (പുറ 3:7) നല്ല

കാലാവസ്ഥയും സമൃദ്ധിയും നൽകി നമ്മുടെ കർഷകരെ അനുഗ്രഹിക്കാനായി നമുക്ക് പ്രാർത്ഥിക്കാം.

**2. പൗരത്വ ഭേദഗതി നിയമം**

പൗരത്വഭേദഗതി നിയമത്തക്കുറിച്ച് രാജ്യത്ത് നിലവിലുള്ള ആശങ്കകളും അസ്വസ്ഥതകളും പരിഹരിക്കാൻ തയ്യാറാകണമെന്ന് സിനഡ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. ഭാരതത്തിന്റെ പവിത്രമായ ഭരണഘടന അവികലമായി പരിരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്താൻ നിയമനിർമ്മാതാക്കൾ ശ്രദ്ധിക്കണം. ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളിലൊന്നായ മതേതരത്വം ഈ നിയമംമൂലം സംശയത്തിന്റെ ദൃഷ്ടിയിൽ നിൽക്കാൻ ഇടവരരുത്. തിരിച്ചുപോകാൻ ഇടമില്ലാത്ത വിധം രാജ്യത്തുള്ള അഭയാർഥികളെ മത പരിഗണന കൂടാതെ സ്വീകരിക്കാനും പൗരത്വം നൽകാനും സർക്കാർ തയ്യാറാകണം എന്നതാണ് സഭയുടെ നിലപാട്. പുതുതായി പൗരത്വം നല്കുന്നവരെ പുനരധിവസിപ്പിക്കുമ്പോൾ വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ സാംസ്കാരിക പൈതൃകത്തെ കൂടി സർക്കാർ പരിഗണിക്കണം. അഭയാർത്ഥികളിൽ ചിലരെ മതാടിസ്ഥാനത്തിൽ വേർതിരിക്കാനും പൗരത്വം നിഷേധിച്ച് സ്ഥിരമായി അഭയാർത്ഥിക്യാമ്പുകളിൽ പാർപ്പിക്കാനുമുള്ള നീക്കം ഉപേക്ഷിക്കണം. ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാടിൽ കൂടുതൽ വ്യക്തത ആവശ്യമാണ്. സർക്കാർ നിയമങ്ങളെ എതിർക്കാൻ അക്രമമാർഗങ്ങൾ സ്വീകരിക്കുന്നതും ജനകീയസമരങ്ങളെ ക്രൂരമായി അടിച്ചമർത്തി നിശബ്ദമാക്കാൻ ശ്രമിക്കുന്നതും ഒരു പോലെ അധാർമികമാണ്. ഭാരതം എന്ന മഹത്തായ രാജ്യത്ത് മതേതരത്വവും തുല്യനീതിയും നടപ്പിലാകുന്നുണ്ടെന്ന് ഓരോ പൗരനെയും ബോധ്യപ്പെടുത്താൻ ഭരണകൂടത്തിന് ഉത്തരവാദിത്വമുണ്ട്.

**3. ന്യൂനപക്ഷക്ഷേമ പദ്ധതികളിലെ വിവേചനം**

ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർതലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ക്രൈസ്തവർ വിവേചനം അനുഭവിക്കുന്നതായി സിനഡ് വിലയിരുത്തി. നിയമപരമായി തന്നെ കേരളത്തിലെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ചിലവിടുന്ന തുകയുടെ 80% ഒരു ന്യൂനപക്ഷ വിഭാഗത്തിനു മാത്രമായി സംവരണം ചെയ്തിരിക്കുകയാണ്. ശേഷിക്കുന്ന 20% ആണ് ന്യൂനപക്ഷങ്ങളിലെ മറ്റ് 5 വിഭാഗങ്ങൾക്കുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഈ അനീതി പരിഹരിച്ച് ജനസംഖ്യാനുപാതികമായി ന്യൂനപക്ഷ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം.

വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലന കേന്ദ്രങ്ങളായി 45–ൽ

പരം സെന്ററുകൾ സർക്കാർ ചിലവിൽ ന്യൂനപക്ഷ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇവ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും നീതിപൂർവ്വകമായി വിഭജിച്ച് നൽകാൻ സർക്കാർ തയ്യാറാകണം. കൂടാതെ ജില്ലാതല ന്യൂനപക്ഷ കോർഡിനേഷൻ കമ്മിറ്റികളിലെ അംഗങ്ങളിൽ ക്രൈസ്തവപ്രാതിനിധ്യം നാമമാത്രമായി ചുരുക്കിയത് നീതിപൂർവ്വമാണോ എന്ന് വിലയിരുത്തേണ്ടതും സർക്കാരാണ്.

**4. മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാരുടെ സംവരണം.**

സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് (ഇ.ഡബ്ല്യു.എസ്.) സർക്കാർ സർവീസിലും ഉന്നത വിദ്യാഭ്യാസരംഗത്തും 10 ശതമാനം സംവരണം എന്ന കേന്ദ്രനിയമം നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന മന്ത്രിസഭ കൈക്കൊണ്ട തീരുമാനത്തെ സിനഡ് സ്വാഗതം ചെയ്യുന്നു. സർക്കാർ സർവ്വീസുകളിൽ സംവരണേതര ക്രൈസ്തവ വിഭാഗങ്ങൾ പുറന്തള്ളപ്പെട്ടു കൊണ്ടിരിക്കുന്ന ഇപ്പോഴത്തെ അവസ്ഥയിൽ പ്രത്യാശയ്ക്ക് വക നൽകുന്ന നടപടിയാണിത്.

എന്നാൽ, സംവരണത്തിനു മാനദണ്ഡമായി കേന്ദ്രസർക്കാർ നിശ്ചയിച്ച ഭൂപരിധി സംസ്ഥാനസർക്കാർ പുനർനിർണ്ണയിച്ചത് അനീതിപരമാണെന്ന് സിനഡ് വിലയിരുത്തി. ഭൂപരിധി സംബന്ധിച്ച കേന്ദ്രമാനദണ്ഡമായ 5 ഏക്കറിൽ നിന്ന് 2.5 ഏക്കർ ആയി സംസ്ഥാന ഗവൺമെന്റ് കുറച്ചിരിക്കുകയാണ്. ഇതിനോടകം സാമ്പത്തിക സംവരണം നടപ്പിലാക്കിയ ഒരു സംസ്ഥാനവും കൃഷി ഭൂമിയുടെ അളവ് കേന്ദ്ര മാനദണ്ഡത്തിൽ നിന്ന് താഴ്ത്തി നിശ്ചയിച്ചിട്ടില്ല എന്നിരിക്കെ കേരളം മാത്രം ഭൂപരിധി വെട്ടിക്കുറച്ചത് സർക്കാർ പുന:പരിശോധിക്കേണ്ടതാണ്.

കെ.എ.എസ്. ഉൾപ്പടെ പി.എസ്.സി. ഇപ്പോൾ അപേക്ഷ ക്ഷണിച്ചിരിക്കുന്ന തസ്തികകൾക്കുകൂടി ബാധകമാകത്തക്ക വിധത്തിൽ മുൻകാലപ്രാബല്യത്തോടെ സംസ്ഥാനത്ത് 10 ശതമാനം ഇ.ഡബ്ലിയു.എസ്. സംവരണം നടപ്പിൽ വരുത്തുന്നതിനുള്ള തീരുമാനം ഉണ്ടാകണമെന്ന് സിനഡ് സംസ്ഥാനസർക്കാരിനോട് ആവശ്യപ്പെടുന്നു.

**5. ക്രൈസ്തവർക്കെതിരായ അക്രമങ്ങൾ**

ആഗോള തലത്തിൽ ക്രൈസ്തവർക്കെതിരേ വർദ്ധിച്ചുവരുന്ന പീഡനങ്ങളിൽ സിനഡു പിതാക്കന്മാർ ആശങ്ക രേഖപ്പെടുത്തി. ക്രിസ്തുമസ് നാളിൽ നൈജീരിയായിൽ നടന്ന ക്രിസ്ത്യൻ കൂട്ടക്കുരുതി മനുഷ്യ മനസ്സാക്ഷിയെ നടുക്കുന്നതായിരുന്നു. പ്രണയക്കുരുക്കിൽപെട്ട്

കേരളത്തിലും ഇതര സംസ്ഥാനങ്ങളിലും ക്രിസ്ത്യൻ പെൺകുട്ടികൾ കൊല്ലപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണേണ്ടതാണ്.
മതസൗഹാർദ്ദത്തെയും സാമൂഹിക സമാധാനത്തെയും അപകടപ്പെടുത്തുന്ന രീതിയിൽ ദുരുദ്ദേശപരമായ മതാന്തരപ്രണയങ്ങൾ കേരളത്തിൽ വർദ്ധിച്ചു വരുന്നത് ആശങ്കാജനകമാണ്. ക്രിസ്ത്യൻ പെൺകുട്ടികളെ ലക്ഷ്യമാക്കി ആസൂത്രിതമായ തോതിൽ ഇത്തരം നീക്കങ്ങൾ നടക്കുന്നു എന്നത് വസ്തുതയാണ്. കേരളത്തിൽ നിന്ന് ഐ.എസ്. ഭീകര സംഘടനയിലേക്ക് പോലും ക്രിസ്ത്യൻ പെൺകുട്ടികൾ റിക്രൂട്ട് ചെയ്യപ്പെട്ടു എന്നത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്.
മതങ്ങൾ തമ്മിലുള്ള സൗഹൃദത്തെ ബാധിക്കുന്ന തരത്തിൽ ഇത്തരം പ്രണയബന്ധങ്ങളെ ആരും മനസിലാക്കരുത്. ഈ വിഷയത്തെ മതപരമായി മനസ്സിലാക്കാതെ സമൂഹത്തെ ദോഷകരമായി ബാധിക്കുന്നക്രമസമാധാന പ്രശ്നമായോ ഭീകരവാദപ്രവർത്തനമായോ മനസ്സിലാക്കി നിയമപാലകർ സത്വര നടപടി എടുക്കണമെന്ന് സിനഡ് ആവശ്യപ്പെടുന്നു. ഈ വിഷയത്തിന്റെ അപകടങ്ങളെക്കുറിച്ച് രക്ഷകർത്താക്കളെയും കുട്ടികളെയും ഒരുപോലെ ബോധവൽക്കരിക്കാൻ ഉള്ള ശ്രമങ്ങൾ ആരംഭിക്കണമെന്നും സിനഡ് തീരുമാനിച്ചു.

**6. ആരാധനാക്രമം**

1989-ൽ നടപ്പിലാക്കിയ സീറോ മലബാർ കുർബാനക്രമത്തിന്റെ പരിഷ്കരണം സഭയുടെ ചിരകാല ആഗ്രഹമായിരുന്നു. നമ്മുടെ സഭയുടെ കുർബാനക്രമത്തിന്റെ നവീകരണത്തക്കുറിച്ച് സിനഡ് പിതാക്ക ാർ വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. വിവിധ രൂപതകളിൽനിന്നു ലഭിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ സഭയുടെ കേന്ദ്ര ലിറ്റർജി കമ്മീഷനും പ്രത്യേക ആരാധനക്രമ സമിതിയും വിശദമായി പഠിച്ചു തയ്യാറാക്കിയ പരിഷ്കരിച്ച കുർബാനക്രമമാണ് സിനഡിൽ ചർച്ച ചെയ്യപ്പെട്ടത്. പ്രാർത്ഥനയിലും പരിശുദ്ധാത്മാവിന്റെ ചൈതന്യത്തിലും വിശദമായ ചർച്ചകൾക്കും ആഴമായ വിചിന്തനങ്ങൾക്കുംശേഷം നമ്മുടെ കുർബാനയുടെ പരിഷ്കരിച്ച ക്രമം സിനഡ് പിതാക്കന്മാർ ഐകകണ്ഠ്യേന അംഗീകരിച്ചു. പരിഷ്കരിച്ച കുർബാനക്രമം പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. മാർപ്പാപ്പയുടെ അംഗീകാരത്തോടെ പരിഷ്കരിച്ച കുർബാനക്രമം നമ്മുടെ സഭയിൽ നടപ്പിൽ വരുന്നതാണ്.
വി. കുർബാനയുടെ അർപ്പണ രീതിയിലുള്ള ഏകീകരണം എന്ന ലക്ഷ്യത്തോടെ 1999 നവംബർ മാസത്തിലെ സിനഡിൽ

ഐകകണ്ഠ്യേന എടുത്ത തീരുമാനമാണ് സിനഡിന്റെ ഔദ്യോഗിക നിലപാട്. വിശുദ്ധ കുർബാന അർപ്പണ രീതിയിൽ ഐക്യം ഉണ്ടാകേണ്ടതിന്റെ ആവശ്യകത സിനഡ് ഊന്നി പറയുകയും ഐക്യത്തിലേയ്ക്ക് നീങ്ങാൻ എല്ലാവരെയും ആഹ്വാനം ചെയ്യുകയും ചെയ്തു. അൾത്താരയിലെ ഒരുമയാണ് സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനം എന്ന ബനഡിക്റ്റ് മാർപ്പാപ്പയുടെ ചിന്ത നമുക്ക് മാർഗ്ഗദർശനമാകട്ടെ. നാം ആശീർവദിക്കുന്ന പാനപാത്രവും നാം മുറിക്കുന്ന അപ്പവും നമ്മെ കർത്താവിന്റെ ശരീരമായ സഭയുടെ കൂട്ടായ്മയിൽ ഒരുമിപ്പിക്കുകയാണ് ചെയ്യുന്നത് (1 കോറി 10:16) എന്ന സത്യം നമുക്ക് വിസ്മരിക്കാതിരിക്കാം.

**7. നന്ദി, അഭിനന്ദനങ്ങൾ**

കാഞ്ഞിരപ്പള്ളി രൂപതയുടെ അദ്ധ്യക്ഷനായി 18 വർഷക്കാലം രൂപതയെ മാതൃകാപരമായി നയിച്ച അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് 75 വയസ്സ് പൂർത്തിയായതിനെ തുടർന്ന് രൂപതാ ഭരണത്തിൽ നിന്ന് വിരമിക്കുകയാണ്. പിതാവിന്റെ നിസ്തുലങ്ങളായ സേവനങ്ങളെയും ദീർഘവീക്ഷണത്തോടെയുള്ള നേതൃത്വത്തെയും സഭ മുഴുവനോടുമുള്ള കരുതലിനെയും ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. കാഞ്ഞിരപ്പള്ളി രൂപതയുടെ സഹായമെത്രാനായിരുന്ന മാർ ജോസ് പുളിക്കൽ പിതാവിനെയാണ് അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിന്റെ പിൻഗാമിയായി സിനഡ് തിരഞ്ഞെടുത്തിരിക്കുന്നത്. പുതിയ ദൗത്യത്തിൽ അഭിവന്ദ്യ പിതാവിനും കാഞ്ഞിരപ്പള്ളി രൂപതയ്ക്കും എല്ലാ നന്മകളും ആശംസിക്കുന്നു. പാലക്കാട് രൂപതയുടെ സഹായ മെത്രാനായി ഫാ. പീറ്റർ കൊച്ചുപുരയ്ക്കലിനെ സിനഡ് തിരഞ്ഞെടുത്തു. നിയുക്ത സഹായമെത്രാനും രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിനും പാലക്കാട് രൂപതയ്ക്കും എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു. 2019 ആഗസ്റ്റ് മാസത്തിലെ സിനഡിന്റെ തീരുമാനപ്രകാരം മേജർ ആർച്ചുബിഷപ്പിന്റെ വികാരിയായി എറണാകുളം-അങ്കമാലി അതിരൂപതയിൽ നിയമിതനായ ആർച്ചുബിഷപ്പ് മാർ ആന്റണി കരിയിൽ അതിരൂപതയുടെ ഇപ്പോഴത്തെ അജപാലനപ്രവർത്തനങ്ങളെക്കുറിച്ച് സിനഡിനെ അറിയിച്ചു. പിതാവ് അറിയിച്ച കാര്യങ്ങളെക്കുറിച്ച് സിനഡ് വിശദമായി ചർച്ച ചെയ്തു. മാർ ആന്റണി കരിയിൽ പിതാവ് അതിരൂപതയിൽ ചെയ്യുന്ന സേവനങ്ങളെയും അദ്ദേഹത്തിന്റെ അജപാലന ശൈലിയെയും സിനഡു പിതാക്കന്മാർ അഭിനന്ദിച്ചു.

**ഉപസംഹാരം**

നമ്മുടെ സഭയ്ക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി കർത്താവിന്റെ മനസിലുണ്ട് എന്ന് നമുക്ക് തിരിച്ചറിയാം (ജെറ 29 :11) നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യം നമുക്ക് കൂട്ടായിരിക്കട്ടെ.

സ്നേഹാശംസകളോടെ,



കർദിനാൾ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് ജനുവരി മാസം 15–ാം തീയതി നൽകപ്പെട്ടത്.

---

ഈ സർക്കുലർ 2020 ജനുവരി 19–ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ മലബാർ സഭയുടെ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരി

## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

ഫെബ്രുവരി 2020

2 : **ദനഹാ നാലാം ഞായർ**
: നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം
3 : മൂന്ന് നോമ്പ് ആരംഭം
4 : വി. ജോൺ ബ്രിട്ടോ
7 : *ആദ്യവെള്ളി*
: ഗ്രീക്കു സഭാപിതാക്കന്മാർ
9 : **ദനഹാ ആറാം ഞായർ**
11 : ലൂർദ്ദ്മാതാവ് (രോഗീദിനം)
14 : സുറിയാനി സഭാപിതാക്കന്മാർ
16 : **ദനഹാ ഏഴാം ഞായർ**
22 : വി. പൊളിക്കാർപ്പ്
23 : **നോമ്പ് ഒന്നാം ഞായർ**
24 : വിഭൂതി തിരുന്നാൾ
25 : വാ. സി. റാണി മരിയ

**2. ഫെബ്രുവരി മാസത്തെ പരിപാടികൾ**

| | | | |
|---|---|---|---|
| ഫെബ്രുവരി | 06 | : വൈദികരുടെ സ്ഥലമാറ്റം | |
| | 21 | : 10:30am | ആലോചനസമിതിയോഗം |
| | 25 | : 09:30am | വൈദിക മാസധ്യാനം |
| | 27 | : 09:30am | സ്ഥലം മാറിയ വൈദികരുടെ യോഗം |

**3. നോമ്പുകാലം**

ഈശോയുടെ പരസ്യജീവിതത്തിന്റെ അവാസനത്തിലാണല്ലോ രക്ഷാകരകർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവും ദനഹാക്കാലത്തിനും ഉയിർപ്പു തിരുനാളിനും ഇടയ്ക്കുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്നു.

ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസമാണ് 'വലിയ നോമ്പ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലത്തിന്റെ അടിസ്ഥാനം. എങ്കിലും നാം സാധാരണയായി 'അമ്പതുനോമ്പ്' എന്നാണ് ഈ കാലത്തെ വിളിക്കുക.
മാർത്തോമ്മാ ക്രിസ്ത്യാനികൾ 'പേത്തുർത്താ' ഞായർ മുതൽ ഉയിർപ്പു തിരുനാൾവരെ നോമ്പുനോക്കിയിരുന്നതാകാം 'അമ്പതുനോമ്പ്' എന്നു പറയാനുള്ള കാരണം. 'പേത്തുർത്താ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'അവസാനിപ്പിക്കൽ', 'തിരിഞ്ഞുനോക്കൽ' എന്നൊക്കെയാണ്. സുഭിക്ഷമായ ഭക്ഷണത്തിന്റെയും ആഘോഷങ്ങളുടെയും ദിനങ്ങളവസാനിച്ചു എന്നാണ് ഈ പദം കൊണ്ട് ഉദ്ദേശിക്കുന്നത്. മാമ്മോദീസ വഴി ദൈവമക്കളും പുതിയ മനുഷ്യരുമായിത്തീർന്ന നാം പാപം വഴി ദൈവത്തിൽ നിന്നകന്നു. മനുഷ്യന്റെ പാപവും അതിന്റെ അനന്തരഫലങ്ങളും അനുതാപത്തിന്റെയും മനഃപരിവർത്തനത്തിന്റെയും ആവശ്യകതയും അനുതപിക്കുന്ന പാപികളോട് ദൈവം കാണിക്കുന്ന അനന്തമായ സ്നേഹവും കാരുണ്യവും ഈശോമിശിഹായുടെ പീഡാനുഭവം, മരണം, സംസ്കാരം എന്നിവയും ഈ കാലത്തിലെ ചിന്താവിഷയങ്ങളാണ്. ദൈവവുമായും മനുഷ്യർ തമ്മിൽത്തമ്മിലും മനുഷ്യർ അനുരഞ്ജിതരാകേണ്ടതിന്റെ ആവശ്യകതയിലേക്കു നോമ്പുകാലം പ്രത്യേകമായി ശ്രദ്ധ തിരിക്കുന്നു. അതുകൊണ്ടാണ് ഈ അവസരത്തിൽ അനുരഞ്ജനകൂദാശ സ്വീകരിക്കാൻ സഭ വിശ്വാസികളെ പ്രേരിപ്പിക്കുക. പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വജീവിതം പിതാവിനു സമർപ്പിച്ച ഈശോയെപ്പോലെ നമ്മുടെ ദുരാശകളെ ഉന്മൂലനം ചെയ്ത്, തീഷ്ണത നിറഞ്ഞ പ്രാർത്ഥനയിലും ആത്മാർത്ഥതയുള്ള ഉപവാസത്തിലും ഔദാര്യപൂർവ്വകമായ ദാനധർമ്മപ്രവൃത്തികളിലും ഈ കാലം ചെലവഴിക്കണമെന്ന് സഭ നമ്മെ അനുസ്മരിപ്പിക്കുന്നു. മരണത്തെ പരാജയപ്പെടുത്തി ജീവിതത്തിലേക്കു പ്രവേശിച്ച ഈശോയെപ്പോലെ നമുക്കു പാപത്തിനു മരിച്ച് നിത്യജീവിതത്തിലേക്കു പ്രവേശിക്കാം.

**4. കാരുണ്യനിധി കവർ പിരിവ്:**

അതിരൂപതയുടെ കാരുണ്യപ്രവർത്തനങ്ങളെക്കുറിച്ചുള്ള അഭിവന്ദ്യപിതാവിന്റെ ക്രിസ്തുമസ്സ് കത്തും കാരുണ്യനിധിയിലേക്കുള്ള 2019ലെ സംഭാവന കവറുകളും എല്ലാ വീടുകളിലേക്കും എത്തിച്ചിട്ടുണ്ട്. പ്രസ്തുത കവർ പിരിവ് 2020 ജനുവരി 31ന് മുമ്പ് അതിരൂപത ഫിനാൻസ് ഓഫീസിൽ ഏല്പിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ.

**5. ദൈവദർശൻ ക്യാമ്പുകൾ:**

ഈ വർഷവും വേനലവധി കാലത്ത് അതിരൂപതാവൈദികവി

ദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഇടവകകളിൽ കുട്ടികൾക്കും യുവജനങ്ങൾക്കുമായി ദൈവദർശൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 5 മുതൽ എ.സി.സി. ഉൾപ്പെടെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളെയാണ് ക്യാമ്പുകളിൽ പ്രതീക്ഷിക്കുന്നത്. മൂന്നു ദിവസങ്ങളിലായാണ് ക്യാമ്പുകൾ നടക്കുന്നത്. ക്യാമ്പുകൾ യഥാക്രമം തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ആരംഭിക്കുകയും ബുധൻ, ശനി ദിവസങ്ങളിൽ അവസാനിക്കുകയും ചെയ്യും. 2020 ഏപ്രിൽ 2 മുതൽ മെയ് 2 വരെയാണ് (വിശുദ്ധ വാരം ഒഴികെ) ക്യാമ്പുകൾ ഇടവകകളിൽ നടത്താൻ സാധിക്കുക. ദൈവദർശൻ ക്യാമ്പ് നടത്താൻ ആഗ്രഹിക്കുന്ന ഇടവകകളിൽ ബഹു. അച്ചന്മാർ മൈനർ സെമിനാരി റെക്ടറച്ചനുമായി ബന്ധപ്പെടേണ്ടതാണ്.

**6. പാലയൂർ മഹാതീർത്ഥാടനം:**

2020 മാർച്ച് 29-നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ച്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും, ഫൊറോനകളുടേയും നേതൃത്വത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**7. വൈദികരുടെ നിയമനം:**

1. ഫാ. ഷൈജോ മഞ്ഞളി OFM.Cap. – ഡയറക്ടർ എസ്. എഫ്. ഒ.;സാധുത 2019 ഡിസംബർ 9 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

## മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ഫെബ്രുവരി മാസത്തെ പരിപാടികൾ

# FEBRUARY 2020

| Date | Day | Time | Description |
|---|---|---|---|
| 01 | Sat | Morning | Vestition at SD Convent Chunangumvelli |
| 02 | Sun | | Pastoral Visit at Nellikkunnu |
| 03 | Mon | Morning | Installation Ceremony of Bishop Jose Pulicken at Kanjirappilly |
| | | Evening | Permanent Synod |
| 04 | Tue | | Curia Meeting, Engaged |
| 05 | Wed | Morning | Centenary Celebration of Sacred Heart's School |
| 06 | Thu | | Transfer of Priests |
| 07 | Fri | Morning | Curia Meeting, For the People |
| 08 | Sat | Morning | FCC Golden Jubilee at Guruvayoor |
| | | Afternoon | Madhyvirudhasamithi Samsthana Sammelanam at DBCLC |
| | | Evening | Grotto Blessing at Kuriachira |
| 09 | Sun | | |
| 10 | Mon | Morning | Holy Mass at Minor Seminary, For Priests and Religious |
| 11 | Tue | Morning | Curia Meeting, Engaged |
| | | Evening | JMMC Trust Meet |

| | | | |
|---|---|---|---|
| 12 - 19 | | | CBCI - Bangalore |
| 20 | Thu | Morning | For Priests and Religious |
| 21 | Fri | Morning | Holy Mass at Ambaloor, Curia Meeting, Alochanasamithi Yogam |
| 22 | Sat | | Holy Mass & Message during Charismatic Leaders Meet at ABBA |
| 23 | Sun | | |
| 24 | Mon | | Ash Monday at Lourdes; For the People |
| 25 | Tue | Morning | Holy Mass at Marymatha Major Seminary, Curia Meeting, Monthly Recollection of Priests |
| 26 | Wed | | Engaged |
| 27 | Thu | | Meeting of Transferd Priests |
| 28 | Fri | Morning | Curia Meeting |
| 29 | Sat | | |



# മാർ ടോണി നീലങ്കാവിൽ പിതാവിന്റെ ഫെബ്രുവരി മാസത്തെ പരിപാടികൾ

## FEBRUARY 2020

| Date | Day | Time | Description |
|---|---|---|---|
| 1. | Sat | Morning | Family Apostolate - Youth Couple Training Programme |
| | | Evening | Mannuthy Don Bosco - Golden Jubilee |
| 2. | Sun | Morning | Mattam - Mass |
| 3. | Mon | Afternoon | Thrissur St Clares - Retirement |
| 4. | Tue | Morning | Curia Meeting<br>St. Thomas College - National Conferrence |
| | | Afternoon | Guruvayoor - Retirement |
| 5. | Wed | Evening | Koonamoochi - Retirement |
| 6. | Thu | Morning | Priests Transfer |
| 7. | Fri | Morning | Curia Meeting; For the Priests & Religious |
| | | Afternoon | Visitors Time |
| | | Evening | Pazhayannur LP School- Silver Jubilee |
| 8. | Sat | Morning | Olarikkara - Golden Jubilee<br>Navajyothi Province |
| | | Noon | DBCLC - Madhya Virudha Samithi State Meeting |
| 9 - 14 | | | Thuckly |
| 15 -20 | | | CBCI |

| | | | |
|---|---|---|---|
| 21. | Fri | Morning | Curia Meeting<br>Consultors Meeting |
| | | Afternoon | Visitors Time |
| | | Evening | Chittatukara - Convention |
| 22. | Sat | Morning | Marymatha - Mass |
| 23 | Sun | Evening | Eravimangalam - Mass |
| 24. | Mon | Morning | Minor Seminary - Mass;<br>For Priests and Religious |
| 25. | Tue | Morning | Monthly Recollection for Priests,<br>Aluva Seminary Commission |
| 26. | Wed | Morning | Aluva Seminary Commission |
| 27. | Thu | | Meeting of Transfered Priests |
| 28. | Fri | Morning | Amballur - Mass; Curia Meeting |
| | | Afternoon | Visitors Time |
| 29. | Sat | | |





# നാളാഗമം

## ഡിസംബർ 2019

1. അഭിവന്ദ്യ താഴത്ത് പിതാവ് പഴുവിൽ ഇടവകയിൽ സ്നേഹോത്സവം ഉദ്ഘാടനം ചെയ്തു. ചിറക്കൽ ഇടവക സന്ദർശിച്ചു. ഹേപ്പി ഡേയ്സിനോടനുബന്ധിച്ച് നടന്ന സിറ്റി ക്ലീനിംഗ് ഉദ്ഘാടനം ചെയ്തു. ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടന്ന ബധിര–മൂക അംഗങ്ങളുടെ ഫാമിലി മീറ്റിംഗിൽ സന്ദേശം നൽകി. തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ മറിയം ത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ചതിന്റെ കൃതജ്ഞതാബലിയിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സ്നേഹോത്സവത്തിന്റെ ഭാഗമായി മുളയത്ത് വി. ബലി അർപ്പിച്ചു. തുടർന്ന് എറവിൽ ബൈബിൾ വായനമാസം ഉദ്ഘാടനം ചെയ്തു. Deaf and Dumb സംഗമത്തിൽ ഫാമിലി അപ്പസ്തോലേറ്റിൽ പങ്കെടുത്തു. വൈകുന്നേരം നടത്തറയിൽ ദൈവശബ്ദം കൺവെൻഷനിൽ സമാപന സന്ദേശം നൽകി. തുടർന്ന് അയ്യന്തോളിൽ പാരിഷ് ബുള്ളറ്റിൻ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.
2. അഭിവന്ദ്യ താഴത്ത് പിതാവ് വീണ്ടശ്ശേരി ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. മേരിമാത മേജർ സെമിനാരിയിൽ

പറോക്കിന്റെ നേതൃത്വത്തിൽ വൈദികർക്കായി സംഘടിപ്പിച്ച പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു. സ്ലം സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ റെയിൽവേ സ്ലമ്മിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. വൈകിട്ട് കോമ്പാറ ബഹു. ജോർജ്ജച്ചന്റെ മാതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് മേരിമാതയിൽ വൈദികർക്കായി നടന്ന സൈക്കോളജി കോഴ്സിൽ പങ്കെടുത്തു.

3. അഭിവന്ദ്യ താഴത്ത് പിതാവ് പള്ളിക്കുന്ന് ഇടവകയിൽ ആറാമത്തേയും അഞ്ചാമത്തേയും നാലാമത്തേയും കുഞ്ഞുങ്ങൾക്ക് മാമ്മോദീസ നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കൃപാതീർത്ഥത്തിൽ വി.ബലി അർപ്പിച്ചു. മേരിമാതയിലെ സൈക്കോളജി കോഴ്സിൽ പങ്കെടുത്തു.

4–6. അഭിവന്ദ്യപിതാക്കന്മാർ കെ.സി.ബി.സി. – കെ.സി.സി. മീറ്റിംഗിൽ പങ്കെടുത്തു.

6. സ്നേഹോത്സവത്തിന്റെ സമാപനത്തോടനുബന്ധിച്ച് അഭിവന്ദ്യ താഴത്ത് പിതാവ് മുളയം ഇടവകയിലും അഭിവന്ദ്യ ടോണി പിതാവ് പഴുവിൽ ഇടവകയിലും വി. ബലി അർപ്പിച്ചു.

7. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ വിവാഹത്തിന്റെ രജതജൂബിലി ആഘോഷിക്കുന്നവരോടൊപ്പം വി. ബലിയർപ്പിച്ചു. വൈകിട്ട് കണ്ടശ്ശാംകടവ് ഫൊറോന കൺവെൻഷനിൽ വചന സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് ഇടുക്കിയിൽ Doctrinal Commissionൽ പങ്കെടുത്തു.

8. അഭിവന്ദ്യ താഴത്ത് പിതാവ് കാക്കശ്ശേരി ഇടവകയിൽ വി. ബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച ഗ്രോട്ടോ വെഞ്ചരിക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് ജീസസ് യൂത്ത് കുടുംബസംഗമത്തിൽ സന്ദേശം നൽകി. സെന്റ് മേരീസ് ഐ.ടി.സി.യുടെ ഗോൾഡൻ ജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകിട്ട് ചെമ്മണ്ണൂർ ഇടവകയിൽ വി. ബലിയർപ്പിക്കുകയും ഗോൾഡൻ ജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കൊട്ടേക്കാട് വി. ബലി അർപ്പിച്ചു. തുടർന്ന് ചാഴൂരിൽ പുതിയ ദേവാലയത്തിന്റെ ശിലാസ്ഥാപനം നടത്തി. അഭിവന്ദ്യ പിതാക്കന്മാർ ഉച്ച കഴിഞ്ഞ് കത്തോലിക്കാസഭ പത്രത്തിൽ പ്രൊമോട്ടേഴ്സ് മീറ്റിലും മണ്ണുത്തിയിലെ യൂത്ത് മീറ്റിലും പങ്കെടുത്തു.

9. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി.യിൽ പറോക്കിന്റെ നേതൃത്വത്തിൽ വൈദികർക്കായി സംഘടിപ്പിച്ച യൂത്ത്

അക്കമ്പനിമെന്റ് എന്ന പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു. പെരിങ്ങണ്ടൂർ പോപ് പോൾ മേഴ്സി ഹോമിൽ ബെക്കിംഗ് യൂണിറ്റ് ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. ആബാ ധ്യാനകേന്ദ്രത്തിൽ നടന്ന പ്രസംഗകർക്കുള്ള പരിശീലന പരിപാടിയിൽ സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വി. ബലി അർപ്പിച്ചു. തുടർന്ന് പറോക്കിലന്റെ ഡി.ബി.സി.എൽ. സി.യിൽ യുവവൈദികർക്കായി നടന്ന യൂത്ത് അക്കമ്പനിമെന്റ് കോഴ്സിൽ പങ്കെടുത്തു.

10. അഭിവന്ദ്യ താഴത്ത് പിതാവ് അന്തിക്കാട് ഇടവകയുടെ എൺപതാം വാർഷികാഘോഷത്തോട് അനുബന്ധിച്ച് വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് Youth Accompaniment കോഴ്സിൽ പങ്കെടുത്തു.

11. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് തോമസ് കോളേജ് ഹോം ഡേയിൽ അധ്യക്ഷത വഹിച്ചു. ബഹു. കണ്ണമ്പുഴ ആന്റണി അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സെന്റ് തോമസ് കോളേജിലെ Patrons Dayയോടനുബന്ധിച്ച ആഘോഷപരിപാടികളിൽ പങ്കെടുത്തു. വൈകുന്നേരം കോട്ടപ്പടിയിൽ നടന്ന കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം JMH ട്രസ്റ്റ് മീറ്റിങ്ങിലും പങ്കെടുത്തു.

12. അഭിവന്ദ്യ താഴത്ത് പിതാവിന്റെയും തൂങ്കുഴി പിതാവിന്റെയും ജന്മദിനാഘോഷം സെന്റ് മേരീസ് മൈനർ സെമിനാരിയിൽ നടത്തി. അഭിവന്ദ്യ താഴത്ത് പിതാവ് പെരിങ്ങോട്ടുകരയിൽ ഗ്വാദലുപ്പ മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി.ബലിയർപ്പിച്ചു. ആബാ ധ്യാനകേന്ദ്രത്തിൽ നടന്ന കൗൺസിലേഴ്സിനുള്ള പരിശീലനപരിപാടിയിൽ സന്ദേശം നൽകി. അഭിവന്ദ്യ പിതാക്കന്മാർ ദേവമാത സി.എം.ഐ. പബ്ലിക് സ്കൂളിൽ സിൽവർ ജൂബിലിയോടനുബന്ധിച്ച് ആശംസകളർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാതയിൽ ക്ലാസെടുത്തു. തുടർന്ന് കൺസൾട്ടേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു.

13. അഭിവന്ദ്യ താഴത്ത് പിതാവ് പെരിങ്ങണ്ടൂരിൽ പീസ് ഹോമിൽ വി.ബലിയർപ്പിച്ചു. അഭിവന്ദ്യ താഴത്ത് പിതാവിന്റെ ജന്മദിനവും അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ നവതിയും വൈദികരുടെ നേതൃത്വത്തിൽ ഡി.ബി.സി.എൽ.സി.യിലും അമ്മായരുടെ നേതൃത്വത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലും

ആഘോഷിച്ചു. വൈകിട്ട് മേഴ്സി ഹോമിലെ മക്കളോടൊപ്പം ജന്മദിനം ആഘോഷിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആമ്പല്ലൂരിൽ വിവാഹ കോഴ്സിൽ പങ്കെടുക്കുന്നവർക്കായി വി. ബലി അർപ്പിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് അതിരൂപതയിൽ വിവാഹത്തിന്റെ സുവർണ്ണ ജൂബിലിയാഘോഷിക്കുന്നവരോടൊപ്പം വി. ബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് ഷെയ്ൻസ്റ്റാട്ട് അക്കാദമിയുടെ പുതിയ കെട്ടിടം വെഞ്ചരിച്ചു. വൈകിട്ട് തിരൂർ സാന്തോം സ്ക്വയർ ഓഡിറ്റോറിയം വെഞ്ചരിച്ച് ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ബസിലിക്കയിൽ അതിരൂപത ഗായകസംഘത്തിന്റെ നേതൃത്വത്തിൽ നടത്തിയ വി.സിസിലിയുടെ തിരുനാളാഘോഷവും കരോൾ ഗാനമത്സരവും ഉദ്ഘാടനം ചെയ്തു. മൈനർ സെമിനാരിയിൽ നടന്ന ലോഫ് സംഘടനയുടെ ക്രിസ്തുമസ്സ് ആഘോഷത്തിൽ സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ്  സെന്റ് തോമസ് കോളേജ് അദ്ധ്യാപകർക്കായുള്ള ട്രെയിനിംഗ് പരിപാടിയിൽ പങ്കെടുത്തു. വൈകുന്നേരം മരിയാപുരം ഇടവകയിൽ ഇടയസന്ദർശനം ആരംഭിച്ചു.

15. അഭിവന്ദ്യ താഴത്ത് പിതാവ് വലക്കാവ് ഇടവകയിലും അഭിവന്ദ്യ ടോണി പിതാവ് മരിയാപുരം ഇടവകയിലും ഇടയസന്ദർശനം നടത്തി.

16. അഭിവന്ദ്യപിതാക്കന്മാർ വൈദികസമിതിയോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ഇടയസന്ദർശനത്തിന്റെ ഭാഗമായി രോഗിസന്ദർശനം നടത്തി. വൈകുന്നേരം പൂങ്കുന്നത്ത് ഇന്റർറിലീജിയസ് മീറ്റിങ്ങ് ഉദ്ഘാടനം ചെയ്തു. തുടർന്ന് സെന്റ് തോമസ് കോളേജ് ഹോസ്റ്റലിലെ ക്രിസ്മസ് ആഘോഷത്തിൽ പങ്കുചേർന്നു.

17. അഭിവന്ദ്യ ടോണി പിതാവ് വളപ്പായ ഇടവക പണിത പുതിയ രണ്ട് ഭവനങ്ങളുടെ വെഞ്ചരിപ്പു കർമ്മം നടത്തി. തുടർന്ന് മേരിമാതയിൽ ക്ലാസെടുത്തു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിലെ സ്റ്റാഫ് മീറ്റിങ്ങിൽ പങ്കെടുത്തു.

18. അഭിവന്ദ്യ താഴത്ത് പിതാവ് ബൊാൻ നത്താലെയോടനുബന്ധിച്ച് നടത്തിയ പ്രസ്സ് മീറ്റിൽ പങ്കെടുത്തു. വൈകിട്ട് അരണാട്ടുകര അഭിഷേകാഗ്നി കൺവെൻഷൻ ഉദ്ഘാടനം ചെയ്തു, വചന സന്ദേശം നൽകി.അഭിവന്ദ്യ ടോണി പിതാവ് മേരിമാതയിൽ ക്ലാസെടുത്തു. വൈകുന്നേരം മണലൂരിൽ നടന്ന കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

19. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ മാർ ജോൺ മേനാച്ചേരിയുടെ ചരമശതാബ്ദിയോടനുബന്ധിച്ച് വി. ബലി യർപ്പിച്ചു. അഖില കേരള എഴുത്തച്ഛൻ സമാജം തുഞ്ചത്ത് എഴുത്തച്ഛൻ സമാധിദിനാചരണത്തിൽ ആശംസയർപ്പിച്ചു. അഭിവന്ദ്യ പിതാക്കന്മാർ ഉച്ചതിരിഞ്ഞ് സെന്റ് തോമസ് കോളേജിൽ മാർ ജോൺ മേനാച്ചേരിയുടെ അനുസ്മരണയോഗത്തിലും ശശി തരൂർ പങ്കെടുത്ത *കോൺക്ലേവ് ഓൺ ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷ നിലും* ലും പങ്കെടുത്തു. വൈകിട്ട് ശക്തൻ നഗറിലെ ബൊൻ നത്താലെ എക്സിബിഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ലൂർദിൽ വി. ബലി അർപ്പിച്ചു. തുടർന്ന് മേരിമാത യിൽ ക്ലാസെടുത്തു. കാച്ചേരിയിൽ നടന്ന നേഴ്സിങ്ങ് വിദ്യാർത്ഥി കളുടെ കോൺവൊക്കേഷനിൽ പങ്കെടുത്തു.

20. അഭിവന്ദ്യ താഴത്ത് പിതാവ് ജൂബിലി മിഷൻ ആശുപത്രിയിലെ ഉപദേശകസമിതി യോഗത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് *ജ്യോതി സെന്റർ ഫോർ റിസർച്ച് & ഡവലപ്മെന്റ്* ന്റെ ഉദ്ഘാടനം നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് ചെങ്ങാലൂരിൽ നാലാ മത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം P. O. C. യിൽ നടന്ന കോൺവെക്കേഷൻ സെർമണി യിലും പങ്കെടുത്തു. അഭിവന്ദ്യ പിതാക്കന്മാർ ലൂർദ്ദ് കത്തീഡ്രലിൽ നടന്ന ഒലക്കേങ്കിൽ ബഹു. ലോറൻസ് അച്ചന്റെ ജൂബിലിയാ ഘോഷത്തിൽ ആശംസകളർപ്പിച്ചു.

21. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി.യിൽ അതിരൂപത പ്രതിഭാപരിശീലനത്തിനായെത്തിയ കുട്ടികളുമായി സംവദിച്ചു. ഡി.ബി.സി.എൽ.സി.യിൽ നടന്ന സി.ആർ.ഐ. മീറ്റിംഗിൽ സന്ദേശം നൽകി. വൈകിട്ട് ജീസസ് യൂത്ത് കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിനായി ബിഷപ്സ് ഹൗസിൽ വന്നവരുമായി സംസാരിച്ചു. അഭിവന്ദ്യ പിതാക്കന്മാർ പുതുക്കാട് നടന്ന ബർണാഡ് തട്ടിലച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

22. അഭിവന്ദ്യ താഴത്ത് പിതാവ് പുതുക്കിയ സെന്റ് ആൻസ് ഇടവക ദൈവാലയം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് പുത്തൂർ ഇടവകയിൽ നടന്ന കെ.എൽ.എം.ന്റെ ഡയമണ്ട് ജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്തു. ബിഷപ്സ് ഹൗസിൽ നടന്ന ബൊൻ നത്താലെ വളണ്ടിയേഴ്സ് മീറ്റിംഗിൽ സന്ദേശം നൽകി. ലൂർദ്ദ് കത്തീഡ്രലിൽ നടന്ന സീനിയർ സി.എൽ.സി. ഫാമിലി മീറ്റ് ഉദ്ഘാടനം ചെയ്തു. വൈകിട്ട് പെരിങ്ങണ്ടൂർ പീസ് ഹോമിൽ ഹോം ഡേ ഉദ്ഘാടനം ചെയ്തു. അത്താണി ഇടവകയിൽ

കൺവെൻഷൻ സമാപനസന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുല്ലംകണ്ടത്ത് വി. ബലി അർപ്പിച്ചു. ഉച്ചയ്ക്ക് ഫാമിലി അപ്പസ്തോലേറ്റിൽ ദമ്പതികൾക്കായി നടന്ന Ongoing Formationൽ പങ്കെടുത്തു. വൈകുന്നേരം പടിഞ്ഞാറെ കോട്ടയിൽ ദേവാലയ വെഞ്ചരിപ്പിനോടനുബന്ധിച്ചുള്ള പൊതുയോഗത്തിൽ പങ്കെടുത്തു.

23. അഭിവന്ദ്യ പിതാക്കന്മാർ ബിഷപ്പ് ഹൗസിലെ ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് പടിഞ്ഞാറെകോട്ട മെന്റൽ ഹോസ്പിറ്റലിൽ കരുണയുടെ ദൂതന്മാർ സംഘടിപ്പിച്ച ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം നെല്ലിക്കുന്ന് നാലമത്തെ കുഞ്ഞിന്റെ മാമ്മോദീസക്ക് കാർമ്മികത്വം വഹിച്ചു.

24. അഭിവന്ദ്യ താഴത്ത് പിതാവ് മഡോണ നഗർ ഇടവകയിൽ വി. ബലിയർപ്പിച്ച് ക്രിസ്തുമസ്സിനോടനുബന്ധിച്ച് നിർമ്മിച്ച കാരുണ്യഭവനം വെഞ്ചരിച്ചു.

25. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലും അഭിവന്ദ്യ ടോണി പിതാവ് ബസിലിക്ക ദൈവാലയത്തിലും ക്രിസ്തുമസ്സ് തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

26. അഭിവന്ദ്യ താഴത്ത് പിതാവ് പടവരാട് ഇടവകയിൽ ഡീ. ട്രെജിൻ തട്ടിലിന് തിരുപട്ടം നൽകി. ബൊൻ നത്താലെയോടനുബന്ധിച്ച് ഡി.ബി.സി.എൽ.സി.യിൽ നടന്ന *അഗതികളോടൊപ്പം* എന്ന ചടങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വരാക്കരയിൽ ഡീ. സെബി വെളിയനും ഉച്ചകഴിഞ്ഞ് വേലൂപ്പാടത്ത് ഡീ.ഡെബിൻ തെക്കയിലിനും തിരുപ്പട്ടം നൽകി.

27. അഭിവന്ദ്യ താഴത്ത് പിതാവ് മണലൂർ കിഴക്ക് ഇടവകയിൽ ഡീ.ഷിജോ പള്ളിക്കുന്നത്തിന് തിരുപട്ടം നൽകി. വൈകിട്ട് അഭിവന്ദ്യപിതാക്കന്മാർ തൃശ്ശൂർ അതിരൂപതയും പൗരാവലിയും ചേർന്നൊരുക്കിയ ബൊൻ നത്താലെ 2019 ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മുണ്ടൂരിൽ ഡീ.ലിവിൻ ചൂണ്ടലിന് തിരുപ്പട്ടം നൽകി.

28. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തിരൂർ ഇടവകയിൽ ഡീ. മേജോ മങ്ങാട്ടിലയൻ, ഡീ. അൻവിൻ ചിറ്റിലപ്പിള്ളി, ഡീ. റോജർ തരകൻ എന്നിവർക്കും ഉച്ചകഴിഞ്ഞ് കല്ലൂർ പടിഞ്ഞാറ് ഇടവകയിൽ ഡീ. ഗ്ലാഡ്രിൻ വട്ടക്കുഴിക്കും തിരുപട്ടം നൽകി. എരുമപ്പെട്ടിയിൽ നടന്ന മുരിങ്ങാത്തേരി ബഹു. ജോസഫച്ചന്റെ സിൽവർ

ജൂബിലിയാഘോഷങ്ങളിൽ ആശംസകൾ നേർന്നു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചേറൂരിൽ ഡീ. സന്തോഷ് അന്തിക്കാട്ടിനും ഉച്ചകഴിഞ്ഞ് വടൂക്കരയിൽ ഡീ. ജിജോ മാളിയേക്കലിനും തിരുപ്പട്ടം നൽകി. വൈകുന്നേരം ബ്രഹ്മകുളത്ത് നവതി സമാപന യോഗത്തിൽ പങ്കെടുത്തു.

29. അഭിവന്ദ്യ താഴത്ത് പിതാവ് കൊഴുക്കുള്ളി ഇടവകയിൽ ഡീ. കിരൺ അറങ്ങാശ്ശേരി, ഡീ. തോബിത് ചിറയത്ത്, ഡീ. ജിജോ പള്ളിക്കുന്നത്ത് എന്നിവർക്ക് തിരുപട്ടം നൽകി. വൈകിട്ട് വേലൂപ്പാടം ഇടവകയുടെ നവതി ആഘോഷങ്ങളുടെ സമാപനയോഗവും മരിയാപുരം ഇടവകയിലെ സി.എൽ.സി. സിൽവർ ജൂബിലി ആഘോഷവും ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ നെല്ലിക്കുന്ന് തിരുനാളിനോടനുബന്ധിച്ച് കൊടിയേറ്റം നടത്തി. DBCLCയിൽ നടന്ന ലോഫിന്റെ La Familia ഉദ്ഘാടനം ചെയ്തു. വൈകുന്നേരം വാകയിൽ സിൽവർ ജൂബിലിയോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു.

30. അഭിവന്ദ്യ താഴത്ത് പിതാവ് ചിയ്യാരം സേവനാലയം ഇടവകയിൽ ഡീ. യേശുദാസ് നെടുമ്പാക്കാരനും പാലക്കൽ ഇടവകയിൽ ഡീ. അജിത്ത് കൊള്ളന്നൂരിനും തിരുപട്ടം നൽകി. വൈകിട്ട് ശാന്തി ഭവൻ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ മൂന്നാം വാർഷികത്തിൽ പറവട്ടാനി സെന്ററിന്റെ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മരത്താക്കരയിൽ ഡീ. ഷിന്റോ മാറോക്കിക്കും ഉച്ചകഴിഞ്ഞ് പുറനാട്ടുകരയിൽ ഡീ. ജോസഫ് ചിറ്റിലപ്പിള്ളിക്കും തിരുപ്പട്ടം നൽകി.

31. അഭിവന്ദ്യ താഴത്ത് പിതാവ് തലോർ ഇടവകയിൽ ഡീ. മേജോ ചക്കുംപീടികയ്ക്കും പാറന്നൂർ ഇടവകയിൽ ഡീ. ഫെബിൻ ചിറയത്തിനും തിരുപട്ടം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കണ്ണാറയിൽ ഡീ. അനു ചാലിലിനും ഉച്ചകഴിഞ്ഞ് വെണ്ടൂരിൽ ഡീ. ബെൻജോ SDVക്കും തിരുപ്പട്ടം നൽകി.



## നാമകരണനടപടികൾ



# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനെച്ചൻ

ജനുവരി മാസത്തിലെ രണ്ടാം ശനി ഓർമ്മയാചരണത്തിന് നേതൃത്വം നൽകിയത് ഇരിങ്ങാലക്കുട രൂപതയിലെ നവചൈതന്യ ഡീ–അഡിക്ഷൻ സെന്റർ ഡയറക്ടർ ഫാ. പോളി കണ്ണൂക്കാടൻ ആണ്. മുരിങ്ങൂർ ചാരിറ്റി കോൺവെന്റിലെ സഹോദരിമാരും ഇടവകജനങ്ങളും സന്നിഹിതരായിരുന്നു. ആഴമായ ദൈവസ്നേഹത്തിൽ നിന്ന് ഉരുത്തിരിഞ്ഞ പരസ്നേഹം തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കിയ ഊക്കനച്ചനായിരുന്നു വചനസന്ദേശത്തിലെ പ്രധാന പ്രതിപാദ്യം. ദൈവസ്നേഹത്തിന്റെ ആഴം സ്വന്തം ജീവിതത്തിലും, അതിലുപരി മറ്റുള്ളവർക്കും പകർന്നുകൊടുത്ത് പാപികളേയും പാവപ്പെട്ടവരേയും ആരുമില്ലാത്തവരേയും ചേർത്തുപിടിച്ച് ഏവർക്കും അനുഗ്രഹമായ് മാറിയ ഊക്കനച്ചൻ.

ദൈവസ്നേഹത്തിൽ നിലനിൽക്കാനാവാത്തതിന്റെ പ്രധാനകാരണം ലോകമോഹങ്ങളുടെ പുറകെയുള്ള പരക്കം പാച്ചിലാണെന്ന് അച്ചൻ ഓർമ്മപ്പെടുത്തി.

1. ക്രൈസ്തവആദർശങ്ങളിൽ അടിയുറച്ച ബോദ്ധ്യം
2. ഈ ജീവിതം ഇവിടെ തീരാനുള്ളതല്ല എന്ന ബോദ്ധ്യം
3. നല്ല കൃത്യനിഷ്ടയുള്ള ജീവിതം
4. ദൈവത്തിന്റെ പരിപാലനയിൽ അടിയുറച്ച ആഴമായ ബോദ്ധ്യം. ഈ 4 കാര്യങ്ങൾ ഉണ്ടെങ്കിൽ ലോകത്തിന്റ ഏത് പ്രേരണയെയും ചെറുക്കാൻ സാധിക്കും. ജോണച്ചന് അത് സാധിച്ചു. ലോകത്തിന്റെ സുഖസൗകര്യങ്ങൾ, വർണ്ണക്കാഴ്ചകൾ ഇവ മൂലം കൂടെയുള്ള ദൈവത്തെ തിരിച്ചറിയാതെ പോകുന്ന നമുക്ക് കൂടെയുള്ള ദൈവത്തെ ആഴമായ് അനുഭവിച്ചറിഞ്ഞ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ മാധ്യസ്ഥം പ്രാർത്ഥിക്കാം.

ചൊവ്വന്നൂർ പള്ളി വികാരി ഫാ. അനീഷ് നെല്ലിക്കൽ ഹൃദ്യമായ സ്വാഗതം ആശംസിച്ച് ആരംഭിച്ച രണ്ടാം ശനി ഓർമയാചരണം വികാരിയച്ചന്റെ അകം നിറഞ്ഞ നന്ദി പ്രകാശനത്തോടെ സമാപിച്ചു. ധാരാളം പേർ പങ്കെടുത്ത് അനുഗ്രഹം നേടി.

## നാമകരണനടപടികൾ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

പാപത്തിന്റെ ഒരു കണിക പോലും ഇല്ലാതെ വളർന്ന പരി. കന്യകാമറിയം. വിശുദ്ധരായ മാതാപിതാക്കളിൽനിന്ന് ജന്മമെടുത്ത റോസാപുഷ്പം. എന്നും വിശുദ്ധയായി തന്നെ ജീവിച്ചു. ഇടവിടാതെ പ്രാർത്ഥിച്ചും സ്തുതിച്ചും ജീവിതം ക്രമീകരിച്ച പരി. മറിയം ദൈവസ്വരത്തിന് ഇതാ ഞാൻ, കർത്താവിന്റെ ദാസി എന്ന് പറഞ്ഞവൾ. വരുംവരായ്കകൾ ഒന്നും തന്നെ ചിന്തിച്ചില്ല. അതെ, പരിശുദ്ധാത്മാവ് നിറയുമ്പോൾ അങ്ങനെയാണല്ലോ. കർത്താവിന്റെ ദാസിക്ക് കർത്താവിന്റെ ഹിതം നിറവേറ്റിയേ പറ്റൂ.

പരിശുദ്ധാത്മാവ് ഒരു വ്യക്തിയിൽ നിറയുമ്പോൾ ആ വ്യക്തിയിൽ ധാരാളം നന്മകളും കൃപകളും നിറയ്ക്കുന്നു. പരിശുദ്ധാത്മാവ് നിറഞ്ഞ പരി. മറിയം തിടുക്കത്തിൽ ഗർഭിണിയായ തന്റെ ഇളയമ്മയെ സന്ദർശിക്കാനും ശുശ്രൂഷിക്കാനുമായി പോകുന്നത് ലൂക്കാ 1:30–ൽ കാണാം. പരി. അമ്മയുടെ അഭിവാദനസ്വരം കേട്ടപ്പോൾ തന്നെ എലിസബത്തിന്റെ ഉദരത്തിലെ ശിശു സന്തോഷം കൊണ്ട് കുതിച്ചു ചാടി. അങ്ങനെ എലിസബത്തും പരിശുദ്ധാത്മാവ് നിറഞ്ഞവളായി (ലൂക്കാ 1:41).

പരിശുദ്ധാത്മാവ് നിറഞ്ഞ ജീവിതം നയിക്കുന്ന വ്യക്തിയെ കുടുംബം, ഇടവക, സമൂഹം തുടങ്ങി എല്ലാ മേഖലകളിലും ഉള്ളവർക്ക് ഇഷ്ടമാകും. ഇവരുടെ പ്രവർത്തനങ്ങൾ അഭിഷേകം നിറഞ്ഞതായിത്തീരുന്നു. പരി. മറിയം തന്റെ ഉദരം ഈശോയ്ക്ക് വസിക്കാൻ ഒരു ദിവ്യ സക്രാരിയായൊരുക്കിയതുപോലെ നമുക്കും നമ്മുടെ ഈശോയ്ക്ക് വസിക്കാൻ നമ്മുടെ ഹൃദയവും മനസ്സും ഒരുക്കാം. നിരന്തരമായ പ്രാർത്ഥനയും സ്തുതിയും നമ്മെ ദൈവാത്മാവിനാൽ ജ്വലിപ്പിക്കട്ടെ. ഫിലി 4:8–ൽ പറ

യുന്ന പോലെ അപ്പോൾ നമ്മുടെ എല്ലാ ധാരണയേയും അതിശയിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും ചിന്തകളേയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും. പരി. അമ്മയുടെ മാദ്ധ്യസ്ഥം തേടി നമുക്ക് പ്രാർത്ഥിക്കാം. പരിശുദ്ധാത്മാവിന്റെ മണവാട്ടിയായ പരി. അമ്മേ, ഞങ്ങളിൽ പരിശുദ്ധാത്മാവ് നിറയുന്നതിനു വേണ്ടി പ്രാർത്ഥിക്കണമേ. സ്വർഗ്ഗവും ഭൂമിയും കൂട്ടിയിണക്കുന്ന പരി. അമ്മേ, നാരകീയ ശത്രുക്കളിൽ നിന്ന് ഞങ്ങളെ എപ്പോഴും കാത്തുകൊള്ളണമേ. ധാരാളം ഭക്തജനങ്ങൾ ബഹു. സജീവ് ഇമ്മട്ടിയച്ചൻ അർപ്പിച്ച വി. കുർബ്ബാനയിലും തുടർന്ന് അച്ചൻ നയിച്ച ആരാധനയിലും മറ്റ് തിരുക്കർമ്മങ്ങളിലും പങ്കെടുത്ത് ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിച്ചു. തുടർന്നുള്ള ഊട്ട് നേർച്ചയിലും ധാരാളം പേർ പങ്കെടുത്തു.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ





# സാമ്പത്തിക കാര്യാലയം

**1. കുർബ്ബാന വീഞ്ഞ്**

നാളിതുവരെ അതിരൂപതയിൽ നിന്ന് ഇടവകളിലേക്കും സന്യാസ സമൂഹങ്ങൾക്കും സ്ഥാപനങ്ങളിലേക്കും വീഞ്ഞ് കൊണ്ടു പോയിരുന്നത് പ്ലാസ്റ്റിക് കാരിബാഗുകൾ ഉപയോഗിച്ചാണ്, എന്നാൽ 2020 ജനുവരി ഒന്ന് മുതൽ പ്ലാസ്റ്റിക് കാരിബാഗുകൾ നിരോധിച്ചിരിക്കുകയാണ്. അതുകൊണ്ട് ദയവായി ഇനി മുതൽ കുർബ്ബാന വീഞ്ഞിന് വരുമ്പോൾ തുണി സഞ്ചിയോ പേപ്പർ ബാഗുകളോ ആവശ്യമെങ്കിൽ കൊണ്ടുവരേണ്ട താണ്.

**2. അതിരൂപത സഹായ ഫണ്ട്**

1. ചികിത്സ – 71000

**3. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ഭവന നിർമ്മാണം – 110000

**4. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

| | | | |
|---|---|---|---|
| 1. ആറ്റുപ്പുറം | – 7500 | 2. ഭരത | – 7500 |
| 3. ചേരുംകുഴി | – 7500 | 4. ചിറ്റിശ്ശേരി | – 7500 |
| 5. ചേറ്റുപ്പുഴ | – 7500 | 6. എളവള്ളി | – 10000 |
| 7. പടവരാട് | – 7500 | 8. പേരകം | – 7500 |
| 9. പുതുരുത്തി | – 7500 | 10. പെരിഞ്ചേരി | – 7500 |
| 11. പുതുക്കാട് നോർത്ത് | – 7500 | 12. നെല്ലങ്കര | – 7500 |
| 13. മാടക്കത്തറ | – 7500 | 14. തൊയ്ക്കാവ് | – 7500 |
| 15. വേലൂപ്പാടം | – 7500 | 16. വരടിയം | – 7500 |

**5. സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ**

1. ചൊവ്വന്നൂർ–50000, 2. പൂമല – 49897, 3. വെള്ളാനിക്കോട്–100000
4. പുലാപ്പറ്റ (പാലക്കാട്) – 25000

**6. കാരുണ്യ ട്രസ്റ്റ്**

1. വിവാഹം – 75000, 2. ചികിത്സ – 15600, 3. വിദ്യാഭ്യാസം – 5000

**ഫാ. ഡിറ്റോ കൂള**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. ജോയ് മൂക്കൻ**
ഫിനാൻസ് ഓഫീസർ




# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ.തോമസ് ചക്കുംപീടിക | 01 |
| ഫാ.ആന്റണി കുരുതുകുളങ്ങര | 02 |
| ഫാ.ജോൺസൻ പുലിക്കോട്ടിൽ | 02 |
| ഫാ.ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ.തോമസ് വടക്കൂട്ട് | 03 |
| ഫാ.ജോൺസൻ ആച്ചാണ്ടി | 07 |
| ഫാ.ജോസഫ് വടക്കേത്തല | 08 |
| ഫാ.സിജു പുളിക്കൻ | 09 |
| ഫാ.നോബിൾ പെട്ടയിൽ | 10 |
| ഫാ.ഫ്രാൻസിസ് മുട്ടത്ത് | 11 |
| ഫാ.ഷോൺസൻ ആക്കാമറ്റത്തിൽ | 12 |
| ഫാ.ഫ്രാൻസിസ് തലക്കോട്ടൂർ | 12 |
| ഫാ.ജോവി കുണ്ടുകുളങ്ങര | 13 |
| ഫാ.ജോർജ്ജ് വടക്കേത്തല | 13 |
| ഫാ.സാജൻ വടക്കൻ | 13 |
| ഫാ.സിറിയക് ചാലിശ്ശേരി | 14 |
| ഫാ.പോൾ ആലപ്പാട്ട് | 14 |
| ഫാ.ഡേവിസ് പുലിക്കോട്ടിൽ | 15 |
| ഫാ.പോൾ അറക്കൽ | 16 |
| ഫാ.സജീവ് ഇമ്മട്ടി | 17 |
| ഫാ.വർഗ്ഗീസ് കൂത്തൂർ | 19 |
| ഫാ.ജേക്കബ് തച്ചറാട്ടിൽ | 19 |
| ഫാ.അജിത്ത് കൊള്ളന്നൂർ | 19 |
| ഫാ.ബാസ്റ്റിൻ ആലപ്പാട്ട് | 21 |
| ഫാ.പ്രദീപ് മാപ്രാണത്തുക്കാരൻ | 21 |
| ഫാ.നിക്കോളസ് പൊറത്തൂർ | 21 |
| ഫാ.ജോയ് പുത്തൂർ | 22 |
| ഫാ.സിജോ മുരിങ്ങാത്തേരി | 25 |
| ഫാ.അനു ചാലിൽ | 27 |
| ഫാ.ജോജോ എടത്തിരുത്തി | 28 |

## നാമഹേതുകതിരുനാൾ

ഫാ. കുണ്ടുകുളങ്ങര ജോവി 02

### ചരമദിനങ്ങൾ

| | |
|---|---|
| ഫാ. കോട്ടക്കൽ പൗലോസ് | 20.02.1892 |
| ഫാ. ചിറമ്മൽ മാത്യു | 02.02.1913 |
| ഫാ. ചക്കാലമറ്റം ആന്റണി | 18.02.1928 |
| ഫാ. മാളിയേക്കൽ ജോസഫ് | 06.02.1950 |
| ഫാ. കൈയാലക്കം ജോസഫ് | 03.02.1951 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് | 23.02.1952 |
| ഫാ. കന്നുംകോടത്ത് ആന്റണി | 12.02.1958 |
| ഫാ. അക്കര ജോർജ്ജ് | 21.02.1959 |
| ഫാ. അക്കര ആന്റണി | 07.02.1971 |
| ഫാ. പുല്ലോക്കാരൻ ആന്റണി | 08.02.1972 |
| ഫാ. എളംകുന്നപ്പുഴ ജോർജ്ജ് | 22.02.1976 |
| ഫാ. ചിറയത്ത് ജോൺ | 17.02.1982 |
| ഫാ. കള്ളിയത്ത് ജോസഫ് | 02.02.1983 |
| ഫാ. എളംകുന്നപ്പുഴ ജോസഫ് | 12.02.1992 |
| ഫാ. അക്കരപ്പറ്റി ജോൺ | 16.02.1999 |
| ഫാ. വേഴപ്പറമ്പിൽ ജോസ് | 28.02.2006 |
| ഫാ. മേച്ചരി പോൾ | 12.02.2011 |
| ഫാ. ജോർജ്ജ് മഞ്ഞളി | 07.02.2014 |
| ഫാ. ആന്റണി ചെറയത്ത് | 19.02.2015 |



# ■ സന്യസ്തർ

## സി. ആർ. ഐ. വാർത്തകൾ – ഡിസംബർ 2019

### 1. സി.എം.സി.

തൃശ്ശൂർ സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് തിരുസഭാ പ്രബോധനങ്ങൾക്ക് ഒരാമുഖം എന്ന വിഷയത്തെ സംബന്ധിച്ച് ഫാ. ജെയിംസ് ആലക്കുഴിയിൽ നയിച്ച ക്ലാസ്സിൽ നൂറിൽപരം സിസ്റ്റേഴ്സ് പങ്കെടുത്തു. ഫിനാൻസ് സെക്രട്ടറിമാരുടെ ഒരു അർദ്ധദിന സെമിനാർ 10 ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. 40 സിസ്റ്റേഴ്സ് ഇതിൽ പങ്കെടുത്തു. Carmel Evangelisation Team ന്റെ നേതൃത്വത്തിൽ കോലഴിയിൽ വച്ച് നടത്തിയ ഏഴ് ദിവസത്തെ വചനപ്രഘോഷണ പരിശീലന കളരിയിൽ കേരളത്തിലെ 8 പ്രോവിൻസുകളിൽ നിന്നുമായി 51 aspirants സംബന്ധിച്ചു. മദർ ജനറൽ സി.സിബി കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ 26 മുതൽ 5 ദിവസങ്ങളിലായി നടത്തിയ കാനോനിക സന്ദർശനം സിസ്റ്റേഴ്സിന്റെ ആത്മീയ ഉണർവിനും നവീകരണത്തിനും കാരണമായി. ഒപ്പം തന്നെ എല്ലാ ലോക്കൽ സുപ്പീരിയേഴ്സിനേയും കണ്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

### 2. എഫ്.സി.സി.

ഡിസംബർ 1–ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ആധാരം കമ്മിറ്റി അംഗങ്ങൾ, എല്ലാഭവനങ്ങളിൽ നിന്നും ലോക്കൽ ട്രഷറർ, ലോക്കൽ സെക്രട്ടറി എന്നിവർക്കായി നടന്ന മീറ്റിംഗിൽ വിൻസെന്റ് പണ്ടാരവളപ്പിൽ ആധാരങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. ഡിസംബർ 14–ാം തീയതി Phase II – ലെ 7 അർത്ഥിനികൾ മരത്താക്കര ബ്ലസ്സഡ് സാക്രമെന്റ് കോൺവെന്റിൽ വെച്ചും, കെനിയ മിഷനിലെ Phase II – ലെ 3 അർത്ഥിനികൾ റുവായ് സെന്റ് അൽഫോൺസ കോൺവെൻറിൽ വെച്ചും പോസ്റ്റുലൻസിയിലേക്ക് പ്രവേശിച്ചു. വെള്ളക്കാരിത്തടം ദൈവ

പരിപാലന ഭവനത്തിൽ വെച്ച് പുതിയ ആകാശം പുതിയ ഭൂമിയുടെ മീറ്റിംഗ് നടത്തി. മുളങ്കുന്നത്തുകാവ് KILAയിൽ വെച്ച് തൃശ്ശൂർ അതിരൂപത സോഷ്യൽ സർവ്വീസ് – സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നടത്തിയ സർക്കാരിന്റെ പദ്ധതികളെയും സേവനങ്ങളെയുംക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സിൽ പ്രൊവിൻഷ്യൽ കൗൺസിലർ സംബന്ധിച്ചു. ഡിസംബർ 12–16, ഡിസംബർ 20–23, ഡിസംബർ 26–30 എന്നീ ദിവസങ്ങളിൽ അസ്സീസി പ്രൊവിൻഷ്യൽ ഹൗസ്, തിരൂർ സിയോൺ റിന്യുവൽ സെന്റർ എന്നിവിടങ്ങളിലായി നടന്ന കാരിസം സെമിനാറിൽ 237 പേർ പങ്കെടുത്തു. മരത്താക്കര എം.എം.ബി ജനറലേറ്റിൽ വെച്ചു നടന്ന KFFU Exicutive മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരി, തൃശ്ശൂർ സോൺ KFFU സെക്രട്ടറി സി. ജ്യോതിസ് എന്നിവർ സംബന്ധിച്ചു.

**3. സി.എച്ച്.എഫ്.**

നവജ്യോതി പ്രോവിൻസിലെ വിവിധ ഭവനങ്ങളിലെ വൊക്കേഷൻ പ്രൊമോട്ടേഴ്സ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ ഒന്നിച്ചുകൂടുകയും ജാഗരണ പ്രാർത്ഥന നടത്തുകയും ചെയ്തു. നവജ്യോതി പ്രൊവിൻസിനു കീഴിലുള്ള ഭവനങ്ങളിലെ സുപ്പീരിയേഴ്സിന്റെ കോൺഫറൻസ് 13,14 തിയതികളിലായി നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടന്നു. പ്രസ്തുത കോൺഫറൻസിൽ വികർ ജനറൽ സി. ഡോ.പുഷ്പയും സി.ഡോ.ജോൺസിയും ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.നവജ്യോതി എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള സ്ക്കൂളുകളിലെ ടീച്ചേഴ്സിന് മറിയം ത്രേസ്യ ക്വിസ് മത്സരം നടത്തി. പ്രൊവിൻഷ്യൽ ഹൗസിൽ 1995 മുതൽ 2012 വരെയുള്ള വർഷങ്ങളിൽ ആദ്യവ്രതാർപ്പണം ചെയ്ത സിസ്റ്റേഴ്സിന്റെ ഗാതറിങ്ങ് നടത്തി. ഹോളി ഫാമിലി കോൺഗ്രിഗേഷന്റെ നാമധേയ വിശുദ്ധരായ തിരുക്കുടുംബ തിരുന്നാൾ ദിവസം നിർധനരായ മൂന്ന് വ്യക്തികൾക്ക് തിരുക്കുടുംബത്തിന്റെ നാമത്തിൽ ഭക്ഷണവും വസ്ത്രവും നൽകി ആദരിച്ചു.

**4. സി.എസ്.സി.**

ഡിസംബർ 6,7,8 തിയതികളിലായി കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടന്നു. ഡിസംബർ 21 ന് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ധന്യപദവി പ്രഖ്യാപനത്തിന്റെ വാർഷികവും, ഊക്കനച്ചനെ നേരിൽ കണ്ടിട്ടുള്ളവരുടെ മഹാസംഗമവും ചൊവ്വന്നൂർ സെന്റ് തോമസ് കത്തോലിക്കദേവാലയത്തിൽ വച്ച് സീറോമലബാർ സഭയുടെ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലി

യോടൊപ്പം നടന്നു. ഊക്കനച്ചൻ സേവനം ചെയ്ത ഇടവകകളിൽ നിന്നുള്ള ബഹു. വൈദികർ, കൈക്കാരൻമാർ എന്നിവരുടെ സാന്നിദ്ധ്യം ഈ ആഘോഷത്തിന് മാറ്റു കൂട്ടി. ഊക്കനച്ചനെ നേരിൽ കണ്ടിട്ടുള്ളവർക്കും, ഓരോ ഇടവകയ്ക്കും ഊക്കനച്ചന്റെ ഛായാചിത്രം വിതരണം ചെയ്തു. ഊക്കനച്ചനെക്കുറിച്ചുള്ള ക്വിസ് മത്സരത്തിൽ പങ്കെടുത്തവർക്ക് സമ്മാനവിതരണവും അതിനുശേഷം ഊട്ടുനേർച്ചയും ഉണ്ടായിരുന്നു.

**5. സി.എസ്.എം.**

4–12 വരെ അസിസ്ററന്റ് പ്രൊവിൻഷ്യൽ ബഹു. സി. ഫെമി ലാസറിന്റെ നേതൃത്വത്തിൽ 12 സിസ്റേറഴ്സ് ആറ്റത്തറ സെന്റ് ഫ്രാൻസീസ് സേവ്യർ ഇടവകയിൽ ഹോം മിഷൻ നടത്തി. 27–30 വരെ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ വൊക്കേഷൻ ക്യാമ്പിൽ 16 കുട്ടികൾ പങ്കെടുത്തു.

## ആദരാഞ്ജലികൾ



**12.12.2019 എഫ്. സി. സി.** മുണ്ടൂർ സെന്റ് ഫ്രാൻസിസ് അസ്സീസി ഭവനാംഗമായ ബഹു. സി. ജോസീന 12–ാം തീയതി നിര്യാതയായി. പിറ്റേദിവസം തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



**27.12.2019 സി.എം.സി.** പാലുവായ് സെന്റ് ആന്റണീസ് ഭവനാംഗമായ സി.മാർക്ക് നിര്യാതയായി. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ.ജോസ് വല്ലൂരാന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



**29.12.2019 സി.എം.സി.** പുതുക്കാട് സെന്റ് ജോൺ ഓഫ് ദ ക്രോസ് ഭവനാംഗമായ സി. എഗ്ബർട്ട് നിര്യാതയായി. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.

**സി. നമിത റോസ് സി.എം.സി**

സെക്രട്ടറി

# പാസ്റ്ററൽ കൗൺസിൽ

## റിപ്പോർട്ട്

തൃശ്ശൂർ അതിരൂപത പതിനേഴാം പാസ്റ്ററൽ കൗൺസിലിന്റെ സമാപനയോഗവും അവാർഡ് ദിന ആഘോഷവും സംയുക്തമായി 2019 നവംബർ 9നു ശനിയാഴ്ച, ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടന്നു. ഉച്ചക്ക് 2 മണിക്ക് ബഹു. സി. ജെസ്മിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി സ്വാഗതം ആശംസിച്ചു. 17–ാം പാസ്റ്ററൽ കൗൺസിൽ സ്ഥാപിതമായ 2017 മാർച്ച് മുതൽ പാസ്റ്ററൽ കൗൺസിൽ കൈകാര്യം ചെയ്ത വിഷയങ്ങളും പൊതുകാര്യങ്ങളും അച്ചൻ അവലോകനം നടത്തി. പതിനേഴാം പാസ്റ്ററൽ കൗൺസിലിന്റെ ആദ്യസമ്മേളനത്തിനു ശേഷമുള്ള മറ്റു മീറ്റിംഗുകളിൽ അംഗങ്ങളുടെ പങ്കാളിത്തക്കുറവ് അടുത്ത പാസ്റ്ററൽ കൗൺസിലിൽ പരിഹരിക്കപ്പെടുമെന്ന് അച്ചൻ പ്രത്യാശ പ്രകടിപ്പിച്ചു. തുടർന്ന്, അതിരൂപതാധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷപ്രസംഗം നടത്തി. സുറിയാനി കത്തോലിക്കാസഭയുടെ പാരമ്പര്യങ്ങളിൽ അത്മായ നേതൃത്വത്തിന്റെ ശക്തമായ ഇടങ്ങളാണ് പാസ്റ്ററൽ കൗൺസിലുകളെന്നും അക്കാര്യത്തിൽ തൃശ്ശൂർ അതിരൂപത പാസ്റ്ററൽ കൗൺസിലിന് അഭിമാനിക്കാൻ വകയുണ്ടെന്നും അഭിവന്ദ്യപിതാവ് സൂചിപ്പിച്ചു. ഇക്കാലയളവിൽ സീറോ മലബാർ സഭാതലത്തിൽത്തന്നെ വിവിധ കാര്യങ്ങളിൽ നേതൃത്വം വഹിച്ച, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, ഡോ. മേരി റെജീനയെ അഭിവന്ദ്യപിതാവ് അഭിനന്ദിച്ചു. കലാലയ രാഷ്ട്രീയത്തിന് നിയമസാധുതയേറുന്നതിനെതിരെ, നവംബർ 9ന് നടക്കാനിരിക്കുന്ന, പ്രതിഷേധ സദസ്സിലേക്ക് ഏവരേയും ക്ഷണിക്കുകയും, ഇക്കാര്യത്തിലുള്ള സർക്കാരിന്റെ ഏകപക്ഷീയമായ നീക്കങ്ങളെ അപലപിക്കുകയും ചെയ്ത പിതാവ്, ബൊൻ നത്താലെ വിജയകരമാക്കുന്നതിന് ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു. പുതിയ പാസ്റ്ററൽ കൗൺസിൽ നിലവിൽ വരുന്നതുവരെ നിലവിലെ പാസ്റ്ററൽ കൗൺസിലിനു

കാലാവധിയുണ്ടെന്നും ഇക്കാലയളവിൽ പ്രതിനിധിയോഗങ്ങളിൽ പങ്കെടുക്കേണ്ടതുണ്ടെന്നും അംഗങ്ങളെ ഓർമ്മിപ്പിച്ച അഭിവന്ദ്യപിതാവ് ജില്ലാ ജഡ്ജിയായി നിയമിതനായി, അവാർഡ് ദിനത്തിൽ മുഖ്യാതിഥിയായി എത്തിയ പാസ്റ്ററൽ കൗൺസിലംഗം ശ്രീ. സി. ജെ. ഡെന്നിയെ പ്രത്യേകം അഭിനന്ദിച്ചു. തുടർന്ന് ശ്രീ. ഡെന്നി മുഖ്യപ്രഭാഷണം നടത്തി. വക്കീലിൽ നിന്നും ജഡ്ജിയിലേക്കുള്ള യാത്രയിൽ പ്രോത്സാഹനം നൽകിയവർക്ക്, പ്രത്യേകിച്ച്, അഭിവന്ദ്യപിതാവിന് നന്ദി പറഞ്ഞ അദ്ദേഹം, വിജയത്തിന് കുറുക്കുവഴികളില്ലെന്നും, ആത്മാർത്ഥമായ പരിശ്രമമുണ്ടെങ്കിൽ ദൈവാനുഗ്രഹത്തോടെ, വിജയം കൈവരിക്കാമെന്നും എടുത്തു പറഞ്ഞു. വിവിധ നേട്ടങ്ങൾ കൈവരിച്ച അതിരൂപതാംഗങ്ങളെ ചടങ്ങിൽ പുരസ്കാരങ്ങൾ നൽകി ആദരിച്ചു. അതിരൂപതയുടെ മിഷൻ ഞായർ അവാർഡുകളും പ്രസ്തുത ചടങ്ങിൽ വിതരണം ചെയ്തു.

കഴിഞ്ഞ മൂന്നു വർഷങ്ങളിൽ അംഗങ്ങളായി സ്തുത്യർഹമായി സേവനം ചെയ്ത അംഗങ്ങളെ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അനുമോദിച്ചു. അതിരൂപതയുമായും ഇടവകയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും ഏവരുടെയും സഹകരണം ഉറപ്പുവരുത്തണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. പതിനേഴാം പാസ്റ്ററൽ കൗൺസിലിന്റെ മുഴുവൻ സമ്മേളനങ്ങളിലും മുടങ്ങാതെ പങ്കെടുത്ത 27 പേരെ ജോ. സെക്രട്ടറി ഡോ. ഡെയ്സൻ പാണേങ്ങാടൻ അനുമോദിച്ചു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കുള്ള സർട്ടിഫിക്കറ്റും മുടങ്ങാതെ പങ്കെടുത്തവർക്കുള്ള ഉപഹാരവും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വിതരണം ചെയ്തു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന, യോഗങ്ങൾ കാര്യക്ഷമമാക്കുവാൻ സഹകരിച്ച മുഴുവൻ അംഗങ്ങൾക്കും നന്ദി പറഞ്ഞു. വൈകിട്ട് 4 മണിക്ക് പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ

## 18-ാം പാസ്റ്ററൽ കൗൺസിൽ പ്രഥമയോഗം

18-ാം പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമയോഗം 2020 മാർച്ച് 7 ന് ശനിയാഴ്ച, രാവിലെ 9.30 മണിക്ക് തൃശ്ശൂർ ഡി.ബി.സി.എൽ.സിയിൽ കൂടുന്നു. എല്ലാ പുതിയ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

**തീയതി : 07.03.2020 ശനി, സമയം : രാവിലെ 9.30 മണി,**
**സ്ഥലം : ഡി.ബി.സി.എൽ.സി.**



# പാലയൂർ തീർത്ഥകേന്ദ്രം

1. **പാലയൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ ദേവാലയ പദവിയിലേക്ക്**

തൃശൂർ അതിരൂപതയുടെ തലപ്പള്ളിയും അതിരൂപത തീർത്ഥാടന കേന്ദ്രവുമായ പാലയൂർ മാർ തോമ അതിരൂപത തീർത്ഥകേന്ദ്രത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ ദേവാലയ പദവിയിലേക്ക്. പ്രഖ്യാപനം മാർച്ച് 29ന് പാലയൂർ മഹാതീർത്ഥാടന സമാപനത്തിൽ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി നടത്തും. പൗരസ്ത്യസഭകളിൽ ദേവാലയത്തിനു നൽകുന്ന ഏറ്റവും വലിയ പദവിയാണ് മേജർ ആർക്കി എപ്പിസ്കോപ്പൽ പദവി.

എല്ലാ രൂപതയിലും തീർത്ഥാടക സൗകര്യവും പാരമ്പര്യവുമുള്ള ഒരു ദേവാലയം മേജർ ആർക്കി എപ്പിസ്കോപ്പൽ ദേവാലയ പദവിയിലേക്ക് ഉയർത്തുന്നതിന് സഭാ സിനഡ് തീരുമാനം. പ്രഖ്യാപനം ഔദ്യോഗികമായി നടക്കുന്നതോടെ ഇടവക വികാരി മേജർ ആർക്കി എപ്പിസ്കോപ്പൽ ആർച്ച് പ്രീസ്റ്റ് എന്ന പദവിയിലേക്ക് ഉയർത്തപ്പെടും.

2. **സമൂഹ മാമ്മോദീസ**

പാലയൂർ തളിയക്കുളത്തിൽ വെച്ച് 7 കുട്ടികൾ മാമ്മോദീസ സ്വീകരിച്ചു. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് മുഖ്യ കാർമ്മികനായിരുന്നു. ജനുവരി 12–ാം തീയ്യതി മുപ്പിട്ടു ഞായർ തിരുനാൾ ദിവസമാണ് സമൂഹ മാമ്മോദീസ നടന്നത്. മാർ തോമാശ്ലീഹാ തളിയക്കുളത്തിൽ വെച്ച് മാമ്മോദീസ സ്വീകരിക്കാൻ ഏറെ ആഗ്രഹത്തോടെയും തീക്ഷ്ണതയോടെയും കൂടെയാണ് ദൈവജനം പാലയൂരിൽ കടന്നു വരുന്നത്.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
റെക്ടർ



# വിശ്വാസ പരിശീലനം

THRISSUR CATECHETICAL CENTRE

## കുട്ടികൾക്കുള്ള കത്ത്

നിങ്ങൾക്കെല്ലാവർക്കും സുഖം തന്നെയല്ലേ? നമ്മുടെ അതിരൂപതയിലെ ഭൂരിഭാഗം ഇടവകകളിലും ജനുവരി ഫെബ്രുവരി മാസങ്ങളിൽ ഇടവക മദ്ധ്യസ്ഥരുടെ തിരുനാളുകൾ ആഘോഷിക്കുകയാണ്. ഈ തിരുനാൾ ആഘോഷങ്ങൾ വിശുദ്ധരെപ്പോലെ വിശുദ്ധിയിലേക്ക് വളരുവാൻ നമ്മെ ക്ഷണിക്കുന്നുണ്ട്. വിശുദ്ധരായി തീരുവാനുള്ള നമ്മുടെ ആഗ്രഹത്തെ വളർത്തുവാൻ നമ്മുടെ തിരുനാൾ ആഘോഷങ്ങൾ കാരണമാകുന്നുണ്ടോ എന്ന് ചിന്തിക്കുന്നത് നല്ലതാണ്.

ഈ തിരുനാളുകൾക്ക് ശേഷം ഫെബ്രുവരി 24–ാം തിയ്യതി നമ്മൾ വലിയ നോമ്പിലേക്ക് പ്രവേശിക്കുകയാണ്. ഓരോ നോമ്പുകാലവും പുതിയ തുടക്കത്തിനുള്ള അവസരമാണ്. പഴയമനുഷ്യനെ ഉരിഞ്ഞ് കളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുവാനുള്ള അവസരം. പൗലോസ് ശ്ലീഹാ എഫേസോസുകാർക്കെഴുതിയ ലേഖനത്തിൽ പറയുന്നതുപോലെ "നിങ്ങളുടെ പഴയ ജീവിതരീതിയിൽ നിന്നു രൂപംകൊണ്ട വഞ്ചനനിറഞ്ഞ ആസക്തികളാൽ കലുഷിതമായ പഴയമനുഷ്യനെ ദൂരെയെറിഞ്ഞ് യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ" (എഫേ 4, 22 – 24).

ദൈവവചനം കൂടുതലായി വായിച്ചും ധ്യാനിച്ചും യേശുവിനോട് കൂടെയായിരിക്കുവാനും അവൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കുവാനും അത് ജീവിത്തിൽ പ്രാവർത്തികമാക്കുവാനും നമുക്ക് പരിശ്രമിക്കാം. അപ്പോഴാണ് പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ നാം പുതിയ മനുഷ്യനെ ധരിക്കുന്നവരാകുന്നത്. ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും ദാനധർമ്മത്തിലൂടേയും എങ്ങനെയാണ് വിശുദ്ധർ ഈ ലോകത്തിന്റെ പ്രലോഭനങ്ങളെ അതിജീവിച്ചെതെന്ന് മനസ്സിലാക്കുവാനും ആ വഴികളിലൂടെ നടന്ന് കൂടുതൽ വിശുദ്ധീകരിക്കപ്പെ


ടുവാനും നമുക്ക് ആഗ്രഹിക്കാം. നോമ്പുകാലത്ത് സാധിക്കുന്നതും എല്ലാ ദിവസവും കുർബ്ബാനയിൽ പങ്കെടുക്കുവാൻ നിങ്ങൾ പരിശ്രമിക്കുമല്ലോ? വിശുദ്ധിയിൽ വളർന്ന് വിശുദ്ധരായി തീരുവാൻ ഈ നോമ്പുകാലം കാരണമാകട്ടെ.

ഈ അദ്ധ്യയന വർഷത്തിന്റെ അവസാനത്തിൽ നാം എത്തിനിൽക്കുകയാണല്ലോ. വിദ്യാർത്ഥികളെന്ന നിലയിൽ ഒരു വർഷത്തെ അദ്ധ്വാനത്തിന്റെ ഫലം നമുക്ക് അനുഭവിക്കാൻ സാധിക്കുന്നത് വരുന്ന വർഷിക പരീക്ഷകൾക്കായി നന്നായി ഒരുങ്ങി പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുമ്പോഴാണ്. വിദ്യാർത്ഥികൾ എല്ലാവർക്കും പ്രത്യേകിച്ച് 10, 12 ക്ലാസുകളിൽ പഠിക്കുന്നവർക്ക് ഈ പരീക്ഷകൾ വളരെ പ്രധാനപ്പെട്ടതാണ്. നിങ്ങളുടെ ഭാവിനിർണ്ണയിക്കുന്നതിൽ വളരെ പങ്കുവഹിക്കുന്ന ഈ പരീക്ഷകൾക്കായി ഒരുങ്ങുമ്പോൾ നിങ്ങളുടെ അദ്ധ്വാനത്തിന്റെയൊപ്പം ദൈവത്തിന്റെ സഹായം തേടുന്നതിനും മറക്കരുതേ. അത് നമ്മുടെ അനാവശ്യമായ ഉത്കണ്ഠകൾ അകറ്റുന്നതിനും വലിയ പ്രത്യാശയോടെ പരീക്ഷകളെ അഭിമുഖീകരിക്കുന്നതിനും നമ്മെ സഹായിക്കും.

10, 12 ക്ലാസ്സുകാരെ സംബന്ധിച്ച് നിങ്ങളുടെ ജീവിതാന്തസ്സ് ഏതെന്ന് നിശ്ചയിക്കാനുള്ള കാലഘട്ടം കൂടിയാണിത്. വിവിധ ജീവിതാന്തസ്സുകളെ കുറിച്ച് അടുത്ത മാസത്തെ കത്തിൽ കൂടുതൽ വിശദമായി പറയാം എന്ന് കരുതുന്നു. എങ്കിലും സന്യാസ–വൈദികജീവിതത്തിലേക്ക് കടക്കുവാൻ ആഗ്രഹിക്കുന്നവർ നിങ്ങളുടെ ആഗ്രഹം ഇടവകവികരിമാരേയോ അതുമായി ബന്ധപ്പെട്ടവരേയോ അറിയിക്കുമല്ലോ. നല്ല ദൈവവിളികൾക്കായി നമുക്ക് പ്രാർത്ഥിക്കാം. ഒപ്പം നിങ്ങളെ കുറിച്ചുള്ള ദൈവത്തിന്റെ വിളി തിരിച്ചറിയുവാൻ നിങ്ങൾ നന്നായി പ്രാർത്ഥിക്കണം.

നാം ആഘോഷിക്കുന്ന തിരുനാളുകളും, അനുഷ്ഠിക്കാൻ പോകുന്ന വലിയ നോമ്പും, പരീക്ഷകൾക്കായുള്ള നമ്മുടെ ഒരുക്കങ്ങളും, ദൈവവിളി തിരിച്ചറിയുവാനുള്ള പരിശ്രമങ്ങളും എല്ലാം തന്നെ നമ്മെ വിശുദ്ധിയിലേക്ക് നയിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്

നിങ്ങളുടെ വത്സല പിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസ പരിശീലന കേന്ദ്ര വാർത്തകൾ

വിശ്വാസപരിശീലന ക്ലാസ്സുകളിലെ വാർഷിക പരീക്ഷകൾ ഈ മാസം രണ്ടാമത്തെ ഞായറാഴ്ച മുതൽ ആരംഭിക്കുന്നു. നന്നായി ഒരുങ്ങാം. പാഠങ്ങൾ കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കാം. അവധിക്കാലം വിശ്വാസപരിശീലനം തുടരാനുള്ള അവസരമാണ്. പഠിച്ചവയൊക്കെ പ്രാവർത്തികമാക്കാനുള്ള അവസരം. ഈശോയുടെ സമർപ്പണത്തെ മാതൃകയാക്കി ദൈവവിളികളെക്കുറിച്ച് വിവേചിച്ചറിയാനും അവധിക്കാലം വിനിയോഗിക്കാം. നന്നായി ഒരുങ്ങി വിശ്വാസപരിശീലന പരീക്ഷകളും സ്കൂൾ പരീക്ഷകളും ചെയ്യാം. എല്ലാവർക്കും നല്ല വിജയം ആശംസിക്കുന്നു.

**1. പ്രിൻസിപ്പൽമാരുടെ യോഗം**

തിയതി : 2020 ഫെബ്രുവരി 2
ദിവസം : ഞായർ
സമയം : 02.30 PM
സ്ഥലം : വിശ്വാസപരിശീലനകേന്ദ്രം

എല്ലാ പ്രിൻസിപ്പൽമാരേയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**2. വാർഷിക പരീക്ഷകൾ**

2020 ഫെബ്രുവരി 9,2PM-4PM :Stds. X, XI & XII
2020 ഫെബ്രുവരി 16,2PM-4PM :Stds. I, III, V, VII, IX & ACC (2 PM-5PM)
2020 ഫെബ്രുവരി 23, 2PM-4PM :Stds. II, IV, VI & VIII

1. പരീക്ഷകളെ സംബന്ധിച്ച് വിശ്വാസപരിശീലന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.
2. ബഹു. വൈദികരുടെ മേൽനോട്ടത്തിലും പ്രിൻസിപ്പലിന്റെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്.
3. പരീക്ഷയെ സംബന്ധിച്ച് വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance മുതലായവ), Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വിശ്വാസപരിശീലനമാർഗ്ഗരേഖയിലും വാർഷിക പ്രോഗ്രാമിലും നൽകിയിട്ടുള്ളതും കൃത്യമായി പാലിക്കേണ്ടതാണ്.
4. പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ചകളോ അപാക

തകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.

**3. XII & ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷകളെ സംബന്ധിച്ച്:**

1. ചോദ്യങ്ങൾക്കുതാഴെ ഉത്തരമെഴുതി തിരിച്ചേൽപ്പിക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള **Question & Answer Book** വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്ന് നൽകുന്നതാണ്. ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷ യിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ. ഈ രീതിയെക്കു റിച്ച് വിദ്യാർത്ഥികളെ ധരിപ്പിക്കുമല്ലോ.
2. പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. സ്വന്തം യൂണിറ്റിലേയും ചെല്ലേണ്ട യൂണിറ്റിലേയും പ്രിൻസിപ്പലിനേയും വികാരിയച്ചനേയും നേരത്തെതന്നെ നിയമനവിവരം അറിയിക്കേണ്ടതാണ്.
3. വിസിറ്ററെ കൂടാതെ, പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് ആവശ്യ മായത്ര വിശ്വാസപരിശീലകരെ പ്രിൻസിപ്പൽ നിയോഗിക്കേണ്ടതാണ്.
4. ACC കേന്ദ്രീകൃത മൂല്യനിർണ്ണയം വിശ്വാസപരിശീലനകേന്ദ്രത്തിൽ വെച്ചു തന്നെ നടത്തുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Chair for Christian Studies and Research -ന്റെ തീരുമാനപ്രകാരവും മേൽനോട്ട ത്തിലുമാണ്.
5. Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാവരും നിർബന്ധമായും വരേണ്ടതാണ്. (തിയ്യതി കൾ താഴെ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക; സമയം 09.30 am – 04.30 pm)

**4. Chief Examiners' Meeting**: 23rd February, Sunday 10.30 AM

**5. Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയം**

താഴെ പറയുന്ന തിയ്യതികളിൽ DBCLC-യിൽ നടത്തുന്നു.
Std. XII: 2020 ഫെബ്രുവരി 29, മാർച്ച് 1 ശനി, ഞായർ
ACC: 2020 ഫെബ്രുവരി 29, മാർച്ച് 1, 7, 8 (ശനി,ഞായർ ദിവസങ്ങൾ)
ഈ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ വിശ്വാസപരിശീലകരും വിശ്വാ സപരിശീലനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്.

**6. ഉത്തരക്കടലാസു പരിശോധന:** Stds. I മുതൽ XI വരെയുള്ള വിദ്യാർത്ഥികളുടെ ഉത്തരകടലാസു പരിശോധന ബഹുമാനപ്പെട്ട വികാരിയച്ചന്റെയും പ്രിൻസിപ്പാലിന്റെയും നേതൃത്വത്തിൽ യൂണിറ്റിൽ തന്നെ ഒരു ദിവസം എല്ലാ വിശ്വാസപരിശീലകരും ഒന്നുചേർന്ന് നട ത്തുവാൻ നിർദ്ദേശിക്കുന്നു. ഇതിനാവശ്യമായ ഉത്തരസൂചിക അതി രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ബ്ലോഗിൽ നിന്നും പരീ

ക്ഷകൾക്കുശേഷം ലഭിക്കുന്നതാണ്. ബ്ലോഗ് അഡ്രസ്സ് http://catechismtrichur.blogspot.in വിദ്യാർത്ഥികളുടെ വാർഷികപരീക്ഷാ ഉത്തരക്കടലാസുകൾ വിശ്വാസപരിശീലനകേന്ദ്രം നൽകിയിരിക്കുന്ന ഉത്തരസൂചികയുടെ അടിസ്ഥാനത്തിൽ കൃത്യതയോടും നീതിയോടും മൂല്യനിർണ്ണയം ചെയ്യേണ്ടതാണ്; ആനുപാതികമല്ലാതെയും അർഹതയില്ലാതെയും മാർക്ക് നൽകിയ ഉത്തരക്കടലാസ്സുകളുണ്ടോ എന്ന് വികാരിയച്ചനും പ്രിൻസിപ്പലും പരിശോധിക്കേണ്ടതാണ്.

**7. Internal Assessment Mark**

**XII & ACC** ക്ലാസ്സുകാരുടെ ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്ക് മാർച്ച് 1–ാം തിയ്യതിക്കുമുമ്പായി സോഫ്റ്റ് വെയറിൽ അപ്ലോഡ് ചെയ്യേണ്ടതാണ്.

**8. Intensive Catechism –** ദൈവദർശൻ 2020

ഏപ്രിൽ, മെയ് മാസങ്ങളിൽ യൂണിറ്റിൽ നടത്തുന്ന ദൈവദർശൻ ക്യാമ്പിൽ ACC വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തുന്ന വിധമാണ് ക്രമീകരിച്ചിട്ടുള്ളത്. വിശദവിവരങ്ങൾക്ക് പെ. ബഹു. മൈനർ സെമിനരി റെക്ടറുമായി ബന്ധപ്പെടുക:

Phone : 0487 - 2420891, 2423196

**9. Sunday Catechism Scholarship Exam. 2020**

1. Stds. IV to XI ലെ വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് പരീക്ഷ അതിരൂപതാടിസ്ഥാനത്തിൽ 2020 മെയ് 23 ശനിയാഴ്ച 2PM– 4PM ന് വിവിധ കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നു. കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് പിന്നീട് അറിയിക്കുന്നതാണ്.
2. അർദ്ധവാർഷിക പരീക്ഷയിൽ 80 ശതമാനമോ അതിൽ കൂടുതലോ മാർക്ക് നേടിയ (32/40) വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സുകൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിശ്ചിത തിയതിക്കുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. ലഭിച്ച ഉത്തരക്കടലാസ്സുകൾ പുനർമൂല്യനിർണ്ണയം ചെയ്തിരുന്നു. ഇപ്രകാരം വിശ്വാസപരിശീലനകേന്ദ്രത്തിലെ പുനർമൂല്യനിർണ്ണയത്തിനുശേഷം ലഭിച്ച മാർക്കിനോടുകൂടി വാർഷികപരീക്ഷയിൽ യൂണിറ്റിലെ മൂല്യനിർണ്ണയത്തിൽ ലഭിച്ച മാർക്കുകൂടി കൂട്ടിയാൽ 88 ശതമാനമോ അതിൽക്കൂടുതലോ മാർക്കുള്ള വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷയുടെ ഉത്തരകടലാസ്സുകൾ വിശ്വാസപരിശീലനനകേന്ദ്രത്തിലേക്ക് 2020 മാർച്ച് 20നു മുമ്പ് സമർപ്പിക്കേണ്ടതാണ്. നിശ്ചിത തിയ്യതിക്കുശേഷം വരുന്ന ഉത്തരക്കടലാസ്സുകൾ സ്വീകരിക്കുന്നതല്ല. വാർഷിക പരീക്ഷയുടെയും ഉത്തരക്കടലാസ്സുകൾ വിശ്വാസപരിശീലനകേന്ദ്രം പുനർമൂല്യനിർണ്ണയം ചെയ്തശേഷം സ്കോളർഷിപ്പ് പരീക്ഷക്ക് അർഹരായ

വരുടെ ലിസ്റ്റ് (Scholarship Eligible Students List) ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ യൂണിറ്റുകളിൽ പരീക്ഷാഫലം പ്രസിദ്ധീകരിക്കാവൂ.

3. അർദ്ധവാർഷിക, വാർഷിക പരീക്ഷകളുടെ ഉത്തരക്കടലാസ്സുകൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ പുനർനിർണ്ണയം നടത്തിയശേഷം രണ്ടിലുംകൂടി 90 ശതമാനമോ അതിൽ കൂടുതലോ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്കാണ് (അതായത് 80 ൽ 72 മാർക്കോ അതിൽ കൂടുതലോ നേടിയവർ) സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുള്ളത്.

**10. Basic CTC Course -**

അവധിക്കാലത്ത് താഴെപ്പറയുന്ന തിയതികളിൽ **Basic CTC** നടത്തുന്നതാണ്.

**March 27 Friday 5PM - 29 Sunday 4PM**
**April 24 Friday 5PM - 26 Sunday 4PM**
**May 8 Friday 5PM - 10 Sunday 4PM**

അതിരൂപതയിലെ വിശ്വാസപരിശീലകരെല്ലാം Catechists Training Course-ൽ നിർബന്ധമായും പങ്കെടുത്തിരിക്കണം. സി.ടി. സി. കോഴ്സിൽ പങ്കെടുക്കേണ്ട അധ്യാപകരെ വിശ്വാസപരിശീലന സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തതിനുശേഷം രജിസ്ട്രേഷൻ ഫീസ് (ഒരംഗത്തിനു 250 രൂപ) വിശ്വാസപരിശീലന ഓഫീസിൽ 5 ദിവസത്തിനകം അടക്കേണ്ടതാണ്. അല്ലാത്തപക്ഷം രജിസ്ട്രേഷൻ അസാധുവാകുന്നതാണ്.

**11. SMCC Award Std XII - December 2019**

സീറോ മലബാർ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ Syro-Malabar Catechetical Commission (SMCC) Std XII-ലെ വിദ്യാർത്ഥികൾക്കായി നടത്തിയ പ്രതിഭാസംഗമത്തിൽ തൃശ്ശൂർ അതിരൂപതയിൽ നിന്നും ആഷിക് ജോസഫ്(തിരൂർ), ബിബിൻ കെ. എസ്. (പുതുക്കാട്), സ്റ്റാൽവിൻ ജോജു (മരത്താക്കര), അന്ന തോമസ് (കരുമത്ര), അലീന പി. ആർ (വടക്കാഞ്ചേരി), റിനി റോസ് ജോർജ്ജ് (കാരമുക്ക് നോർത്ത്) എന്നിവർ പങ്കെടുത്തു.

Fr. Tens Kunnappilly
Fr. Rijo Vithayathil
Fr. Royson Kollannur
Fr. Justin Poozhikkunnel
Asst. Directors

Fr. Raphael Akkamattathil
Director

# Institute of THEOLOGY

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

1. **B.A. in Theology and Religious Studies:**
ഞായറാഴ്ചകളിൽ 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ച കളിലും പൊതു അവധി ദിവസങ്ങളിലും 9 30AM മുതൽ 5 PM വരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്ര ഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office മായി ബന്ധപ്പെടുക.
2. **Correspondence Theology Course:**
കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ഫെബ്രു വരി 2, 9, 23 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും.
3. **Basic Theology Course :**
സന്യാസാർത്ഥിനികൾക്കായുള്ള മൂന്നു മാസത്തെ Basic Theology Course (Certificate Course in Formation and Sprituality) ജനുവരി 7–ാം തിയ്യതി ആരംഭിച്ചു. 3 സന്യാസസമൂഹങ്ങളിൽ നിന്നായി 21 സന്യാ സാർത്ഥിനികളാണ് കോഴ്സിൽ സംബന്ധിക്കുന്നത്. ഇവരെ പറഞ്ഞയച്ച സന്യാസസമൂഹാധികാരികൾക്ക് പ്രത്യേകം നന്ദി.

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ



# മേരിമാത മേജർ സെമിനാരി

1. **ദനഹാ തിരുനാൾ**

   ക്രിസ്തുമസ് അവധിക്കുശേഷം എല്ലാവരും ജനുവരി 5 –ാം തിയ്യതി സെമിനാരിയിൽ തിരിച്ചെത്തി. അന്നു വൈകീട്ട് സെമിനാരികുടുംബം ദനഹാ തിരുനാൾ ആഘോഷിച്ചു. മോൺ. ജോർജ്ജ് മാനാടൻ പ്രാർത്ഥനാശുശ്രൂഷക്ക് നേതൃത്വം നൽകി. ബഹു. സാജൻ പിണ്ടിയാനച്ചൻ തിരുനാൾ സന്ദേശം നൽകി.

2. **മാസധ്യാനം**

   2020 ലെ ആദ്യ മാസധ്യാനം ജനുവരി 10, 11 എന്നീ തിയ്യതികളിലായിരുന്നു. ബഹു. സിജോൺ കുഴിക്കാട്ടുമ്യാലിലച്ചൻ നൽകിയ നിർദ്ദേശങ്ങൾക്കനുസൃതം വൈദികവിദ്യാർത്ഥികളെല്ലാവരും പ്രാർത്ഥനാപൂർവ്വം സ്വയം വിലയിരുത്തി തങ്ങളുടെ ദൈവവിളി ജീവിതത്തെ ക്രമപ്പെടുത്തുവാൻ ഈ ധ്യാനാവസരം പ്രയോജനപ്പെടുത്തി. ചെറു ഗ്രൂപ്പുകളായി പ്രാർത്ഥിക്കാനും പങ്കുവയ്ക്കാനും ഒത്തുകൂടിയപ്പോൾ തങ്ങളുടെ കൂടെയുള്ള സഹോദരങ്ങളുടെ നന്മകളെ ചൂണ്ടിക്കാണിക്കാനും അവർ ഇനിയും വളരേണ്ട മേഖലകളെപ്പറ്റി മനസ്സിലാക്കികൊടുക്കുവാനും വൈദികവിദ്യാർത്ഥികൾ പരസ്പരം ശ്രദ്ധിച്ചു.

3. **നവവൈദികർക്ക് സ്വീകരണം**

   മേരിമാതാ മേജർ സെമിനാരിയിൽ നിന്നും ഈ വർഷം പരിശീലനം പൂർത്തിയാക്കി കർത്താവിന്റെ ശുശ്രൂഷാ പൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെട്ട നവവൈദികർക്ക് ജനുവരി 12, 13, തിയ്യതികളിലായി സ്വീകരണം നൽകി. അനുമോദന യോഗത്തിനിടെ നവവൈദികർ തങ്ങളുടെ അനുഭവങ്ങൾ പ്രചോദനാത്മകമായ വിധത്തിൽ പങ്കുവച്ചു. നവവൈദികരുടെ കാർമികത്വത്തിൽ സെമാനാരി കുടുംബം ഒന്നുച്ചേർന്നർപ്പിച്ച ദിവ്യബലി അനുഭവദായകമായിരുന്നു. മേരിമാതാ

സെമിനാരിയിൽ തത്വശാസ്ത്രം പഠിച്ച് മറ്റു സെമിനാരികളിൽ പരിശീലനം പൂർത്തിയാക്കി ഈ വർഷം പൗരോഹിത്യം സ്വീകരിച്ച വൈദികർ ജനുവരി 20–ാം തിയ്യതി സെമിനാരി കുടുംബത്തോടൊപ്പം കൃതജ്ഞതാ ദിവ്യബലി അർപ്പിച്ചു.

**4. വിനോദയാത്ര**

ജനുവരി 15,16,17 തിയ്യതികളിലായി വൈദികവിദ്യാർത്ഥികൾ വിവിധ സ്ഥലങ്ങളിലേക്ക് വിനോദയാത്ര നടത്തി. സാഹോദര്യവും കൂട്ടായ്മയും ഊട്ടിയുറപ്പിക്കൻ സഹായിച്ച വിനോദയാത്ര എല്ലാവരും ആസ്വദിച്ചു.

**5. സഭൈക്യവാരം**

സഭൈക്യവാരത്തോടനുബന്ധിച്ച് ജനുവരി 19–ാം തിയ്യതി വൈകീട്ട് 7.30 ന് തൃശ്ശൂർ എക്യുമെനിക്കൽ ഗ്രൂപ്പിന്റെയും മേരിമാത മേജർ സെമാനാരിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ പ്രാർത്ഥനാ ശുശ്രൂഷ സംഘടിപ്പിച്ചു. തദവസരത്തിൽ മോൺ. വർഗ്ഗീസ് ഞാളിയത്ത് സന്ദേശം നൽകി.

**6. റെക്ടേഴ്സ് മീറ്റ്**

സീറോ മലബാർ സഭയിലെ മേജർ–മൈനർ സെമിനാരികളിലെ റെക്ടർമാരുടെ ഒരു യോഗം ജനുവരി 23–ാം തിയ്യതി മേരിമാതാ മേജർ സെമാനാരിയിൽ വച്ചു നടന്നു. വൈദികപരിശീലനത്തെ സംബന്ധിക്കുന്ന വിവിധ കാര്യങ്ങൾ ചർച്ച ചെയ്യുകയും അഭിപ്രായ സമന്വയത്തിൽ എത്തിച്ചേരുകയും ചെയ്തു.

**7. ബേഴ്സ് സ്ഥാപിച്ചവർ**

Benefactor Membership

1. റവ. സി. സുപ്പീരിയർ, മേരിറാണി എഫ്. സി. കോൺവെന്റ്, അമല നഗർ, തൃശ്ശൂർ

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ



# മൈനർ സെമിനാരി

1. **തേർഡ് ടേം സമാരംഭം**

   2019–2020 അധ്യയന വർഷത്തിലെ അവസാന ടേമിന് പുതുവത്സര ദിനത്തിൽ ആരംഭം കുറിച്ചു. അവധിക്കാലം കഴിഞ്ഞ് പുതിയ ഉന്മേഷത്തോടെ തിരിച്ചെത്തിയ സെമിനാരിക്കാർക്ക് ജനുവരി 2 മുതൽ ക്ലാസ്സുകൾ ആരംഭിച്ചു.

2. **ഉല്ലാസയാത്ര**

   ജനുവരി 3–ാം തിയ്യതി വൈകീട്ട് സെമിനാരി കുടുംബം തിരുവനന്തപുരം, കോവളം എന്നിവിടങ്ങളിലേക്ക് ഉല്ലാസയാത്ര നടത്തി.

3. **ദനഹാതിരുനാൾ ആഘോഷം**

   ഈശോയുടെ പ്രത്യക്ഷീകരണത്തെ അനുസ്മരിച്ച് പ്രാർത്ഥനാപൂർവ്വം പിണ്ടി തെളിച്ച് ദനഹാതിരുനാൾ ആചരിച്ചു.

4. **നവവൈദികർക്ക് സ്വീകരണം**

   ഈ വർഷം അതിരൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച നവവൈദികർക്ക് മാതൃഭവനമായ മൈനർ സെമിനാരിയിൽ ജനുവരി 8, 9 തിയതികളിലായി സ്വീകരണം നൽകി. ജനുവരി 8ന് വൈകീട്ട് നടന്ന അനുമോദനയോഗത്തിൽ നവാഭിഷിക്തർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും സെമിനാരിക്കാർക്ക് പ്രചോദനാത്മകമായ സന്ദേശങ്ങൾ നല്കുകയും ചെയ്തു. ജനുവരി 9 ന് രാവിലെ സെമിനാരിയിൽ കൃതജ്ഞതാബലി അർപ്പിക്കുകയും ചെയ്തു.

5. **അഭിവന്ദ്യപിതാവിനോടൊത്ത് ദിവ്യബലിയർപ്പണം**

   ജനുവരി 16–ാം തിയ്യതി മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

6. **മാസധ്യാനം**

ജനുവരി 10, 11 തിയതികളിൽ റവ. ഫാ. ജെസ്റ്റിൻ പൂഴിക്കുന്നേൽ, റവ. ഫാ. അൻവിൻ താണിക്കൽ എന്നിവർ യഥാക്രമം മൈനർസെമിനാരി, ഡിഗ്രി വിദ്യാർത്ഥികൾ എന്നിവർക്കായി മാസധ്യാന ചിന്തകൾ നല്കി.

7. **ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. നെൽജോ, നീലൻങ്കാവിൽ ഹൗസ്, കൊട്ടേക്കാട്
2. ശ്രീ. ജോസ്റ്റിൻ തരകൻ, കോട്ടപ്പടി
3. ശ്രീ. ഡില്ലൻസ് & ഫാമിലി, തട്ടിൽ ചീനിക്കൽ ഹൗസ്, നെടുപുഴ
4. അനു ജോൺ. വാഴപ്പറമ്പൻ ഹൗസ്, കോനിക്കര
5. ശ്രീമതി ടി. എ. എൽസി, താഴത്തേടത്ത് ഹൗസ്, മാന്നാമംഗലം
6. ശ്രീ. ജോസഫ് ബേയ്സിൽ, C/o ശ്രീമതി പി. ജെ. മേരിക്കുട്ടി, പടന്നമാക്കൽ ഹൗസ്, മണ്ണുത്തി.

**ഫാ. ഡൊമിനിക് തലക്കോടൻ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

1. **നവതി–ജന്മദിന സുഹൃദ്സംഗമം ജൂബിലിയിൽ**

ആർച്ച് ബിഷപ്പ് എമിരിറ്റസ് മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന്റെ നവതി ആഘോഷവും, ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ 69–ാം ജന്മദിന സുഹൃദ്സംഘമവും ജൂബിലി മിഷൻ ആശുപത്രിയിൽ നടന്നു. സംസ്ഥാന കൃഷിവകുപ്പ് മന്ത്രി വി. എസ്. സുനിൽകുമാർ നവതി–ജന്മദിനസുഹൃദ്സംഗമം ഉദ്ഘാടനം ചെയ്തു.

ചീഫ് വിപ്പ് അഡ്വ. ശ്രീ. കെ. രാജൻ മുഖ്യാതിഥിയാ യിരുന്നു. പുറനാട്ടുകര ശ്രീ രാമകൃഷ്ണാശ്രമം മേധാവി സ്വാമി സദ്ഭവാനന്ദ, കാളത്തോട് ജുമാ മസ്ജിദ് ഇമാം ശ്രീ. ഷംസുദ്ദീൻ ഖാസ്മി എന്നിവർ അനുഗ്രഹപ്രഭാഷണം നടത്തി. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സ്വാഗതം പറഞ്ഞ ചടങ്ങിൽ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ചു. മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിനെ കൽദായ സുറിയാനി സഭ മെത്രാപ്പോലീത്ത മാർ അപ്രേം മെത്രാപ്പോലീ ത്തയും മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിലും പൊന്നാടയണിയിച്ചു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീമതി അജിത വിജയൻ, ഡെപ്യൂട്ടി മേയർ റാഫി പി. ജോസ്, തൃശ്ശൂർ ജില്ലാ കളക്ടർ ശ്രീ. എസ് ഷാനാവസ് IAS, തിരുവമ്പാടി–പാറമേക്കാവ് ദേവസ്വം പ്രതിനിധികൾ എന്നിവർ പിതാക്കന്മാരെ ആദരിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന ആശംസകളർപ്പിച്ചു. ജില്ലയിലെ പ്രമുഖ വ്യക്തികളും സംഘടനകളും പിതാക്കന്മാരെ ആദരിച്ചു. ജൂബിലി മിഷൻ ആശുപത്രി അസോസിയേറ്റ് ഡയറക്ടർ ഫാ. പോൾ പേരാമംഗലത്ത് നന്ദി പറഞ്ഞു.

**2. അമേരിക്കൻ സർവ്വകലാശാലയിൽ നിന്നുള്ള സംഘം ജൂബിലിയിൽ**

അമേരിക്കയിലെ ബെല്ലാർമിൻ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള പതിനാറംഗ സംഘം എക്സ്പ്ലോർ ഇന്ത്യ എന്ന പരിപാടിയുടെ ഭാഗമായി കേരള സംസ്കാരത്തെ അടുത്തറിയുന്നതിനായി കേരളം സന്ദർശിച്ചു. ആയുർവ്വേദത്തെക്കുറിച്ച് പഠനം നടത്തുന്നതിനായി ജൂബിലി ആയുർവ്വേദ മിഷൻ ആശുപത്രി സന്ദർശിച്ചു. ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, അസോ. ഡയറക്ടർ ഫാ. പോൾ പേരാമംഗലത്ത് എന്നിവർ ചേർന്ന് സ്വീകരിച്ചു. ജൂബിലി ആയുർവ്വേദ മിഷൻ ആശുപത്രിയിൽ ആയുർവ്വേദവിധിപ്രകാരമുള്ള പ്രായോഗിക പഠനവും യോഗ പരിശീലനവും നടത്തി. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ യാത്ര ചെയ്ത് രാജ്യത്തിന്റെ സംസ്ക്കാരത്തെക്കുറിച്ച് പഠിക്കുക എന്നതാണ് വിദേശ സംഘത്തിന്റെ ലക്ഷ്യം.

**3. അന്തർദേശീയ ശില്പശാല**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഗർഭാശയ രോഗങ്ങളെ താക്കോൽദ്വാര ശസ്ത്രക്രിയകളിലൂടെ എങ്ങിനെ

ചികിത്സിച്ചു ഭേദമാക്കാം എന്നതിനെക്കുറിച്ചുള്ള ശില്പശാല – ഹൊറിസോൺ 2019 – നടന്നു. രാവിലെ ശില്പശാലയിൽ ഡോ. ശൈലേഷ് പുന്താംബേക്കർ, ഡോ. സുനീത ടണ്ടുൽവാട്ക്കർ, ഡോ. പി. ജി. പോൾ, ഡോ. ഹഫീസ് റഹ്മാൻ, പത്മശ്രീ. ഡോ. മഞ്ജുള അനഗാനി, ഡോ. ബി. രമേഷ്, ഡോ. കുരിയൻ ജോസഫ്, ഡോ. സെർജിയോ എന്നിങ്ങനെ ഇന്ത്യയിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നുമായി ഇരുപതോളം വിദഗ്ധർ ശസ്ത്രക്രിയ ക്ലാസുകൾ നയിച്ചു. താക്കോൽദ്വാര ശസ്ത്രക്രിയകളിലെ നൂതനമാർഗ്ഗങ്ങൾ അവലംബിച്ച് നടത്തിയ ശില്പശാലയിൽ മുന്നൂറോളം ഗൈനക്കോളജിസ്റ്റുകൾ പങ്കെടുത്തു.

**4. ജൂബിലിയും രാജീവ് ഗാന്ധി സെന്ററും ഗവേഷണ സഹകരണത്തിന്**

തൃശ്ശൂരിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഗവേഷണ വിഭാഗവും തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയും ഗവേഷണ പ്രവർത്തനങ്ങളിൽ സംയുക്തമായി പ്രവർത്തിക്കാനുള്ള ധാരണാപത്രം ഒപ്പുവെച്ചു. ജൂബിലിയിൽ നടന്ന ചടങ്ങിൽ ജൂബിലി മിഷൻ ട്രസ്റ്റ് ചെയർമാൻ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ സാന്നിധ്യത്തിൽ ധാരണാപത്രം കൈമാറി.

സ്തനാർബുദം, കരളിനെ ബാധിക്കുന്ന കാൻസർ എന്നിവയിൽ കീമോതെറാപ്പി ഔഷധങ്ങളുടെ തോത് കുറയ്ക്കുന്നതിനുള്ള ഗവേഷണത്തിനാണ് തുടക്കമിടുന്നത്. ജൂബിലി ഗവേഷണ കേന്ദ്രത്തിന്റെ ദേശീയ ഉപദേശക സമിതി യോഗത്തിലാണ് ധാരണാപത്രം കൈമാറിയത്.

ഉപദേശകസമിതി യോഗത്തിൽ ഡോ. പദ്മശ്രീ ഇ. ഡി. ജമ്മിസ് (ബാംഗളൂർ), ഡോ. സുരേഷ് (വലിയത്ത് ഹോസ്പിറ്റൽ, കരുനാഗപ്പിള്ളി), ഡോ. ലാസർ മാത്യു (DRDO, ന്യൂഡെൽഹി), ഡോ. എൻ. ശ്രീകുമാരൻ നായർ (JIPMER, പോണ്ടിച്ചേരി), ഡോ. സി. കെ. കെ. നായർ (പുഷ്പഗിരി, തിരുവല്ല), ഡോ. ഡി. എം. വാസുദേവൻ (ജൂബിലി റിസേർച്ച് ഡയറക്ടർ), ഡോ. പ്രവീൺലാൽ കുറ്റിച്ചിറ (പ്രിൻസിപ്പാൾ ജൂബിലി മെഡിക്കൽ കോളേജ്), ഡോ. പി. ടി. അണ്ണാമല (പ്രൊഫസർ, ജൂബിലി മെഡിക്കൽ കോളേജ്), ഡോ. പി. ആർ വർഗ്ഗീസ് (ജൂബിലി റിസർച്ച് കോ ഓർഡിനേറ്റർ) എന്നിവർ പങ്കെടുത്തു.

5. **മനസ്സ് 2020 ക്ലിനിക്കൽ സൈക്കോളജി എക്സിബിഷൻ**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ മന:ശാസ്ത്രവിഭാഗം വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ക്ലിനിക്കൽ സൈക്കോളജിയുടെ സമകാലിക പ്രസക്തിയും സാധ്യതകളും മനസ്സിലാക്കികൊടുക്കുന്നതിനും അവരിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി മനസ്സ് 2020 എന്ന പേരിൽ ക്ലിനിക്കൽ സൈക്കോളജി എക്സിബിഷൻ സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് നിർവ്വഹിച്ചു. നഗരത്തിലെ പ്രമുഖ കോളേജുകളിൽ നിന്നും ഹൈസ്കൂളുകളിൽ നിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നുമായി നിരവധി പേർ പങ്കെടുത്തു.

6. **ജൂബിലിയും കാരുണ്യ യൂണിവേഴ്സിറ്റിയും ഗവേഷണ സഹകരണത്തിന്**

തൃശ്ശൂരിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജും, കോയമ്പത്തൂരിലെ കാരുണ്യ യൂണിവേഴ്സിറ്റിയും മെഡിക്കൽ–എഞ്ചിനീയറിങ്ങ് മേഖലയിൽ സംയുക്ത ഗവേഷണത്തിനുള്ള സമ്മതപത്രത്തിൽ ഒപ്പുവെച്ചു. ജൂബിലിയിൽ നടന്ന ചടങ്ങിൽ കാരുണ്യ ഡീംഡ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. പി. മന്നാർ ജവഹറും, ജൂബിലി ഡയറക്ടർ ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്തും ധാരണാപത്രം ഒപ്പുവെച്ച് ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ സാന്നിധ്യത്തിൽ പരസ്പരം കൈമാറി.

ന്യൂറോളജി, റേഡിയോളജി, ഗൈനക്കോളജി തുടങ്ങിയ വിഭാഗങ്ങളിൽ സാങ്കേതിക ശാസ്ത്രത്തിന്റെ നൂതന സങ്കൽപ്പങ്ങൾ ഉപയോഗിച്ചുള്ള ഗവേഷണങ്ങൾക്കാണ് തുടക്കത്തിൽ പ്രാധാന്യം നൽകുക. കാരുണ്യ യൂണിവേഴ്സിറ്റി പ്രൊ.വൈസ് ചാൻസലർമാരായ ഡോ. ഇ. ജെ. ജെയിംസ്, ഡോ. ലാസർ മാത്യു എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

7. **അഭിനന്ദനങ്ങൾ – ആശംസകൾ**

- സി.എം.സി. വെല്ലൂരിൽ നടന്ന ജെറിയാട്രിക്സ് അഖിലേന്ത്യാ സമ്മേളനത്തിൽ – 'ദി ജെറിക്കൺ 2019 പ്ലാറ്റ് ഫോം അവതരണത്തിന് ജെറിയാട്രിക് മെഡിസിൻ വിഭാഗവും, ഡോ. അനു ഫ്രാൻസിസും ഒന്നാം സമ്മാനം നേടി.

8. **ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീ. ജൂലി ജോസ്, ആളൂർ ഹൗസ്, ആർത്താറ്റ് പി. ഒ., തൃശ്ശൂർ (28 ഡയാലിസിസ്)

- ചെറുപുഷ്പം യൂണിറ്റ്, മിഷൻ ക്വാർട്ടേഴ്സ് റോഡ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ (14 ഡയാലിസിസ്)
- അസീസി പ്രൊവിൻഷ്യൽ ഹൗസ്, തൃശ്ശൂർ (100 ഡയാലിസിസ്)
- ശ്രീ. ജോഷി പോൾ, ചിറയത്ത് മഞ്ഞില ഹൗസ്, മുക്കാട്ടുകര, തൃശ്ശൂർ (71 ഡയാലിസിസ്)
- ശ്രീമതി ലീല തോമസ്, ചിറക്കേക്കാരൻ, എറണാകുളം (71 ഡയാലിസിസ്)
- മൊണാർക്ക് കുറീസ് പ്രൈവെറ്റ് ലിമിറ്റഡ്, തൃശ്ശൂർ (14 ഡയാലിസിസ്)
- ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, പ്രിൻസിപ്പൽ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ (14 ഡയാലിസിസ്)
- ശ്രീ. ജോ ബാസ്റ്റിൻ സെബി, വളപ്പില ഹൗസ്, മരിയാപുരം, തൃശ്ശൂർ (14 ഡയാലിസിസ്)
- ശ്രീ. ജോയ്സൺ കെ. മാത്യു, കുരുതുകുളങ്ങര ഹൗസ്, വലപ്പാട്, തൃശ്ശൂർ (14 ഡയാലിസിസ്)
- ഇൻഫന്റ് ജീസസ് ചർച്ച്, വരാക്കര സൗത്ത്, തൃശ്ശൂർ (14 ഡയാലിസിസ്)

**9. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- രാജഗോപാൽ, രാജ്ഭവൻ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. മനുഷ്യാവകാശ ദിനാചരണം**

കൊമേഴ്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മനുഷ്യാവകാശ ദിനം

ആചരിച്ചു. പി.ടി.എ പ്രസിഡന്റ് അഡ്വ. ടോജു ജെ. നെല്ലിശ്ശേരി ബോധവത്കരണ ക്ലാസ് നയിച്ചു. പ്രിൻസിപ്പാൾ, എക്സിക്യൂട്ടീവ് മാനേജർ, വൈസ് പ്രിൻസിപ്പാൾ എന്നിവർ പങ്കെടുത്തു.

2. **മാനേജ്മെന്റ് ട്രെയിനിംഗ് & എക്സ്.ഐ.എം.ഇ ട്രെയിനിംഗ്**

എറണാകുളം സേവ്യർ ഇൻസ്റ്റിറ്റ്യൂട്ട് & മാനേജ്മെന്റ് എഡ്യൂക്കേഷൻ സെന്ററിൽ വെച്ച് നമ്മുടെ കോളേജിലെ അദ്ധ്യാപകർക്കായി രണ്ടുഘട്ടമായി മാനേജ്മെന്റ് ട്രെയിനിംഗ് സംഘടിപ്പിക്കുകയുണ്ടായി. 2019 ഡിസംബർ 13,14 തീയ്യതികളിൽ നടന്ന പ്രോഗ്രാമിൽ പ്രിൻസിപ്പാൾ, വൈസ് പ്രിൻസിപ്പാൾ എന്നിവരടക്കം 28 പേർ പങ്കെടുക്കുകയും മാനേജർ മാർ ടോണി നീലങ്കാവിൽ സംബന്ധിച്ച് പ്രഭാഷണം നടത്തുകയും ചെയ്തു. 2020 ജനുവരി 2,3 തീയ്യതികളിൽ നടന്ന രണ്ടാമത്തെ പ്രോഗ്രാമിൽ 29 അദ്ധ്യാപകർ പങ്കെടുക്കുകയും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

3. **ഊർജ്ജ സംരക്ഷണം**

കോളേജിലെ ഊർജ്ജകിരണിന്റെ ആഭിമുഖ്യത്തിൽ ഒല്ലൂർ നിയോജക മണ്ഡലത്തിൽ സ്റ്റാറ്റിസ്റ്റിക്സ് – ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റുകളുടെ സഹകരണത്തോടെ ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ഒപ്പുശേഖരണ പരിപാടി തൃശൂർ കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാൻന്റിംഗ് കമ്മറ്റി ചെയർപേഴ്സൻ ശ്രീമതി കരോളിൻ ജോഷ്വ ഉദ്ഘാടനം ചെയ്തു.

4. **സെമിനാർ**

12.12.2019 ന് മലയാളം ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ മലയാള കവിതയുടെ നാൾ വഴികൾ എന്ന വിഷയത്തിൽ കവി മുരളി പുറനാട്ടുകര ക്ലാസുകൾ നയിച്ചു.

5. **ഡി.റ്റി.എ.എൽ. ക്ലാസുകൾ**

സെന്റ് തോമാസ് ആൾട്ടർനേറ്റീവ് ലേണിങ്ങ് എന്ന സെല്ലിന്റെ ആഭിമുഖ്യത്തിൽ ക്വിസ് പ്രോഗ്രാം 18.12.2019 ൽ സംഘടിപ്പിച്ചു.

6. **പുരസ്ക്കാര 2019**

ഇന്നോവേഷൻ സെല്ലിന്റെ ആഭിമുഖ്യത്തിൽ മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് 12.12.2019 ന് സമ്മാന വിതരണം നടത്തി. ഹൈക്കൺ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ ശ്രീ. ക്രിസ്റ്റോ ജോർജ് മുഖ്യാതിഥി ആയിരുന്നു.

7. **ഹോം ഡേ ആചരിച്ചു**

ഹോം ഡെ, പാട്രൺസ് ഡെ എന്നിവ 12.12.2019 ന് ആഘോഷിച്ചു.

അന്നേ ദിവസം കാലിക്കറ്റ് യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. സി. എൽ. ജോഷിക്ക് കോളേജിൽ സ്വീകരണം നൽകി. പാട്രൺ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ജന്മദിനത്തോടനുബന്ധിച്ച് ആശംസകൾ നേർന്നു.

**8. കായികരംഗം**

ബോക്സിംഗ് – കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വുമൺ ബോക്സിംഗിൽ കോളേജ് ടീം ചാമ്പ്യൻഷിപ്പ് നേടി. കോളേജിലെ യോഗ പുരുഷ, വനിത ടീമുകൾ യൂണിവേഴ്സിറ്റി യോഗ ചാമ്പ്യൻഷിപ്പ് നേടി. രണ്ടു ചാമ്പ്യൻഷിപ്പും ഒരുമിച്ച് നേടുന്നത് കോളേജിന്റെ ചരിത്രത്തിൽ ആദ്യമായാണ്. 7 വിദ്യാർത്ഥികൾ യോഗ ദേശീയ മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത നേടി.

**9. എൻ.സി.സി ദിനാഘോഷം**

എൻ.സി.സി ദിനാഘോഷം കോളേജിൽ രക്തദാനം നടത്തി എൻ.സി.സി അംഗങ്ങൾ ആഘോഷിച്ചു. സീനിയർ അണ്ടർ ഓഫീസർ ഡൊണാൾഡ് പി.ഡി മുഖ്യാതിഥിയായിരുന്നു.

**10. ക്രിസ്തുമസ് കാർണിവൽ മിസൽടോ 1.9**

കോളേജിലെ സംരഭകർത്തൃ വികസന ക്ലാസിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് കാർണിവൽ മിസൽ 1.9 നടത്തി. വിവിധ കോളേജുകളിൽ നിന്നായി 25 കുട്ടികൾ കാർണിവലിൽ പങ്കെടുത്തു. നൂതന നക്ഷത്രങ്ങൾ നിർമ്മിച്ച് വിജയിച്ച കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി ആദരിച്ചു.

പുതിയ കേക്കുകളുടെ നിർമ്മാണത്തിൽ ഒന്നാം സ്ഥാനം ആയിഷ പി.എസ്, അക്ഷയ എസ്. ക്രൈസ്റ്റ് കോളേജ് ഇരിഞ്ഞാലക്കുട കരസ്ഥമാക്കി. രണ്ടാം സ്ഥാനം വിമല കോളേജ് തൃശൂരിലെ ഷാഹിന, ജാസ്മിൻ എന്നിവർ കരസ്ഥമാക്കി.

**11. ഫ്ളാഷ് മോബ്**

കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് പിരിയോഡിക് ടേബിളിന്റെ വർഷാചരണത്തോടനുബന്ധിച്ച് കുട്ടികളുടെ പിരിയോഡിക് ടേബിളിന്റെ ഫ്ളാഷ്മോബ് നടത്തി.

**12. ശശി തരൂർ സെന്റ് തോമാസിലെ കോൺക്ലേവിൽ**

ഇന്ത്യൻ ഭരണഘടനയുടെ 70–ാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ കോൺക്ലേവിൽ എം.പി ശ്രീ. ശശിതരൂർ സംബന്ധിച്ചു. നൂറ്റമ്പത് +2, കോളേജ് വിദ്യാർത്ഥികളുമായി സംവാദം നടത്തി. സെന്റ് തോമാസ് കോളേജ് ഒ.എസ്.എ യുടെ ആഭിമുഖ്യത്തിലാണ്

കോൺക്ലേവ് നടത്തിയത്. തൃശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ചു. മാനേജർ മാർ ടോണി നീലങ്കാവിൽ സന്നിഹിതനായിരുന്നു.

**13. മാർ ജോൺ മേനാച്ചേരി ചരമ ശതാബ്ദി ആചരണം**

സെന്റ് തോമാസ് കോളേജിന്റെ ശില്പിയും, അതിരൂപതയുടെ പ്രഥമ തദ്ദേശിയ മെത്രാനുമായ മാർ ജോൺ മേനാച്ചേരിയെ അനുസ്മരിച്ച് കോളേജ് ചരിത്രവിഭാഗം സെമിനാർ നടത്തി. അതിരൂപതാ മെത്രാൻ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്ത സെമിനാറിൽ കാലടി സംസ്കൃത സർവ്വകലാശാല ചരിത്രപണ്ഡിതൻ ഡോ. എൻ. ജെ. ഫ്രാൻസിസ് മാർ ജോൺ മേനാച്ചേരിയുടെ സംഭാവനകളെക്കുറിച്ച് ക്ലാസു നയിച്ചു.

**14. ജോലി ലഭിച്ചു**

കോളേജ് പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച റിക്രൂട്ട്മെന്റ് ഡ്രൈവിൽ ടി.സി.എസിൽ 18 പേർക്കും, പഞ്ചാബ് നാഷണൽ ബാങ്കിൽ 4 പേർക്കും സ്ഥിര ജോലി ലഭിച്ചു.

**15. നെറ്റ് പാസായവർ**

ഇംഗ്ലീഷ് – നിവേദിത, മരിയ ബിജു, അലിഷ, കാർത്തിക

കോമേഴ്സ് – നിമിഷ സണ്ണി, നയൻ കൃഷ്ണ

കംപ്യൂട്ടർ– നന്ദജ

**16. അന്തർ ദേശിയ സെമിനാർ**

കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന അന്തർ ദേശീയ സെമിനാർ സംഘടിപ്പിച്ചു. ഫിൻകോൺ 2020 എന്ന സെമിനാർ ജപ്പാനിലെ ഫ്രാൻസ്കൊ അഡ്വാൻസ്ഡ് ടെക്നോളജി മാനേജിംഗ് ഡയറക്ടർ ടി. യസൂദ ഉദ്ഘാടനം ചെയ്തു. കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. വർഗീസ് കൂത്തൂർ അനുഗ്രഹ പ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ. കെ.എൽ ജോയ് അദ്ധ്യക്ഷത വഹിച്ചു.

**17. സീതാരാമൻ അനുസ്മരണ പ്രഭാഷണം**

ഫിസിക്സ് മുൻ വകുപ്പു മേധാവിയായിരുന്ന സീതാരാമൻ സാറിന്റെ പേരിൽ അദ്ദേഹത്തിന്റെ ശിഷ്യനും സെന്റ് തോമാസിന്റെ പൂർവ്വ വിദ്യാർത്ഥിയുമായ ഡോ. വിശ്വനാഥൻ (പ്രൊഫസർ ഡെക്സാസ് യൂണിവേഴ്സിറ്റി, അമേരിക്ക) ഏർപ്പെടുത്തിയ എന്റോവ്മെന്റ് പ്രഭാഷണം ഡോ. സേതുമാധവൻ ജനുവരി 7 ന് നടത്തി.

18. **നാഷണൽ വിന്നർ**

ഇന്റർ യൂണിവേഴ്സിറ്റി അത്‌ലറ്റിക് റിലേ ചാമ്പ്യൻഷിപ്പിൽ അശ്വിൻ ബി.ശങ്കർ സിൽവർ മെഡൽ കരസ്ഥമാക്കി. ഈ നേട്ടം ഈ വർഷത്തെ ആദ്യത്തെ ദേശീയ നേട്ടമാണ്.

19. **സൗത്ത് ഇന്ത്യ-വെസ്റ്റേൺ മ്യൂസിക്**

സൗത്ത് ഇന്ത്യയിലെ ഇന്റർ യൂണിവേഴ്സിറ്റി വെസ്റ്റേൺ മ്യൂസിക് മത്സരത്തിൽ നമ്മുടെ കോളേജ് ടീം രണ്ടാം സ്ഥാനം നേടി.

**ഡോ. പി.വി. ആന്റോ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ & എക്സിക്യൂട്ടീവ് മാനേജർ




## ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

1. **ജ്യോതി സാങ്കേതിക സംവാദം – സോളാർ എനർജി:**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ നേതൃത്വത്തിൽ തൃശൂർ പ്രസ്സ് ക്ലബ്ബ് ഹാളിൽ സോളാർ എനർജിയും അതിന്റെ സാധ്യതകളും എന്ന വിഷയത്തിൽ സാങ്കേതിക സംവാദം നടന്നു. ജ്യോതി എഞ്ചിനീയറിംഗ് കോളേജ് കാമ്പസ് ഹെഡ് ഫാ. റോയ് ജോസഫ് വടക്കൻ സംവാദപരമ്പര ഉദ്ഘാടനം ചെയ്തു. അക്കാദമിക് ഡയറക്ടർ റവ. ഡോ. ജോസ് കണ്ണമ്പുഴ ആമുഖപ്രഭാഷണം നടത്തി. അഡ്മിനിസ്ട്രേററർ തോമസ് മാത്യു, പ്രൊഫ. ആനി പി. ജോസഫ് തുടങ്ങിയവർ സംസാരിച്ചു. തൃശൂർ ജില്ലാ അനർട്ട് എഞ്ചിനീയർ വിനോദ്. എൻ, സോളാർ എനർജിയുടെ സാങ്കേതിക വശങ്ങളെക്കുറിച്ച് സംസാരിച്ചു. കെ.എസ്.ഇ.ബി അസിസ്ററന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മനോജ്. വി.എ., സോളാർ എനർജി നടപ്പിലാക്കുന്നതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ വിശദീകരിച്ചു. ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഇലക്ട്രിക്കൽ ആന്റ്

കമ്മ്യൂണിക്കേഷൻ വിഭാഗം മേധാവി ഡോ.ജോസ് പി തേറാട്ടിൽ സോളാർ എനർജി ഉപയോഗത്തിന്റെ ബുദ്ധിമുട്ടുകളെക്കുറിച്ച് സംസാരിച്ചു.

2. **ക്രിസ്തുമസ് ആഘോഷം:**

ജ്യോതിയിലെ ക്രിസ്തുമസ് ആഘോഷം മോൺ. തോമസ് കാക്കശ്ശേരി കേക്ക് മുറിച്ച് ഉദ്ഘാടനം ചെയ്തു. കാമ്പസ് ഹെഡ് ഫാ. റോയ് ജോസഫ് വടക്കൻ, അക്കാദമിക് ഡയറക്ടർ റവ. ഡോ. ജോസ് കണ്ണമ്പുഴ, പ്രിൻസിപ്പാൾ റവ. ഡോ. ജെയ്സൺ പോൾ മുളേരിക്കൽ അഡ്മിനിസ്ട്രേററർമായ തോമസ് മാത്യു, ബോബി പീററർ, ജേക്കബ്ബ് ഇ.ഡി, കോളേജ് യൂണിയൻ ചെയർമാൻ ജോയൽ മാത്യൂസ് തുടങ്ങിയവർ ക്രിസ്തുമസ് സന്ദേശം നല്കി.

3. **റിസർച്ച് സെന്റർ ഉദ്ഘാടനം:**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ റിസർച്ച് സെന്ററിന്റെ ഉദ്ഘാടനം തൃശൂർ അതിരൂപത മെത്രോപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. മാനേജർ മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ചു. ഡി.ആർ.ഡി.ഒ. മുൻ ഡയറക്ടറും ഇന്ത്യ ഹെൽത്ത് ആന്റ് ടെക്നോളജി സീനിയർ അഡ്വൈസറുമായ ഡോ. ടി. ലാസർ മാത്യു മുഖ്യതിഥിയായിരുന്നു. റിലയൻസ് ഇൻഡസ്ട്രീസ് ലിമിററഡ് ഗ്യാസിഫിക്കേഷൻ വിഭാഗം പ്രസിഡന്റ് തോമസ് മാത്യു മുഖ്യ പ്രഭാഷണം നടത്തി.

സമൂഹത്തിനാവശ്യമായ പുതിയ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുന്നതിനും, പുതിയ കണ്ടുപിടുത്ത ങ്ങൾക്ക് സഹായകമാകുന്നതിനും, നാളെയുടെ സാങ്കേതിക വിദ്യയുടെ നേതാക്കന്മാരെ വാർത്തെടുക്കുന്നതിനും വേണ്ടിയാണ് റിസർച്ച് സെന്റർ സ്ഥാപിച്ചിരിക്കുന്നത്.

4. **അധ്യാപക പരിശീലന പരിപാടി:**

ജ്യോതിയിലെ മെക്കാനിക്കൽ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പുനർനിർമ്മിക്കാവുന്ന ഊർജ്ജത്തിന്റെ ഉറവിടവും പരിപാലനവും എന്ന വിഷയത്തിൽ ഒരാഴ്ച നീണ്ടുനില്ക്കുന്ന പരിശീലന പരിപാടി നടത്തി. തൃശൂർ എഞ്ചിനീയറിംഗ് കോളേജ് പ്രൊഫ. കെ.കെ. രാമചന്ദ്രൻ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിററിയുടെ സാമ്പത്തിക സഹായത്തോടെയാണ് ഈ പരിശീലന പരിപാടി നടത്തിയത്. കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നായി 30 അദ്ധ്യാപകരും, സാങ്കേതിക വിദഗ്ദ്ധരും പങ്കെടുത്തു.

5. **വിദ്യാർത്ഥികൾക്ക് വർക്ക്ഷോപ്പ്** :

IEDC, സ്റ്റാർട്ട് അപ്പ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി കമ്പ്യൂട്ടർ പ്രോഗ്രാമായ പൈത്തൺ വിഷയത്തിൽ വർക്ക്ഷോപ്പ് നടത്തി.

**ഫാ. റോയ് വടക്കൻ**
സെക്രട്ടറി & അസി. മാനേജർ

**മോൺ. തോമസ് കാക്കശ്ശേരി**
മാനേജർ




# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

1. **യാത്രയയപ്പ് നൽകി**

മഹാജൂബിലി ട്രെയിനിംഗ് കേളേജിൽ സ്തുത്യർഹ സേവനം കാഴ്ച വെച്ച നാച്ചുറൽ സയൻസ് വിഭാഗം അദ്ധ്യാപിക ശ്രീമതി ബിനി. ടി .വി.ക്ക് 2019 ഡിസംബർ 2ന് യാത്രയപ്പ് നൽകി. കോള്ജ് പ്രിൻസി പ്പാൾ ഫാ.ചാക്കോ ചിറമ്മലും സഹദ്ധ്യാപകരും വിദ്യാർത്ഥികളും ആശംസകളർപ്പിച്ചു.

2. **NCTE വിവരശേഖരണം നടത്തി**

ബി.എഡ് കോളേജുകളുടെ വിവരശേഖരണത്തിന്റെ ഭാഗമായി NCTE യുടെ നേതൃത്വത്തിൽ മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ 16.12.2019 ൽ വിവരശേഖരണം നടത്തി.

3. **ക്രിസ്തുമസ് ആഘോഷിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കേളേജിൽ 2019 ഡിസംബർ 19–ാം തിയ്യതി അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് ക്രിസ്തുമസ് സമുചിത മായി ആഘോഷിച്ചു. കോളേജ് മാനേജർ മോൺ തോമസ് കാക്ക ശ്ശേരിയും അസി.ബർസാർ ഫാ.ബാബു അപ്പാടനും ആഘോഷവേള യിൽ പങ്കാളികളായി. കരോൾ ഗാനമത്സരവും മറ്റ് പരിപാടികളും ആഘോഷവേളയ്ക്ക് പകിട്ടേറി.

4. **ക്ലാസ്സുകൾ പുനരാരംഭിച്ചു**

ക്രിസ്തുമസ് അവധിക്കുശേഷം മഹാജൂബിലി ബി.എഡ് ട്രെയിനിംഗ്

കോളേജിൽ ബി.എഡ് കാസ്സുകൾ 2019 ഡിസംബർ 30ന് പുനരാരംഭിച്ചു.

5. **സ്വീകരണം നൽകി**

നാച്ചുറൽ സയൻസ് വിഭാഗത്തിൽ പുതിയ അദ്ധ്യാപികയായി ചാർജ്ജെടുത്ത ശ്രീമതി. ആശ ടീച്ചർക്ക് 30–12–2019ന് മഹാജൂബിലി കുടുംബം ഹൃദ്യമായ സ്വാഗതം നേർന്നു.

6. **വർക്ക്ഷോപ്പ് സംഘടിപ്പിച്ചു**

ബി.എഡ്. കരിക്കുലത്തിന്റെ ഭാഗമായി 2019 ഡിസംബർ 30, 31 തിയ്യതികളിൽ മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ ചാർട്ട് വർക്ക്ഷോപ്പും, സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ വർക്ക്ഷോപ്പും സംഘടിപ്പിച്ചു. 1–ാം വർഷ ബി.എഡ് വിദ്യാർത്ഥികളുടെ നേതൃത്വത്തിലായിരുന്നു വർക്ക്ഷോപ്പ് നടന്നത്.

7. **സ്പോർട്സ് ഡേ സംഘടിപ്പിച്ചു**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ 2020 ജനുവരി 14, ജനുവരി 15 തിയ്യതികളിൽ സ്പോർട്സ് ഡേ സംഘടിപ്പിച്ചു. വിദ്യാർത്ഥി–വിദ്യാർത്ഥിനികൾ വിവിധ കായിക ഇനങ്ങളിൽ പങ്കെടുത്തു.

**ഫാ. ബാബു അപ്പാടൻ**
അസി.മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പാൾ

## കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

1. **ഓർമ്മിക്കാൻ ............2020 ഫെബ്രുവരി**

ഫെബ്രുവരി 4 (ചൊവ്വ) – ലോക കാൻസർ ദിനം
ഫെബ്രുവരി 7 (വെള്ളി) – ആദ്യവെള്ളി, വി. കുർബാന
ഫെബ്രുവരി 11 (ചൊവ്വ) – ലൂർദ്ദ് മാതാവ് (രോഗീദിനം)
ഫെബ്രുവരി 13 (വ്യാഴം) – റേഡിയോ ദിനം

ഫെബ്രുവരി 21 (വെള്ളി) – മാതൃഭാഷ ദിനം
ഫെബ്രുവരി 25 (ചൊവ്വ) – വാഴ്ത്തപ്പെട്ട സി. റാണി മരിയ
ഫെബ്രുവരി 28 (വെള്ളി) – ശാസ്ത്രദിനം

**2. വാർഷിക പരീക്ഷകൾ**

വാർഷിക പരീക്ഷകൾ ആരംഭിക്കാറായി. വിദ്യാർത്ഥി– വിദ്യാർത്ഥിനികളെ പരീക്ഷകൾക്ക് നന്നായി ഒരുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. S.S.L.C., Plus Two വിദ്യാർത്ഥികൾക്ക് സ്പെഷൽ ക്ലാസ്സുകൾ വേണമെങ്കിൽ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ എന്നിവർ നൽകുന്ന നിർദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുമല്ലോ. പഠനത്തിൽ പിന്നിൽ നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി, എല്ലാ സ്കൂളുകളും 100% വിജയം നേടാൻ പ്രത്യേകം ശ്രദ്ധിക്കുക. ഫുൾ A+ കിട്ടുവാൻ സാധ്യതയുള്ളവർക്കും പ്രത്യേകം പരിശീലനം നൽകുമല്ലോ.

**3. ഹെഡ്മാസ്റ്റർ//പ്രിൻസിപ്പാൾ കോൺഫ്രൻസ്**

13–12–2019 ന് വെള്ളിയ7ാഴ്ച അതിരൂപത മെത്രാസന മന്ദിരത്തിൽ ഹെഡ്മാസ്റ്റർ//പ്രിൻസിപ്പാൾ കോൺഫ്രൻസ് നടന്നു. സ്ക്കോളർഷിപ്പ്പരീക്ഷ, യാത്രയയപ്പ് പരിപാടികൾ, S.S.L.C., Plus Two പരീക്ഷകൾ, മററു പൊതുവിഷയങ്ങൾ എന്നിവയെപ്പററി ചർച്ചകൾ നടത്തി. അധ്യാപകർ ഇന്ന് നേരിടുന്ന പ്രശ്നങ്ങളെ പ്പറ്റിയുള്ള അവലോകനങ്ങളും ഉണ്ടായിരുന്നു.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപറേറ്റ് മാനേജർ

## ബൈബിൾ പ്രേഷിതത്വം

**1. ബൈബിൾ അവാർഡ് ഡേ – 2019**

ബൈബിൾ പ്രേഷിതത്വം അവാർഡ് ഡേ, 2019 ഡിസംബർ 15ന്

ഞായറാഴ്ച ഉച്ചയ്ക്ക് 1.30ന് തൃശ്ശൂർ അതിരൂപത ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടന്നു. ബൈബിൾ പണ്ഡിതൻ റവ. ഡോ. മൈക്കിൾ കാരിമറ്റം ഉദ്ഘാടകനും, മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷനുമായിരുന്നു. മോൺ. ജോർജ്ജ് കോമ്പാറ ആശംസകളർപ്പിച്ചു. വെരിത്താസ് ക്വിസ് അതിരൂപത വിജയികൾ, ലോഗോസ് ക്വിസ് അതിരൂപത വിജയികൾ, ഇതര വെരിത്താസ് ക്വിസ് മത്സര വിജയികൾ, ബൈബിൾ വർണ്ണങ്ങൾ വിജയികൾ എന്നിവർക്ക് അതിരൂപത അവാർഡ് ദിനത്തിൽ സമ്മാനങ്ങൾ നല്കി.

2019 വർഷത്തെ ലോഗോസ്-വെരിത്താസ് ക്വിസ് മത്സരങ്ങൾക്ക് ഇടവകകളിൽ നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും, ഇടവക ആനിമേറ്റർമാർക്കും, ഫൊറോന കോഡിനേറ്റർമാർക്കും നന്ദി...

2. **ഫൊറോനതല ബൈബിൾ ദിനാചരണവും അവാർഡു ദാനവും**

കേരളസഭയിൽ ബൈബിൾ പാരായണ മാസമായി ആചരിക്കുന്ന ഡിസംബറിൽ ഇടവകതലത്തിലും കുടുംബകൂട്ടായ്മതലങ്ങളിലും മറ്റും ബൈബിൾ പാരായണങ്ങൾ സംഘടിപ്പിച്ച എല്ലാവർക്കും ബൈബിൾ അപ്പസ്തോലേറ്റിന്റെ നന്ദി രേഖപ്പെടുത്തുന്നു.

അതിരൂപത ബൈബിൾ മാസാചരണം 2019 ഡിസംബർ 1ന് ചേലക്കര, സെ. മേരീസ് ഫൊറോന ദൈവാലയത്തിൽ വെച്ച് ആരംഭിക്കുകയും ഡിസംബർ 29ന് പാലയൂർ, സെ. തോമസ് അതിരൂപത തീർത്ഥകേന്ദ്രത്തിൽ നടന്ന സമ്മേളനത്തോടെ പാരായണമാസാചരണത്തിന് സമാപനമാവുകയും ചെയ്തു. ബൈബിൾ മാസാചരണത്തിൽ വെച്ച് ഇടവകകളിലേക്കുള്ള ബൈബിൾ കലണ്ടറുകൾ വിതരണം ചെയ്യുകയുണ്ടായി

3. **തീർത്ഥാടനങ്ങൾ**

യൂറോപ്പ് തീർത്ഥാടനം 2020 മെയ് 05നും, ഒക്ടോബർ 01നും വിശുദ്ധനാട് തീർത്ഥാടനം 2020 ഏപ്രിൽ 21, മെയ് 05, 14, 20 എന്നീ തിയ്യതികളിലും പുറപ്പെടുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

ഇടവകകളിൽ നിന്നോ, മറ്റു സംഘടനകളുടെ നേതൃത്വത്തിലോ ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ....

ഫോൺ: 0487-2320780, 7558937090, 8921266465

**ഫാ. ജിന്റോ ചൂണ്ടൽ**
അസി. ഡയറക്ടർ

# സാന്ത്വനം

**1. കിലയിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു.**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ "തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ഇടവകതല സാമൂഹികവികസന ഇടപെടലുകളും" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പരിശീലനപരിപാടി കിലയിൽ വച്ച് നടത്തി. തൃശ്ശൂർ രൂപതയിലെ എല്ലാ ഇടവകകളിലെയും സാമൂഹ്യക്ഷേമ സമിതിയിലെ അംഗങ്ങൾക്കും മറ്റ് ഇടവക അംഗങ്ങൾക്കും വേണ്ടിയായിരുന്നു പരിശീലന പരിപാടി സംഘടിപ്പിച്ചത്. പ്രധാനമായും പരിശീലനപരിപാടിയിൽ ഗ്രാമസഭയും അതിന്റെ പ്രാധാന്യവും, പ്രാദേശിക ഭരണവും ഭിന്നശേഷി സൗഹൃദ ഇടപെടലുകളും, കേന്ദ്ര സംസ്ഥാനാവിഷ്കൃത പരിപാടികൾ, തദ്ദേശഭരണ സ്ഥാപനങ്ങളും സേവനങ്ങളും എന്നീ വിഷയങ്ങളെകുറിച്ച് ഡോ.പീറ്റർ രാജ്, ശ്രീ.ബാസുരംഗൻ, ശ്രീ.ജയദേവൻ, ശ്രീ.പി.ഡി.ഫ്രാൻസീസ് എന്നിവർ ക്ലാസുകൾ നൽകി. പരിശീലന പരിപാടി നടത്തുന്നതിനുവേണ്ട സ്ഥലവും സൗകര്യവും ഒരുക്കിത്തന്ന കില ഡയറക്ടർക്കും ടീമംഗങ്ങൾക്കും അതിരൂപതയുടെ പേരിലുള്ള നന്ദിയും കടപ്പാടും ഡയറക്ടർ ഫാ.തോമസ് പൂപ്പാടി അറിയിച്ചു.നാടിന്റെ പുരോഗതിയ്ക്കായി ഭരണ സംവിധാനങ്ങൾക്കിടയിൽ കില നടത്തുന്ന ക്രിയാത്മകമായ ഇടപെടലുകൾക്ക് അനുമോദനങ്ങൾ നേർന്നുകൊണ്ട് മെമന്റോ കൈമാറുകയും ചെയ്തു.

**2. ക്രിസ്തുമസ് സംഗമം**

ക്രിസ്തുമസിനോടനുബന്ധിച്ച് സാന്ത്വനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെയും പ്രസ്ഥാനങ്ങളിലെയും അംഗങ്ങളുടെയും, സാന്ത്വനം സ്റ്റാഫ് അംഗങ്ങളുടെയും ഗവേർണിംഗ് ബോർഡ് അംഗങ്ങളുടെയും സംഗമം സാന്ത്വനം ഹാളിൽ വെച്ച് നടത്തി. മോൺ.തോമസ് കാക്കശ്ശേരി കേക്ക് മുറിച്ച് എല്ലാവർക്കും ക്രിസ്തുമസ് സന്ദേശം നൽകി. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, അസി. ഡയറക്ടർ ഫാ. സിന്റോ തൊറയൻ, ഫാ.

ജോസ് വട്ടക്കുഴി എന്നിവർ ക്രിസ്തുമസ്–പുതുവത്സരാശംസകൾ നേർന്നു. ആഘോഷത്തിൽ പങ്കെടുത്ത ഏവർക്കും ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ക്രിസ്തുമസ് സമ്മാനം വിതരണം ചെയ്തു.

3. **SHG ക്രിസ്തുമസ് ആഘോഷവും വായ്പ വിതരണവും**
   സാന്ത്വനത്തിന്റെ കീഴിലുള്ള സ്വയം സഹായ സംഘത്തിന്റെ ക്രിസ്തുമസ് ആഘോഷവും, വായ്പവിതരണവും ഫാമിലി അപ്പോസ്തോലേറ്റ് സെന്ററിൽ വച്ചു നടത്തപ്പെട്ടു. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി സ്വാഗതവും ഫാ. ജോസ് വട്ടക്കുഴി ആമുഖ പ്രഭാഷണവും നടത്തി. വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി ക്രിസ്തുമസ് സന്ദേശം നൽകുകയും തുടർന്ന് വായ്പവിതരണം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. സാന്ത്വനത്തിന്റെ കീഴിലുള്ള അർഹരായ 10 സ്വയം സഹായ സംഘങ്ങൾക്ക് 30 ലക്ഷം രൂപയാണ് വായ്പയായി വിതരണം ചെയ്തത്.

4. **ഭവന സന്ദർശനവും പ്രോഗ്രസ്സ് റിപ്പോർട്ടുകൾ തയ്യാറാക്കലും**
   സേവ് എ ഫാമിലി പ്ലാനിന്റെ ഭാഗമായി 6 വർഷത്തെ സഹായ പരിധി അവസാനിച്ച ഗുണഭോക്തൃ കുടുംബങ്ങളുടെ പ്രോഗ്രസ്സ് റിപ്പോർട്ടുകൾ തയ്യറാക്കി. സഹായ പരിധി അവസാനിച്ച 10 കുടുംബങ്ങളിൽ കോർഡിനേറ്ററും ആനിമേറ്ററും അടങ്ങുന്ന സംഘം ഭവന സന്ദർശനം നടത്തി . ഇതിന്റെ അടിസ്ഥാനത്തിൽ പ്രോഗ്രസ്സ് റിപ്പോർട്ട് തയ്യാറാക്കി DDMS സോഫ്റ്റ് വെയറിൽ അപ്പ്ലോഡ് ചെയ്തു.

5. **ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും**
   വിജയപുരം – Rs.1 3,000/-, കൂനംമൂച്ചി – Rs.10,000/-, മനക്കൊടി Rs.5,000/-, അയ്യന്തോൾ – Rs.10,000/-, വില്ലടം – Rs.23,000/-, അടാട്ട് Rs.11,000/-, തണ്ടിലം – Rs.6,000/-

6. **അവലോകനയോഗവും കപ്പാസിറ്റി ബിൽഡിങ്ങും നടത്തി**
   സാന്ത്വനം സോഷ്യൽ അപ്പോസ്തോലേറ്റ് സെന്ററിന്റെ പ്രതിമാസ അവലോകനയോഗം സാന്ത്വനം ഹാളിൽവെച്ച് നടത്തപ്പെട്ടു. തുടർന്ന് കപ്പാസിറ്റി ബിൽഡിങ്ങ് പരിശീലനത്തിൻെറ ഭാഗമായി ദുർഗ്ഗന്ധമില്ലാത്ത കോഴി വളർത്തൽ എന്ന വിഷയത്തെകുറിച്ച് ആനിമേറ്ററായ ശ്രീമതി.സീജ രഞ്ജിത്ത് ക്ലാസ്സ് എടുത്തു. ക്ലാസിലൂടെ ദുർഗ്ഗന്ധമില്ലാത്ത കോഴിവളർത്തലിനുവേണ്ട കൂടിന്റെ നിർമ്മാണത്തിന്റെ ഓരോഘട്ടവും അതിനു ഉപയോഗിക്കുന്ന സാമഗ്രികൾ, ഈ കൂടിന്റെ ഗുണഗണങ്ങൾ എന്നിവയെക്കുറിച്ച് വിശദമായി

തന്നെ അവതരിപ്പിച്ച് വ്യക്തമാക്കുകയും ചെയ്തു. പ്രാർത്ഥന യോടെ യോഗം അവസാനിച്ചു.

**7. നവജീവൻ**

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ സാന്ത്വനം നടപ്പി ലാക്കുന്ന പ്രകൃതി ദുരന്തനിവാരണ പദ്ധതിയായ നവജീവൻ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ചാഴൂർ പഞ്ചാ യത്തിലെ 10–ാം വാർഡ് തല മീറ്റിങ്ങിൽ പ്രോജക്ടിനെപ്പറ്റി കോർഡിനേറ്റർ വിശദീകരിച്ചു. വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് വാർഡിന്റെ രൂപരേഖ തയ്യാറാക്കുകയും അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. വാർഡ് മെമ്പർ, ആശാവർക്കർ, അം ഗനവാടി ടീച്ചർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**8. മറ്റത്ത് സമൂഹ്യ ക്ഷേമസമിതി തുടങ്ങി**

സാന്ത്വനത്തിന്റെ ഇടവകതല യൂണിറ്റായ സമൂഹ്യ ക്ഷേമസമിതിയ്ക്ക് മറ്റം ഇടവകയിൽ തുടക്കം കുറിച്ചു. ഇടവകയിലെ സാമൂഹ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, അതുവഴി സാന്ത്വന ത്തിന്റെ പ്രവർത്തനങ്ങൾ ഓരോ കുടുംബങ്ങളിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് സാമൂഹ്യക്ഷേമ സമിതി രൂപീകരിച്ചിരി ക്കുന്നത്.

**9. സെമിനാർ നടത്തപ്പെട്ടു**

സാന്ത്വനത്തിൽ "പൗരത്വഭേദഗതി ബിൽ " എന്ന വിഷയത്തെകു റിച്ച് സെമിനാർ നടത്തപ്പെട്ടു. സാന്ത്വനം സ്റ്റാഫ് അംഗമായ ശ്രീ. ക്ലിൻസ് സേവ്യർ പൗരത്വഭേദഗതി ബിൽ എന്ന വിഷയം അവതരി പ്പിക്കുകയും സെമിനാറിനു നേതൃത്വം നൽകുകയും ചെയ്തു. സെമി നാറിൽ പൗരത്വ ഭേദഗതി ബിൽ, NRC , CAA , നിയമ സാധ്യതകൾ എന്നിവയെകുറിച്ച് വിശദീകരിച്ചു. സെമിനാറിനോടനുബന്ധിച്ച് സ്റ്റാഫ് അംഗങ്ങളുമായി തുറന്ന സംവാദം നടത്തുകയും ചെയ്തു.

**10. SHG മോണിറ്ററിംഗ് വിസിറ്റിംഗ് നടത്തി**

ചേലക്കര യൂണിറ്റിലെ സ്വയം സഹായ സംഘങ്ങളിൽ മോണിറ്റ റിംഗ് വിസിറ്റ് നടത്തി. ലോൺ ഫണ്ട് വിനിയോഗം, വരുമാന വർദ്ധക സംരംഭങ്ങളുടെ പുരോഗതി,സംഘങ്ങളുടെ പ്രവർത്തന ങ്ങൾ എന്നിവയെ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകു കയും ചെയ്തു. വിസിറ്റിന് കോർഡിനേറ്റർ, സോണൽ കോർഡി നേറ്റർ, ആനിമേറ്റർ എന്നിവർ നേതൃത്വം നൽകി. പുതിയ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു.

കോടന്നൂർ, പറപ്പൂർ, ചേറ്റുപുഴ, പെരുവാംകുളങ്ങര എന്നീ യൂണി റ്റുകളിൽ പുതിയ സ്വയം സഹായ സംഘങ്ങൾ രൂപീകരീച്ചു.

സ്വയം സഹായ സംഘങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചും പുതിയ സംഘങ്ങൾക്ക് കോർഡിനേറ്റർ വീശദീകരിച്ച് കൊടുത്തു.

11. **സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ നടത്തി**

പാലയ്ക്കൽ, പൊന്നൂക്കര, പനംകുറ്റിച്ചിറ, പെരിഞ്ചേരി, അരണാട്ടുകര, വെണ്ടോർ, പനമുക്ക്, അടാട്ട് എന്നീ സ്നേഹനിധി യൂണിറ്റുകളിൽ വാർഷിക പൊതുയോഗം നടത്തി. പൊതുയോഗത്തിൽ ഇടവക വികാരിമാർ, സാന്ത്വനം ഡയറക്ടർ, അസി.ഡയറക്ടർ, കോർഡിനേറ്റർ, ആനിമേറ്റർ എന്നിവർ പങ്കെടുത്തു. സ്നേഹനിധി നിലനിർത്തികൊണ്ട് ഇടവകയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് ഡയറക്ടറച്ചൻ വിശദീകരിച്ചു. യൂണിറ്റുകളിൽ നല്ല സഹകരണമുണ്ടെന്നും ഇനിയും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു തരാമെന്നും ഡയറക്ടർ അറിയിച്ചു.

12. **ഗോഡ്സ് ഓൺ ഫാമിലി ബേസ് ലൈൻ ഡാറ്റാ കളക്ഷൻ നടത്തി**

കാലാവധി അവസാനിക്കുന്ന ഗുണഭോക്തൃകുടുംബങ്ങൾ കോർഡിനേറ്റർ ശ്രീമതി. രമ്യ റോബിനും ആനിമേറ്റർ ശ്രീമതി അനിത ജോസഫും സന്ദർശിച്ചു. ഓരോ കുടുംബത്തിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുകയും പുരോഗതി വിലയിരുത്തുകയും ചെയ്തു. നെല്ലങ്കര. പാടൂകാട്, പുത്തൻപീടിക, കണ്ടശ്ശാംകടവ് എന്നിവിടങ്ങളിലെ വീടുകളിൽ അടിസ്ഥാന വിവര ശേഖരണം നടത്തി. ഗുണഭോക്തൃകുടുംബങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വരുമാന വർദ്ധക സംരംഭങ്ങൾ, ഫണ്ട് വിനിയോഗം എന്നിവയെക്കുറിച്ച് വിലയിരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

13. **ഗോഡ്സ് ഓൺ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു**

കിള്ളിമംഗലം-Rs.22376/-,പറപ്പൂർ-Rs.44,340/-,പടവരാട്-Rs.9,731-,കോടന്നൂർ-Rs.1,52883/-,കോനിക്കര-Rs.9,597/-,പെരിഞ്ചേരി-Rs.92,005/-, വില്ലടം-Rs.48172/-, എളവള്ളി-Rs.10,000/-, പൊങ്ങണംക്കാട്- Rs.11,110/-, കാഞ്ഞാണി- Rs.5,000/-,പങ്ങാരപ്പിള്ളി- Rs.10,000/-,ചുവന്നമണ്ണ്-Rs.10,000/-,പുച്ചിന്നിപാടം-Rs.7,365/-,ചെവ്വൂർ–11,580/-,പള്ളിക്കുന്ന്–Rs.20,216/-,പുത്തൂർ-Rs.39,624/-,വെങ്ങിണിശ്ശേരി-Rs.14,139/-, വരടിയം-Rs.23,851/-,പുത്തൻപീടിക-Rs.21,903/-,കല്ലൂർ-Rs.10,000/-, ചേർപ്പ്-Rs.65,308/-,കണ്ടശ്ശാംകടവ്-Rs.53121/-,പെരുങ്ങോട്ടുകര-Rs.9,593/-,

14. ക്രിസ്തുമസ് ആശംസ കത്തുകൾ അയച്ചു

ഗോഡ്സ് ഓൺ ഫാമിലി, ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങൾ തങ്ങളെ സഹായിക്കുന്ന 200–ഓളം വരുന്ന ഉപകാരികൾക്കുള്ള ക്രിസ്തുമസ് ആശംസ കത്തുകൾ ശേഖരിക്കുകയും അയക്കുകയും ചെയ്തു. കുടുംബാംഗങ്ങൾ ചെയ്യുന്ന വരുമാന വർദ്ധക സംരംഭങ്ങൾ, ഇതിൽക്കൂടി കുടുംബത്തിനു വന്ന പുരോഗതി, കുടുംബാഗങ്ങളുടെ വിശേഷങ്ങൾ എന്നിവയെക്കുറിച്ചെല്ലാം കത്തിൽ വിവരിച്ചിട്ടുണ്ട്.

**ഫാ.സിന്റോ തൊറയൻ**
അസി.ഡയറക്ടർ

**ഫാ.തോമസ് പൂപ്പാടി**
ഡയറക്ടർ




# സ്ലം സർവ്വീസ് സെന്റർ കുരിയച്ചിറ

15–11–19ൽ സ്ലം സർവ്വീസ്സെന്ററിന്റെ കീഴിലുള്ള അയൽക്കൂട്ടങ്ങളുടെ കായികമത്സരങ്ങൾ നടത്തി. വാട്ടർസ്പിറ്റിങ്, സ്പൂൺറെയ്സ്, കുപ്പിയിൽ വെള്ളം നിറക്കൽ, നടത്തം എന്നിവയിൽ മത്സരങ്ങൾ നടത്തി. അതിനുശേഷം സി.ഡി.എസ് യോഗം ചേരുകയുംചെയ്തു.

24–11–19ൽ കുരിയച്ചിറ സെന്റ് റാഫേൽ യൂണിറ്റിലെ സ്ലം സർവ്വീസ്സെന്ററിന്റെ പ്രെയർഹാളിൽവെച്ച് പ്രൊഫ. ഷാജി മാത്യുകുടുംബനവീകരണത്തെപ്പറ്റിയും, ആ ഗ്രൂപ്പുകളുടെആവശ്യകതയെക്കുറിച്ചും ക്ലാസ്സെടുത്തു. ഡയറക്ടർ ഫാ. സിന്റോ തൊറയൻ, ഫാ. തോമസ് പൂപ്പാടി, സി. പിയൂഷ, കൺവീനർ V.S ജോൺസൻ, ഇസിദോർ ചക്കാലക്കൽ, ജാൻസി ജോൺസൻ,ഫീൽഡ്കോർഡിനേറ്റർ ശ്രീമതി. പ്രേമ മൈക്കിൾ, യൂണിറ്റ് പ്രസിഡന്റ് ശ്രീ. ലിജോ എന്നിവർ പ്രസംഗിച്ചു. ക്ലാസ്സിൽ 70 പേർ പങ്കെടുത്തു.

08–12–2019ൽ റയിൽവേ ചേരിയിലെ ബെറ്റർ ലൈഫ് ഫോർമേഷൻ

സെന്ററിൽ വെച്ച് സ്ലംസർവ്വീസ് സെന്ററിന്റേയും ജൂബിലി മിഷ്യൻ മെഡിക്കൽ കോളേജിന്റേയുംആഭിമുഖ്യത്തിൽ ലോകഎയ്ഡ്സ് ദിനത്തോടനുബന്ധിച്ച്സൗജന്യ പ്രമേഹ പരിശോധനയും, ആരോഗ്യബോധവത്ക്കരണ ക്ലാസും നടത്തി. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ താഴത്ത് ഉദ്ഘാടനം നിർവവ്വഹിച്ചു. ക്യമ്പിൽ 50 പേർ പങ്കെടുത്തു. DYSP മണികണ്ഠൻ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. സിന്റൊ തൊറയൻ അസോ. ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, ഡോ.ജോ തോമസ്, പ്രസിഡന്റ് ബേബി മൂക്കൻ, ഫാ. ടിജോ മുള്ളക്കര എന്നിവർ പ്രസംഗിച്ചു.

20–12–2019 ൽ ടിയാളുടേയും അയൽക്കൂട്ടങ്ങളുടേയും ആഭിമുഖ്യത്തിൽ ക്രിസ്തുമസ്ആഘോഷം നടത്തി. സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി കേക്ക് മുറിച്ച് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. സിന്റൊ തൊറയൻ അദ്ധ്യക്ഷത വഹിച്ചു. കൗൺസിലർ ജേക്കബ് പുലിക്കോട്ടിൽ, സി. ഡി എസ് പ്രസിഡന്റ് സുശീല സി.കെ എന്നിവർ ആശംസകൾ അർപ്പിച്ചു. യോഗത്തിൽവെച്ച് 3 പുതിയ മെമ്പർമാരെ ചേർത്തു. ശ്രീ. ചാർലി പന്തല്ലൂക്കാരൻ ശ്രീ.ജോസ്കൂത്തൂരിന് മെമ്പർഷിപ്പ് നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു.

യോഗത്തിൽ വെച്ച് കൊട്ടേക്കാട് മാർ. കുണ്ടുകുളം ഗ്രാമത്തിലെ മരിയ ഭവൻ കോൺവെന്റിൽ നിന്ന് മാറിപ്പോകുന്ന സി. നിഷ, സി.റോസിലി എന്നിവർക്ക് യാത്രയയപ്പ് നൽകി. അയൽക്കൂട്ടങ്ങളുടെ 9 മേഖലകളിൽ നിന്നായി 9 പേർ ലളിതഗാന മത്സരത്തിലും, 8 മേഖലകളിൽ നിന്ന് 8 ഗ്രൂപ്പും കരോൾ മത്സരത്തിൽ പങ്കെടുത്തു. കരോൾ ഗാനത്തിന് നെഹ്രു നഗർ, അടുപ്പൂട്ടിഎന്നീമേഖലകൾ ഒന്നും, രണ്ടും സ്ഥാനങ്ങൾക്ക് അർഹരായി.ലളിതഗാനത്തിന് അഞ്ചു ശ്രീജിത്ത്, ഗിൽമറ്റ്എന്നിവർഒന്നും, രണ്ടുംസ്ഥാനങ്ങൾ കരസ്ഥമാക്കി.

**FCC മരിയഭവൻ കോൺവെന്റ് ആശീർവദിച്ചു**

04/01/2020 ന് കൊട്ടേക്കാട് മാർ കുണ്ടുകുളം സ്മാരക ഗ്രാമത്തിൽ പുതിയതായി അനുവദിച്ച FCCസിസ്റ്റേഴ്സിന്റെ കോൺവെന്റ്,സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ആശീർവദിച്ചു. തുടർന്ന് നടന്ന വിശുദ്ധ കുർബാനക്ക് ഫാ. തോമസ് പൂപ്പാടി, ഡയറക്ടർ ഫാ. സിന്റൊ തൊറയൻ എന്നിവർ കാർമ്മികത്വം വഹിച്ചു. തുടർന്ന് തിരുഹൃദയ പ്രതിഷ്ഠാക്ക് ഫൊറോന വികാരി ഫാ. ജോജു ആളൂർ, നേതൃത്വം നൽകി. പുതുതായി സ്ഥാപിക്കുന്ന ക്രൂശിതരൂപം ഫാ. ഡേവീസ് പേരാമംഗലം ആശീർവദിച്ചു.

**ഫാ.സിന്റോ തൊറയൻ**
ഡയറക്ടർ



# ഫാമിലി അപ്പോസ്റ്റലേറ്റ്

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2008 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ **സീറോ ഡിവേഴ്സ്** പ്രോഗ്രാം നടത്തിവരുന്നു. കഴിഞ്ഞ മാസങ്ങളിൽ കിള്ളിമംഗലം, കോനിക്കര, കുണ്ടന്നൂർ, ചിറക്കേക്കോട് എന്നീ ഇടവകകളിൽ നടത്തുകയുണ്ടായി. സഹകരിച്ചവർക്കും പങ്കെടുത്തവർക്കും ഒത്തിരി നന്ദി. സീറോ ഡിവോഴ്സ് പ്രോഗ്രാം ഇടവക അടിസ്ഥാനത്തിൽ നടത്താൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറെ സമീപിക്കേണ്ടതാണ്.

**കപ്പിൾ മിനിസ്ട്രി**

**ഫെബ്രുവരി 1 ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 4.30 വരെ**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകകളിൽ കപ്പിൾ മിനിസ്ട്രി ആരംഭിക്കുന്നതിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട 12 ഇടവകകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ദമ്പതികൾക്കുള്ള പരിശീലനം ഫെബ്രുവരി 1–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 4.30 വരെ എറണാകുളം അതിരൂപതയുടെ കപ്പിൾ മിനിസ്ട്രിയുടെ നേതൃത്വത്തിൽ കപ്പിൾ മിനിസ്ട്രി പരിശീലനം ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സംഘടിപ്പിച്ചിരിക്കുന്നു. ഈ സംരംഭം വിജയിക്കുവാനായി പ്രാർത്ഥിക്കുമല്ലോ.

**ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ**
അസി.ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ



# കുടുംബക്കൂട്ടായ്മ

1. **വാർഷിക പദ്ധതി പ്രകാശനം :**തൃശ്ശൂർ അതിരൂപതയിലെ കുടുംബ കൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ 2020 ലെ ഇടവക, ഫൊറോന, അതിരൂപത വാർഷിക പദ്ധതി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പ്രകാശനം ചെയ്തു. വാർഷിക പദ്ധതി തയ്യാറാക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി പറയുന്നു.
2. **ഡയറക്ടറി പ്രകാശനം :** തൃശ്ശൂർ അതിരൂപതയിലെ കുടുംബ കൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ 2020–2022 കാലഘട്ടത്തിലെ കുടുംബ കൂട്ടായ്മ ഇടവക, ഫൊറോന, അതിരൂപത ഭാരവാഹികളുടെ പേരും ഫോൺ നമ്പറും ഉൾക്കൊള്ളുന്ന ഡയറക്ടറി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പ്രകാശനം ചെയ്തു. ഡയറക്ടറി തയ്യാറാക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി പറയുന്നു.
3. **ചർച്ചാപഠനപരിശീലന ക്യാമ്പ് ഫെബ്രുവരി 29 ശനി, 2.30 pm** മാർച്ച് മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ഫെബ്രുവരി 29–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താത്പര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.
4. **ബെസ്റ്റ് ഇടവക കേന്ദ്രസമിതി മത്സരം** :2020 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലഘട്ടത്തിലെ ഇടവക കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ നടത്തിയ പരിപാടികളുടെ വെളിച്ചത്തിലാണ് മത്സരം വിലയിരുത്തുക. അതിരൂപതയിൽ നിന്ന് നൽകപ്പെടുന്ന വാർഷികപദ്ധതിയുടെ വെളിച്ചത്തിലും ഇടവകകേന്ദ്രസമിതിയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളുമാണ് മാനദണ്ഡമായി എടുക്കുക. വാർഷിക റിപ്പോർട്ടിനൊപ്പം പരിപാടികളുടെ ഫോട്ടോയും ഉൾപ്പെടുത്തേണ്ടതാണ്. 2020 ജനുവരി മുതൽ ഡിസംബർ വരെയുള്ള കർമ്മ

പരിപാടികളുടെ ഫോട്ടോയും റിപ്പോർട്ടും 2021 ജനുവരി 31–ാം തിയ്യതിക്കു മുൻപായി അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ ഏൽപിക്കേണ്ടതാണ്. പിന്നീട് വരുന്ന റിപ്പോർട്ട് മത്സരത്തിന് പരിഗണിക്കുന്നതല്ല.

5. **ബെസ്റ്റ് കുടുംബകൂട്ടായ്മ മത്സരം :** 2020 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലഘട്ടത്തിലെ യൂണിറ്റുകളുടെ നേതൃത്വത്തിൽ നടത്തിയ പരിപാടികളുടെ വെളിച്ചത്തിലാണ് മത്സരം വിലയിരുത്തുക. അതിരൂപതയിൽ നിന്ന് നൽകപ്പെടുന്ന വാർഷിക പദ്ധതിയുടെ വെളിച്ചത്തിലും ഇടവക കേന്ദ്രസമിതിയുടെ നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങളുമാണ് മാനദണ്ഡമായി എടുക്കുക. വാർഷിക റിപ്പോർട്ടിനൊപ്പം പരിപാടികളുടെ ഫോട്ടോയും കൂടെ ഉൾപ്പെടുത്തേണ്ടതാണ്. 2020 ജനുവരി മുതൽ ഡിസംബർ വരെയുള്ള കർമ്മപരിപാടികളുടെ ഫോട്ടോയും റിപ്പോർട്ടും ആദ്യം ഇടവക കേന്ദ്രസമിതിയിൽ 2021 ജനുവരി 15 ന് മുൻപായി സമർപ്പിക്കേണ്ടതാണ്. അതിൽ നിന്ന് നിശ്ചിത നിലവാരമുള്ള റിപ്പോർട്ടുകൾ ഫൊറോന കേന്ദ്രസമിതിയിലേക്ക് 2021 ജനുവരി 31 ന് മുൻപായി സമർപ്പിക്കേണ്ടതാണ്. അവിടെ നിന്ന് നിശ്ചിത നിലവാരമുള്ളവ 2021 ഫെബ്രുവരി 15 ന് മുൻപ് അതിരൂപത കേന്ദ്രസമിതിയിലേക്ക് സമർപ്പിക്കേണ്ടതാണ്. പിന്നീട് വരുന്ന റിപ്പോർട്ടുകൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.

6. **അടുക്കളത്തോട്ട മത്സരം :** കൃഷിയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ അടുക്കളത്തോട്ട മത്സരം സംഘടിപ്പിച്ചിരിക്കുന്നു. (ഉദാ: വീടിനോട് ചേർന്ന് മുറ്റത്തോ, ടെറസിന്റെ മുകളിലോ നടത്തുന്ന പച്ചക്കറിത്തോട്ടമാണ് അടുക്കളത്തോട്ട മത്സരത്തിൽ ഉൾപ്പെടുത്തുക) അടുക്കളത്തോട്ട മത്സരം ഇടവക, ഫൊറോന, അതിരൂപത എന്നീ തലങ്ങളിലായിരിക്കും വിലയിരുത്തപ്പെടുക. ഇടവക തലത്തിൽ കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ 2020 ആഗസ്റ്റ് 15 ന് മുൻപ് വിലയിരുത്തി നിശ്ചിത നിലവാരമുള്ളവ ഫൊറോനയിലേയ്ക്കും, ഫൊറോന കേന്ദ്രസിമിതി ഫൊറോന തലത്തിൽ വിലയിരുത്തി ഫൊറോനയിൽ നിന്ന് ഏറ്റവും മികച്ച ഒരെണ്ണം 2020 ആഗസ്റ്റ് 30 ന് മുൻപ് അതിരൂപത കേന്ദ്രസമിതിയെ അറിയിക്കേണ്ടതാണ്. അതിരൂപത കേന്ദ്രസമിതി 2020 സെപ്റ്റംബർ 10 ന് മുൻപ് ഈ അടുക്കളത്തോട്ട മത്സരം

| | | |
|---|---|---|
| **ഷിന്റോ മാത്യു** | **പോൾ പാറക്കൽ** | **ഫാ. ഡെന്നി താണിക്കൽ** |
| ജനറൽ കൺവീനർ | ജനറൽ സെക്രട്ടറി | ഡയറക്ടർ |



# മാതൃവേദി

1. **ഹരിത തൃശ്ശൂർ : ഫെബ്രുവരി 13 വ്യാഴം (9.30 am – 11.30 pm)**
പ്രകൃതിയെ സ്നേഹിക്കുക സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടു കൂടെ മാതൃവേദി അംഗങ്ങളെ ബോധവൽക്കരിക്കുവാൻ വേണ്ടി അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഹരിത തൃശ്ശൂർ സംഘടിപ്പിച്ചിരിക്കുന്നു. എല്ലാ അമ്മമാരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.
2. **ഭാരവാഹികളുടെ സംഗമം: ഫെബ്രുവരി 13 വ്യാഴം (11.30 am – 12.30 pm)**
മാതൃവേദിയുടെ ഫൊറോന ഭാരവാഹികളുടെയും അതിരൂപത ഭാരവാഹികളുടെയും ഫൊറോന ആനിമേറ്റർ അച്ചന്മാരുടെയും സംയുക്ത മീറ്റിങ്ങ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഫെബ്രുവരി 13–ാം തിയ്യതി വ്യാഴാഴ്ച്ച 9.30 മുതൽ 1.00 വരെ ഉണ്ടായിരിക്കുന്നതാണ്. ഈ സംഗമത്തിലേക്ക് ഫൊറോന അതിരൂപത ഭാരവാഹികൾ മറക്കാതെ പങ്കെടുക്കുമല്ലോ.
3. **കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും : ഫെബ്രുവരി 13 വ്യാഴം (9.30 am – 1.00 pm)**
അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഈ പ്രാവശ്യം നടത്തേണ്ടത് ചേലക്കര, വടക്കാഞ്ചേരി ഫൊറോനകളിലെ ഇടവകകളാണ്. ഇനി ഏതെങ്കിലും ഫൊറോനകൾക്കോ ഇടവകയ്ക്കോ വ്യക്തികൾക്കോ കൊണ്ടുവരാൻ താൽപര്യമുണ്ടെങ്കിൽ ഫെബ്രുവരി 13–ാം തിയ്യതി വ്യാഴാഴ്ച്ച കൊണ്ടുവരാവുന്നതാണ്.

| | | |
|---|---|---|
| **മേരി വിൻസെന്റ്** | **ഫാ. അനീഷ് കൂത്തൂർ** | **ഫാ. ഡെന്നി താണിക്കൽ** |
| പ്രസിഡണ്ട് | അസി. ഡയറക്ടർ | ഡയറക്ടർ |




# ജോൺപോൾ പ്രോലൈഫ്

1. **തിരുമണിക്കൂർ ആരാധന**
   **ഫെബ്രുവരി 3 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**
   തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.
2. **പ്രോലൈഫ് പഠന ശിബിരം**
   **ഫെബ്രുവരി 15 ശനി (9.30 മുതൽ 3.30 വരെ)**
   പ്രോലൈഫ് പ്രസ്ഥാനത്തിന്റെ തൃശ്ശൂർ മേഖലാ സംഗമവും പ്രോലൈഫ് പഠന ശിബിരവും ഫെബ്രുവരി 15–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 3.30 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് കൂടുന്നതാണ്. ആയിതലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ




**1. Excel Med. / Eng. Entrance 1 month Crash Course**

2020 ഏപ്രിൽ, മെയ് മാസത്തിൽ നടക്കുന്ന Med. / Eng. Entrance, (Neet/Keam) Exam-ൽ പങ്കെടുക്കുന്ന പ്ലസ് ടു വിദ്യാർത്ഥികൾക്കായി ഒരു മാസം നീണ്ടു നിൽക്കുന്ന Med. / Eng. Crash

Course, 2020 March 23, 30 തിയതികളിൽ, രണ്ട് ബാച്ചുകളിലായി, തൃശ്ശൂർ ബിഷപ്പ് ഹൗസ്, DBCLC, എക്സൽ അക്കാദമി കാമ്പസിൽ വെച്ച് നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ആരംഭിച്ചു.
കൂടുതൽ വിവരങ്ങൾക്ക് PH: 9744941585, 9847276657

2. **Excel Med. /Eng. Entrance 5 days Bridge Course**
Xth പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്കായി 2020 മാർച്ച് 23–ാം തിയതി മുതൽ 5 ദിവസം നീണ്ടു നിൽക്കുന്ന Med. / Eng. Entrance, Bridge Course ആരംഭിക്കുന്നു. രജിസ്ട്രേഷൻ ആരംഭിച്ചു.
കൂടുതൽ വിവരങ്ങൾക്ക് PH: 9744941585, 9847276657

3. **Excel K-TET Class**
എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ 2020 ജനുവരി 11–ാം തിയതി ശനിയാഴ്ച K-TET എട്ടാമത്തെ ബാച്ചിന്റെ ക്ലാസുകൾ ബിഷപ്പ് ഹൗസ്, DBCLC, എക്സൽ അക്കാദമി ക്യാമ്പസിൽ ആരംഭിച്ചു. രജിസ്ട്രേഷൻ തുടരുന്നു.
കൂടുതൽ വിവരങ്ങൾക്ക് PH: 9744941585, 9847276657

4. **Excel KAS (Kerala Administrative Service) Crash Course**
എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ KAS (Kerala Administrative Service) Crash Course ആരംഭിച്ചു. Daily Morning Classകൾ തുടരുന്നു.
കൂടുതൽ വിവരങ്ങൾക്ക് PH: 9744941585, 9847276657

**ഫാ. ഡേവീസ് തെക്കേക്കര**
ഡയറക്ടർ




1. **പൗരത്വ ബില്ലിനെതിരെ ആശങ്ക പ്രകടിപ്പിച്ചു**
കേന്ദ്രഗവൺമെന്റ് നടപ്പാക്കുന്ന പൗരത്വ ബില്ലിലെ ന്യൂനതകൾക്കെതിരെ അതിരൂപത സമിതിയുടെ ആശങ്കയും പ്രതിഷേധവും അറിയിച്ചു.

2. **കർഷകരെ അവഗണിക്കുന്നതിനെതിരെ പ്രതിഷേധം**
സംസ്ഥാന–ഗവൺമെന്റുകളുടെ കർഷക വിരുദ്ധ നിലപാടുകൾക്കെതിരെ പ്രതിഷേധിച്ചു. കർഷക ആത്മഹത്യകൾക്കെതിരെ സത്വര

മായ നടപടി ഭരണക്കൂടങ്ങൾ കൈക്കൊള്ളമെന്ന് യോഗം അറിയിച്ചു.

3. **2020 കർമ്മരേഖ പ്രകാശനം ചെയ്തു.**
അതിരൂപത തല 'കർമ്മരേഖ 2020' ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പ്രകാശനം ചെയ്തു. വ്യത്യസ്തയാർന്ന പ്രവർത്തന ശൈലിയുമായി പ്രസ്ഥാനം കൂടുതൽ പ്രവർത്തന മേഖലകളിലേക്ക് ചുവടുറപ്പിക്കുന്ന തരത്തിലാണ് കർമ്മരേഖ ക്രമീകരിച്ചിരിക്കുന്നു.

4. **റിട്ട. ഉദ്യോഗസ്ഥ കോർഡിനേറ്റേഴ്സിന് പരിശീലന ക്ലാസ് സംഘടിപ്പിച്ചു**
വിവിധ ഇടവകകളിൽ നിന്നുള്ള ഗോൾഡൻ റിസേഴ്സ് ഫോറം കോർഡിനേറ്റേഴ്സിന്റെ പരിശീലന ക്ലാസ് സംഘടിപ്പിച്ചു. ഇടവകകളിൽ ഹെൽപ് ഡെസ്ക് പോലുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനായുള്ള പരിശീലന ക്ലാസിന് ജൂബിലി ഹോസ്പിറ്റൽ CEO ഡോ. ബെന്നി നേതൃത്വം നൽകി.

5. **ജനറൽ ബോഡി യോഗം ചേർന്നു**
യൂണിറ്റ്, ഫൊറോന,അതിരൂപത ഭാരവാഹികൾ ഉൾക്കൊള്ളുന്ന അതിരൂപതതല ജനറൽ ബോഡി യോഗം ചേർന്നു. അതിരൂപത ഭാരവാഹികൾ നേതൃത്വം നൽകി.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**എൻ. പി ജാക്സൻ മാസ്റ്റർ**
ജനറൽ സെക്രട്ടറി

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്




1. **മോൺ. തോമസ് തലച്ചിറ അനുസ്മരണം :** കെ.സി.വൈ.എം. തൃശൂർ അതിരൂപതയുടെയും പട്ടിക്കാട് ഫൊറോനയുടെയും നേതൃത്വത്തിൽ മോൺ. തോമസ് തലച്ചിറ അനുസ്മരണം പട്ടിക്കാട് സെന്റ് സേവിയേഴ്സ് ഫൊറോന ദൈവാലയത്തിൽ നടന്നു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ദിവ്യബലി അർപ്പിക്കുകയും ഛായാ

ചിത്രത്തിൽ പുഷ്പാർച്ചന നടത്തുകയും ചെയ്തു. കെ.സി.വൈ.എം. മുൻ ഡയറക്ടറും, പട്ടിക്കാട് ഫൊറോന വികാരിയുമായ ഫാ. ജോൺ അയ്യങ്കാനയിൽ അനുഗ്രഹപ്രഭാഷണവും പുഷ്പാർച്ചനയും നടത്തി. അനുസ്മരണ സമ്മേളനത്തിന് അതിരൂപത ജനറൽ സെക്രട്ടറി സ്വാഗതം പറഞ്ഞു. തൃശൂർ അതിരൂപത കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് സാജൻ ജോസ് അദ്ധ്യക്ഷത വഹിച്ചു. തൊമ്മി പിടിയത്ത്, ആന്റോ തൊറയൻ, ക്ലെന്റോ പട്ടിക്കാട് എന്നിവർ അച്ചനോടൊപ്പമുള്ള സ്മരണകൾ പങ്കുവച്ചു.

2. **വിളംബരാഘോഷ യാത്ര നടത്തി** : 2020 ജനുവരി 17, 18, 19 തിയ്യതികളിലായി ആമ്പല്ലൂർ സ്പിരിച്ച്വൽ ആനിമേഷൻ സെന്ററിൽ നടക്കുന്ന 42–ാമത് കെ.സി.വൈ.എം. സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനത്തോടനുബന്ധിച്ച് വിളംബരാഘോഷയാത്ര നടത്തി. വിളംബരാഘോഷ യാത്രയുടെ ഫ്ളാഗ് ഓഫ് കർമ്മം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, സംസ്ഥാന സിൻഡിക്കേറ്റ് അംഗവും സെനറ്റ് കൺവീനറുമായ അനൂപ് പുന്നപ്പുഴയ്ക്ക് കൈമാറിക്കൊണ്ട് നിർവ്വഹിച്ചു. തുടർന്ന് മണ്ണുത്തിയിൽ എത്തിച്ചേർന്ന റാലി മെൽബൺ രൂപത മെത്രാപ്പൊലീത്ത അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവ്, മണ്ണുത്തി വികാരി ഫാ. ഡേവീസ് കണ്ണമ്പുഴ, അസി. വികാരി ഫാ. സോബി എന്നിവർ ചേർന്ന് വിളംബരാഘോഷ യാത്രയ്ക്ക് സ്വീകരണം നൽകുകയും തുടർന്ന് ജാഥാ ക്യാപ്റ്റനായ അതിരൂപത പ്രസിഡന്റ് സാജൻ ജോസിന് പതാക കൈമാറി. തുടർന്ന് റാലി ഒല്ലൂക്കര ദൈവാലയത്തിൽ എത്തിച്ചേരുകയും, ഒല്ലൂക്കര ഇടവക വികാരി ഫാ. ഫ്ളർജിൻ കയ്യാലയ്ക്കൽ സ്വീകരണം നൽകി. തുടർന്ന് വിളംബരാഘോഷ യാത്ര കെ.സി.വൈ.എം. പ്രഥമ ഡയറക്ടർ മോൺ. തോമസ് തലച്ചിറ അച്ചന്റെ കബറിടത്തിൽ സമാപിച്ചു.

3. **'ബോൺ നത്താലെ – 2019' വളണ്ടിയർ കമ്മറ്റി** : തൃശൂർ അതിരൂപതയും, പൗരാവലിയും ചേർന്നൊരുക്കിയ തൃശ്ശിവപേരൂരിന്റെ മാനവ സംസ്കൃതി 'ബോൺ നത്താലെ – 2019' വളണ്ടിയർ കമ്മറ്റിയായി അതിരൂപതയിലെ കെ.സി.വൈ.എം. യുവജനങ്ങൾ അണിനിരന്നു. അതിരൂപത പ്രസിഡന്റ് സാജൻ ജോസിന് വളണ്ടിയർ ടാഗ് നൽകിക്കൊണ്ട് തൃശൂർ ഡി.വൈ.എസ്.പി. ശ്രീ. വാഹിദ് ഉദ്ഘാടനം ചെയ്തു. ബോൺ നത്താലെയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി 40 പോയിന്റുകളിലായി 800 ഓളം യുവജനങ്ങൾ അണിനിരന്നു. അതിരൂപത കെ.സി.വൈ.എം. ഡയറക്ടർ ഫാ. ഡിറ്റോ കൂള, അസി. ഡയറക്ടർമാരായ ഫാ. ഫെബിൻ കുത്തൂർ, ഫാ. റിനാൽഡ് പുലിക്കോടൻ, സി.

ടീന മരിയ, സാജൻ ജോയ്, അഖിൽ ജോസ്, ജിഷാജ് ജോസ്, ജെയ്മി, ജിയോ മാഞ്ഞൂരാൻ, ജോസ്ന ജോൺസൻ, അനൂപ് പുന്നപ്പുഴ, ജിതിൻ പുതുക്കാട്, ശരത് ജോസഫ്, മരിയ ആന്റണി, ജിമ മരിയ, സെനി സേവ്യർ, ഫൊറോന പ്രസിഡന്റുമാർ, ഇടവക ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

| | | |
|---|---|---|
| **സാജൻ ജോസ്** | **സാജൻ സി.ജെ.** | **ഫാ. ഡിറ്റോ കൂള** |
| പ്രസിഡണ്ട് | ജനറൽ സെക്രട്ടറി | ഡയറക്ടർ |




# സീനിയർ സി.എൽ.സി.

തൃശൂർ അതിരൂപത സീനിയർ സി.എൽ.സി.യുടെ ക്രിസ്തുമസ്സ് ആഘോഷവും, കുടുംബസംഗമവും അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. തൃശൂർ ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ വെച്ച് നടന്ന ചടങ്ങിൽ അതിരൂപത സീനിയർ സി.എൽ.സി. പ്രസിഡന്റ് ബാബു അതിയുന്തൻ അദ്ധ്യക്ഷത വഹിച്ചു. പ്രൊമോട്ടർ ഫാ.ജിയോ തെക്കിനിയത്ത് ആമുഖപ്രഭാഷണവും, അസി. പ്രൊമോട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളി അനുഗ്രഹപ്രഭാഷണവും, സെക്രട്ടറി അലക്സ് സി.എ. സ്വാഗതവും നടത്തി. ലൂർദ്ദ് കത്തീഡ്രൽ വികാരി ഫാ. ജോസ് ചാലയ്ക്കൽ, യൂത്ത് പ്രസിഡന്റ് ജോമി ജോൺസൺ, നാഷണൽ കൺസൾട്ടന്റ് വിനോഷ് കൊളങ്ങാടൻ, അതിരൂപത കുടുംബകൂട്ടായ്മ കൺവീനർ പോൾ പാറയ്ക്കൽ, ലൂർദ്ദ് കത്തീഡ്രൽ ട്രസ്റ്റി പോൾ മേയ്ക്കാട്ടുകുളം, പ്രോഗ്രാം കൺവീനർ & അതിരൂപത സീനിയർ സി.എൽ.സി. വൈസ് പ്രസിഡന്റ് ബേബി മൂക്കൻ എന്നിവർ പ്രസംഗിച്ചു. ക്രിസ്തുമസ്സ് സന്ദേശം നൽകിയ സംഗീത–നൃത്തവും പുൽക്കൂടിന്റെ മഹത്വം വിളിച്ചോതിയ നാടകവും തുടങ്ങി വിവിധ കലാപരിപാടികൾ കുടുംബാംഗങ്ങൾ അവതരിപ്പിച്ചു.

| | | |
|---|---|---|
| **അലക്സ് സി.എ** | **ഫാ.ജിയോ തെക്കിനിയത്ത്** | **ബാബു അതിയുന്തൻ** |
| സെക്രട്ടറി | ഡയറക്ടർ | പ്രസിഡണ്ട് |



# തൃശൂർ അതിരൂപത സി.എൽ.സി.

1. **ബോൺനതാലെ 2019**

   ഈ വർഷത്തെ ബോൺനതാലെ 2019 ന്റെ പ്രവർത്തനങ്ങളിൽ തൃശൂർ അതിരൂപത സി എൽ സി , പ്രോസഷൻ കമ്മിറ്റി, എൻവയോൺമെന്റ് കമ്മിറ്റി, ഐ. ടി കമ്മിറ്റി എന്നിവക്ക് നേതൃത്വം നൽകി. പ്രോസഷൻ കമ്മിറ്റി പ്രവർത്തനങ്ങൾക്ക് കൺവീനർ ജോമി ജോൺസൻ, ജോയിന്റ് കൺവീനർ ഡോംസൺ സൈമൺ എന്നിവർ നേതൃത്വം നൽകി. എൻവയോൺമെന്റ് കമ്മിറ്റി പ്രവർത്തനങ്ങൾക്ക് കൺവീനർ ഐജോ പൊറത്തൂർ, ജോയിന്റ് കൺവീനർ ഫെസിൻ എന്നിവർ നേതൃത്വം നൽകി.

   കമ്മിറ്റി പ്രവർത്തനങ്ങൾക്ക് കൺവീനർ ഡിൽജോ തരകൻ നേതൃത്വം നൽകി.

2. **ഫൊറോന സെനറ്റുകൾ**

   ഡിസംബർ 15 മുതൽ ജനുവരി 5വരെ ദിവസങ്ങളിൽ കൊട്ടേക്കാട് ഫൊറോന (കുറ്റൂർ ), മറ്റം ഫൊറോന (പുതുശ്ശേരി), വടക്കാഞ്ചേരി ഫൊറോന (കുണ്ടന്നൂർ), പറപ്പൂർ ഫൊറോന (ചിറ്റിലപ്പിള്ളി), വേലൂർ ഫൊറോന (വേലൂർ) എന്നിവിടങ്ങളിൽ സി.എൽ.സി. ഫൊറോന സെനറ്റുകൾ നടത്തി.

3. **സ്റ്റേറ്റ് സി എൽ സി ഇലക്ഷൻ**

   ഫെബ്രുവരി 9 ഞായറാഴ്ച സംസ്ഥാന സി.എൽ.സി. ഇലക്ഷൻ നടക്കുന്നു. തിരഞ്ഞെടുപ്പിൽ, അതിരൂപത സി.എൽ.സി. എക്സിക്യൂട്ടീവിൽ നിന്നും നിയോഗിക്കപ്പെടുന്നവർ പങ്കെടുക്കുന്നു.

4. **കാരുണ്യവാരാചരണം**

   ഈ വർഷത്തെ കാരുണ്യവാരാചരണം തൃശൂർ അതിരൂപത സി.എൽ.സി. യുടെ നേതൃത്വത്തിൽ , അമല മെഡിക്കൽ കോളേജിൽ വച്ച്

ഫെബ്രുവരി 19 നു നടത്തുന്നു. ഇതിനോടനുബന്ധിച്ച് രോഗികൾക്കായി ഒരാഴ്ച നീണ്ടു നിൽക്കുന്ന ഭക്ഷണ വിതരണത്തിന് അതിരൂപത സി.എൽ.സി. നേതൃത്വം നൽകുന്നു.

5. **അതിരൂപത സി.എൽ.സി ജനറൽ ബോഡി മീറ്റിംഗ്**
ഈ വർഷത്തെ ജനറൽ ബോഡി മീറ്റിംഗ് ഫെബ്രുവരി 9 നു നടത്തപ്പെടുന്നു.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ജോമി ജോൺസൺ**
പ്രസിഡന്റ്

**ജെസ്വിൻ സാജു**
സെക്രട്ടറി



## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

റവ. ഫാ. ആന്റണി കണ്ണമ്പുഴ, ബ്ര. കെ. കുഞ്ഞുവറീത്– ചെങ്ങാലൂർ, സി. മേരി ചാക്കോ – എരനെല്ലൂർ, ബ്ര. ടി.എൽ.ജോണി – നെല്ലിക്കുന്ന് എന്നിവരുടെ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചു. വെള്ളപ്പൊക്ക– ദുരിതാശ്വാസ രണ്ടാംഘട്ട പ്രൊജക്ട് 16 പേർക്ക് 10,30,000 രൂപ വിതരണം ചെയ്തു. വടക്കാഞ്ചേരി ഏരിയ കൗൺസിലിന് നാഷണൽ കൗൺസിലിൽനിന്ന് ലഭിച്ച മെഡിക്കൽ ഫണ്ട് 10,000 രൂപ വിതരണം ചെയ്തു. സെൻട്രൽ കൗൺസിൽ ഭാരവാഹികൾ അദിലാബാദ് രൂപതയിലെ മിഷൻ പ്രദേശങ്ങൾ സന്ദർശിച്ച് ദത്തുകുടുംബങ്ങൾക്കുള്ള സഹായം വിതരണം ചെയ്തു.

**ഫാ. റോയ് മൂക്കൻ**
ആദ്ധ്യാത്മികോപദേഷ്ടാവ്

**കെ. കെ. പോൾസൺ**
സെക്രട്ടറി

**കെ. എ. ഷിബു**
പ്രസിഡണ്ട്




## തൃശ്ശൂർ അതിരൂപത

1. **അദ്ധ്യാപകർക്കായി നടത്തിയ ലേഖനമത്സര വിജയികൾ**
   KCSL അതിരൂപതാ ശതാബ്ദിയോടനുബന്ധിച്ച് അദ്ധ്യാപകർക്കായി നടത്തിയ ലേഖന മത്സരവിജയികൾ.

   First : Starlin Shinto, St. Antony's HSS Ammadam
   Second : Sr. Humbelin CMC, SHCGHSS Thrissur &
   : Sr. Karuna CHF, HF CGHS Chembookkavu
   Third : Boly Paul, St. Thomas College HSS Thrissur &
   Sindhu Francis, St. Thomas HSS Thope

2. **സംസ്ഥാന സാഹിത്യോത്സവ വിജയികൾ**
   KCSL സംസ്ഥാന സാഹിത്യോത്സവത്തിൽ വിജയികളായ അതിരൂപതാംഗങ്ങളുടെ പേരുവിവരം താഴെ കൊടുക്കുന്നു.

1. ബൈബിൾ നോളജ് ക്വിസ് HSS വിഭാഗം — First
   Anbella P. Vinson & Anliya Taison
   LFCGHSS Mammiyoor
2. കൈയ്യെഴുത്ത് മാസിക UP വിഭാഗം — First
   Adheena Rose B S & Team
   HFCGHS Chembookavu
3. കൈയ്യെഴുത്ത് മാസിക HSS വിഭാഗം — Third
   Anett Manoj & Team
   SHCGHSS Thrissur
4. ഔറേലിയൂസ് സ്കോളർഷിപ്പ് — Third
   Ancy K S & Jasmine A J
   HFCGHS Chembookavu
5. ജോൺ നിധീരി സ്കോളർഷിപ്പ് — Second
   Navya N Thomas & Sinu Maria
   SHCGHS Thrissur

6. ജോൺ നിധീരി സ്കോളർഷിപ്പ് Third
Anbella P Vinson & Sinta C S
LFCGHSS Mammiyoor

**3. ബെസ്റ്റ് യൂണിറ്റ് അവാർഡ്**

KCSL അതിരൂപതാ ബെസ്റ്റ് യൂണിറ്റുകളായി തിരഞ്ഞെടുക്കപ്പെട്ടവർ

1. HSS Boys : Nirmalamatha CS East Fort Thrissur
2. HSS Girls : SH CGHSS Thrissur
3. HS Boys : St. Thomas HSS Mayannur
4. HS Girls : Holy Family CGHS Chembookavu, Thrissur & St. Marys CGHS Ollur
5. UP Boys : St. Marys CUPS Chiyyaram
6. UP Girls : SHCGHSS Thrissur &St. Theresa's GHS Brahmakulam

**4. ബൊക്കെ മെഗാക്വിസ് മത്സരം**

ബൊക്കെ മെഗാക്വിസ് മത്സരത്തിൽ താഴെ പറയുന്നവർ ആദ്യ റാങ്കുകൾ കരസ്ഥമാക്കി. 19 പേർ പ്രത്യേക പ്രോത്സാഹന സമ്മാനത്തിന്അർഹരായി.

1. First - Rosmin Nelson, St. Marys HS Chengaloor
2. Second - Liya N Thomas, Holy Family CGHS Chembookavu
3. Third - John K Shaji, St. Marys UPS Chiyyaram

**5. കലാസാഹിത്യോത്സവ ഓവറോൾ ട്രോഫികൾ**

കലാസാഹിത്യോത്സവ ഓവറോൾ ട്രോഫികൾക്ക് താഴെ പറയുന്നവർ അർഹരായി.

1. UP Boys - Nirmalamatha CS East Fort, Thrissur
2. UP Girls - Holy family CGHS Chembookavu, Thrissur
3. HS Boys - St. Joseph EMHSS Kuriachira, Thrissur
4. HS Girls - Holy family CGHS Chembookavu, Thrissur
5. HSS Boys - St. Thomas College HSS Thrissur
6. HSS Girls - LFCGHSS Mammiyoor

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ



# ലീജിയൻ ഓഫ് മേരി

**1. വാർഷിക റീ യൂണിയൻ സമ്മേളനം**

ലീജിയൻ ഓഫ് മേരി, തൃശ്ശൂർ കമ്മീസിയത്തിന്റെ വാർഷിക റീ യൂണിയൻ സമ്മേളനം 2019 ഡിസംബർ 15 ന് ഞായറാഴ്ച 2 മണിയ്ക്ക് തൃശ്ശൂർ സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് കൂടുകയുണ്ടായി. പ്രാരംഭ പ്രാർത്ഥന, ജപമാല എന്നിവയോടു കൂടി യോഗം ആരംഭിച്ചു. റവ. ഫാ. ഡോ. ജോൺ മൂലൻ, കമ്മീസിയം ആദ്ധ്യാത്മിക നിയന്താവ് സ്വാഗതം പറഞ്ഞു. ബ്ര. അഡ്വ. ജേക്കബ്ബ് വി. പാലയൂർ കമ്മീസിയം സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. മോൺ. ജോസ് വല്ലൂരാൻ, തൃശ്ശൂർ അതിരൂപത വികാരി ജനറൽ നിലവിളക്കു കൊളുത്തി സമ്മേളനം ഉദ്ഘാടനം ചെയ്തു. ബ്ര. സണ്ണികാട്ടൂക്കാരൻ, കമ്മീസിയം പ്രസിഡണ്ട് അദ്ധ്യക്ഷ പ്രസംഗം നടത്തി. റവ. ഫാ. നോബി അമ്പൂക്കൻ, ബസലിക്ക റെക്ടർ അനുഗ്രഹപ്രഭാഷണം നടത്തി. മോൺ. ജോസ് വല്ലൂരാൻ അച്ചന് ലീജിയൻ ഓഫ് മേരിയുടെ 2020 ലെ കലണ്ടറിന്റെ കോപ്പി നൽകികൊണ്ട് റവ. ഫാദർ നോബി അമ്പൂക്കൻ കലണ്ടർ പ്രകാശനം ചെയ്തു. റവ. ഡോ. സി. മാഗിജോസ്, സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പൽ ആശംസ പ്രസംഗം നടത്തി. മരിയ സൈനികരുടെ കലാപരിപാടികളും ഉണ്ടായിരുന്നു. ബ്ര. ജോസ് പാല്യേക്കര, കമ്മീസിയം വൈസ് പ്രസിഡണ്ട് യോഗത്തിൽ നന്ദി പറഞ്ഞു. സമാപന പ്രാർത്ഥനയോടുകൂടി യോഗം 5.30 ന് സമാപിച്ചു.

**2. തൃശ്ശൂർ കമ്മീസിയം പൊതുയോഗത്തിന്റെ സംക്ഷിപ്ത റിപ്പോർട്ട്**

പ്രാർത്ഥനയോടും ജപമാലയോടുംകൂടി യോഗം ആരംഭിച്ചു. ആദ്ധ്യാത്മിക ഡയറക്ടർ നിയമഗ്രന്ഥം 432, 433 വായിച്ച് ഉപദേശം നൽകി. സൈനികർക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ചാണ് വായിച്ച നിയമഗ്രന്ഥഭാഗം പറയുന്നതെന്ന് അച്ചൻ മെമ്പർമാരെ ഓർമ്മപ്പെടുത്തി.

നമ്മൾ ചെയ്യുന്ന സുകൃതങ്ങളും നന്മപ്രവർത്തികളും മാത്രമാണ് നമ്മുടെ കൂടെ അവസാനം ഉണ്ടാകുക എന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു. ക്രിസ്തു കഴിഞ്ഞാൽ അമ്മയ്ക്കുള്ള സ്ഥാനം ഏറ്റവും മഹനീയമാണെന്നും അമ്മയെപോലെ തുടരാൻ നമുക്ക് സാദ്ധ്യമല്ലെങ്കിലും നമ്മൾ കൂടുതൽ ഭക്തിയോടും വിശ്വാസത്തോടുംകൂടി മരിയൻ സൈനികരുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കണമെന്നും അച്ചൻ ഉപദേശിച്ചു.

ദനഹ നയപ്രഖ്യാപനമായിരുന്നു എന്നും യേശുരക്ഷകനും നാഥനുമാണെന്നും ലോകത്തിന് യോഹന്നാൻ യേശുവിന്റെ ജ്ഞാന സ്നാനത്തിന് മുമ്പ് വെളിപ്പെടുത്തിക്കൊടുത്തു എന്നും അച്ചൻ ഓർമിപ്പിച്ചു. തൃശ്ശൂർ കമ്മീസിയത്തിന്റെ സുഗമമായ പ്രവർത്തന വിജയത്തിനുവേണ്ടി കമ്മീസിയത്തിന്റെ കീഴിലുള്ള പ്രസീദിയങ്ങളെ നാല് മേഖലകളായി വിഭജിയ്ക്കാൻ തീരുമാനിച്ചു. കിഴക്കൻ മേഖലയിൽ ലൂർദ്ദ്, പറവട്ടാനി, പുത്തൂർ കൂരിയകൾ ഉൾപ്പെടുന്നു. പടിഞ്ഞാറൻ മേഖലയിൽ പടിഞ്ഞാറെകോട്ട, കണ്ടശ്ശാംകടവ്, ഏനാമാവ്, പാവർട്ടി കൂരിയകൾ ഉൽപ്പെടുത്തിയിരിക്കുന്നു. തെക്കെമേഖലയിൽ ചേർപ്പ്, കുരിയച്ചിറ, ഒല്ലൂർ, മരത്താക്കര, പുതുക്കാട്, പള്ളിക്കുന്ന് കൂരിയകളാണുള്ളത്. വടക്കെമേഖലയിൽ തിരൂർ, വടക്കാഞ്ചേരി കൂരിയകളും ഉൾപ്പെടുന്നു. കിഴക്ക്, പടിഞ്ഞാറ്, തെക്ക്, വടക്ക് മേഖലകളുടെ കോഓഡിനേറ്റേഴ്സായി യഥാക്രമം സി. മോനി ലാസർ, ബ്ര. ജോഷി പവ്വറ്റ, ബ്ര. കെ.പി. ജോയ്, ബ്ര. വിൻസൺ തൈക്കാട്ടിൽ എന്നിവരെ യോഗം ഐക്യകണ്ഠേന്യ തിരഞ്ഞെടുത്തു.

തൃശ്ശൂർ കമ്മീസിയം ഒരു ചാരിറ്റബിൾ ട്രസ്റ്റ് ആയി രജിസ്റ്റർ ചെയ്യുവാൻ തീരുമാനിച്ചു. തൃശ്ശൂർ അതിരൂപത വികാരി ജനറൽ, ലീജിയൻ ഓഫ് മേരി ആദ്ധ്യാത്മിക ഡയറക്ടർ, അസി ആദ്ധ്യാത്മിക ഡയറക്ടർ, കമ്മീസിയത്തിലെ അഞ്ചു ഭാരവാഹികളും അടക്കം എട്ട് പേർ ചാരിറ്റബിൾ ട്രസ്റ്റിൽ അംഗങ്ങളായി ഉണ്ടാകണമെന്നും തീരുമാനിച്ചു. ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ ആച്ചിയസ് ചടങ്ങ് 2020 മാർച്ച് 15–ാനു ഞായറാഴ്ച തൃശ്ശൂർ സെന്റ് മേരീസ് കോളേജിൽ വെച്ച് നടത്താനും യോഗം തീരുമാനിച്ചു.

**ഫാ. ജോൺ മൂലൻ**
ആത്മീയ നിയന്താവ്

**ബ്ര. ജേക്കബ്ബ് പാലയൂർ**
സെക്രട്ടറി

**ബ്ര. സണ്ണി കാട്ടൂക്കാരൻ**
പ്രസിഡണ്ട്



# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

1. **സോണൽ സർവീസ് ടീം നേതൃത്വ പുന:ക്രമീകരണം**

   തൃശ്ശൂർ അതിരൂപതയിലെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വ പുന:ക്രമീകരണം ആബാറിന്യൂവൽ സെന്ററിൽ വച്ചു നടന്നു. കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറിയും കെ.സി.സി.ആർ.എസ്.ടി. ചെയർമാനുമായ ഫാ. ജോസഫ് താമരവെളി, സെക്രട്ടറി ഡോ. കൊച്ചുറോണി ജോസഫ്, കെ.സി.ആർ.എസ്.ടി അംഗം സന്തോഷ് തലച്ചിറ തുടങ്ങിയവർ നേതൃത്വം നൽകി. പുതിയ സർവീസ് ടീം അംഗങ്ങൾ താഴെ പറയുന്നവരാണ്.

1. റോയ് ടി.ഒ (തൈക്കാട്ടുശ്ശേരി) കോ– ഓർഡിനേറ്റർ
2. വിൻസെന്റ് ചിറയത്ത് (എറവ്)
3. ഷാജു കെ.കെ (പൊന്നൂക്കര)
4. ആന്റണി വി.കെ (ചെങ്ങാലൂർ)
5. വി.എൽ വർഗീസ് (എരനെല്ലൂർ)
6. ജിബി ജേക്കബ് ( എടക്കളത്തൂർ)
7. ജയ ജോയ് (തൊയക്കാവ്)
8. ബിന്ദു റോയ് ( വടൂക്കര)
9. ലോലി റാഫി (ഒല്ലൂർ)
10. സാബു എം.വർഗ്ഗീസ് (എക്സ്– ഓഫീഷ്യാ) കോട്ടപ്പടി

    അടുത്ത 2 വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട പുതിയ സബ്സോൺ (ഫൊറോന) കോ–ഓർഡിനേറ്റർമാർ

1. ഒല്ലൂർ – തോമാസ് സി.ഐ
2. പാലയൂർ –വിൻസെന്റ് ടി.ജെ
3. പറപ്പൂർ – സി.പി.ഡേവീസ്
4. എരുമപ്പെട്ടി – ജോസ്. കെ.എൽ
5. ചേലക്കര – വർഗീസ് നീലങ്കാവിൽ
6. കണ്ടശ്ശാംകടവ് – ഡേവീസ് കണ്ടശ്ശാംകടവ്
7. പുത്തൂർ – ബേബി സി.ആർ

8. പട്ടിക്കാട് – ജെയിംസ് ആനിക്കാട്ട്
9. ബസിലിക്ക – ജോമോൻ കുഴുപ്പിള്ളി
10. കൊട്ടേക്കാട് – എ.എൽ.വർഗ്ഗീസ്
11. മറ്റം – ബെന്നി പി. ജോസഫ്
12. വേലൂർ – റോയ് വെള്ളാറ്റഞ്ഞൂർ
13. വടക്കാഞ്ചേരി – ബിജുമോൻ ടി.ടി
14. ലൂർദ്ദ് – ലെനിൻ നടത്തറ
15. പുതുക്കാട് –ജോഷി വേലൂപ്പാടം
16. പഴുവിൽ – ടോണി ദേവസി

അടുത്ത 2 വർഷത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട മിനിസ്ട്രികളുടെ കോ–ഓർഡിനേറ്റർമാർ

1. പാരിഷ് മിനിസ്ട്രി – എം.എ. ബാബു
2. മധ്യസ്ഥപ്രാർത്ഥന – ആന്റണി മേനാച്ചേരി മണ്ണുത്തി
3. സിംഗിംൾസ് – ആനി ചിറയത്ത്
4. തുവാനിസ – സിനി അലക്സ്

**2. കരിസ്മാറ്റിക് കൂട്ടായ്മകളുടെ ക്രിസ്മസ് ആഘോഷം**

ഡിസംബർ 22 ന് അതിരൂപത തലത്തിൽ കരിസ്മാറ്റിക് പ്രാർത്ഥനാഗ്രൂപ്പുകളുടെ നേതൃസംഗമവും ക്രിസ്മസ് ആഘോഷവും ആബാ റിന്യൂവൽ സെന്ററിൽ നടന്നു. പുൽക്കൂട്, ക്രിസ്തുമസ് ട്രീ, എന്നിവ സോണൽ സർവീസ് ടീം അംഗങ്ങൾ ഒരുക്കി. വി.കുർബാനയ്ക്ക് ഡയറക്ടർ റവ.ഫാ. സജീവ് ഇമ്മട്ടി കാർമ്മികത്വം വഹിച്ചു. കോ–ഓർഡിനേറ്റർ സാബു എം.വർഗ്ഗീസ്, സെക്രട്ടറി എം.എ ബാബു എന്നിവർ ക്രിസ്മസ് സന്ദേശം നൽകി. കേക്ക് മുറിച്ച് വിതരണം ചെയ്തു. തുടർന്ന് ദിവ്യകാരുണ്യാരാധനയും പുതിയ സബ്സോൺ കോ–ഓർഡിനേറ്റേഴ്സിന് സ്വീകരണും കാലാവധി പൂർത്തിയാക്കിയവർക്ക് ഉപഹാരസമർപ്പണവും നടത്തി.

**3. സോണൽ സർവീസ് ടീം കൂട്ടായ്മ**

ജനുവരി 8 ന് നിലവിലുള്ള സോണൽ സർവീസ് ടീമിന്റെ സമാപന യോഗം ആബാ റിന്യൂവൽ സെന്ററിൽ നടന്നു. കഴിഞ്ഞ രണ്ടുവർഷക്കാല പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. പുതിയ സോണൽ കോ–ഓർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ട റോയ് ടി.ഒ യെ യോഗം അഭിനന്ദിച്ചു. ഡയറക്ടർ റവ.ഫാ.സജീവ് ഇമ്മട്ടി, കോ–ഓർഡിനേറ്റർ സാബം എം.വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി.

പുതിയ സർവീസ് ടീം ചുമതലയേൽക്കുന്നു.

**4. പുതിയ അതിരൂപത സർവീസ് ടീം**

പുതിയ അതിരൂപത സർവീസ് ടീം ഫെബ്രുവരി 11, 12 തിയ്യതിക

ളിൽ കരിസ്മാറ്റിക് നവീകരണത്തിന്റെ കേരള സേവന സമിതിയുടെ ആസ്ഥാനമായ കളമശ്ശേരി എമ്മാവൂസിൽ വെച്ച് ചുമതലയേറ്റെടുക്കുന്നതാണ്.

5. **നേതൃസംഗമം ഫെബ്രുവരി 22 ന്**

അതിരൂപതയിലെ പ്രാർത്ഥനാഗ്രൂപ്പ് കോർടീമുകൾ സബ്സോൺ, മിനിസ്ട്രി സർവീസ് ടീമുകൾ എന്നിവയുടെ സംയുക്ത കൂട്ടായ്മ ഫെബ്രവരി 22 ന് രാവിലെ 9.30 മുതൽ വൈകീട്ട് 4 വരെ ആബാറി ന്യൂവൽ സെന്ററിൽ നടത്തുന്നു. പുതിയ സർവ്വീസ് ടീമിന് സ്വീകരണവും മുൻ ടീമംഗങ്ങൾക്ക് യാത്രയയപ്പും നൽകുന്നതാണ്.

**ഫാ. സജീവ് ഇമ്മട്ടി**
ഡയറക്ടർ

## KCBC മദ്യവിരുദ്ധ സമിതി

1. **യൂണിറ്റ് രൂപീകരിച്ചു**

തങ്ങാലൂർ ഇടവകയിൽ മദ്യവിരുദ്ധസമിതിയുടെ പുതിയ യൂണിറ്റ് ഡിസംബർ ഒന്നിന് നിലവിൽ വന്നു. അതിരൂപത ഡയറക്ടറച്ചൻ ദിവ്യബലിയർപ്പിച്ച് ലഹരിവിരുദ്ധസന്ദേശം നൽകി. ശ്രീ. ജോസ് ചെമ്പിശ്ശേരിയുടെ നേതൃത്വത്തിൽ ഭാരവാഹികളെ തെരഞ്ഞെടുത്ത് കമ്മിറ്റി രൂപീകരിച്ചു. വികാരി ഫാ. ജോവി കുണ്ടുകുളങ്ങരയ്ക്ക് പ്രത്യേകം നന്ദി. പുത്തൻ സാരഥികൾക്ക് വിജയാശംസകൾ!

2. **വി. ഫ്രാൻസീസ് സേവ്യർ അനുസ്മരണം**

ഭാരതത്തിന്റെ രണ്ടാമത്തെ അപ്പസ്തോലനും ഇവിടത്തെ ലത്തീൻ സഭയുടെ സമാരംഭകനും പതിനാറാം നൂറ്റാണ്ട് ദർശിച്ച മദ്യവിരുദ്ധ പ്രചാരകനുമായ വി. ഫ്രാൻസീസ് സേവ്യറിന്റെ മരണത്തിരുനാളാണല്ലോ ഡിസംബർ 3 ചൊവ്വാഴ്ച. ഏതാനും വർഷങ്ങളായി കെ. സി.ബി.സി. മദ്യവിരുദ്ധ സമിതി ഈ ദിവസം സമുചിതമായി ആചരിച്ചു വരുന്നു. ഇത്തവണ വിശുദ്ധൻ സന്ദർശിക്കുകയും താമസിക്കുകയും ചെയ്തിട്ടുള്ള സമ്പാളൂർ പള്ളിയിലേക്ക് രാവിലെ ഒരു തീർത്ഥയാത്ര സംഘടിപ്പിച്ചു. അവിടെവച്ച് ഉച്ചകഴിഞ്ഞ് 2 മണിക്ക് കോട്ടപ്പുറം രൂപതാ മദ്യവിരുദ്ധസമിതി ഡയറക്ടർ റവ. ഫാ.

ഗിൽബർട്ട് വിശുദ്ധന്റെ നാമത്തിലുള്ള വി. ഫ്രാൻസീസ് സേവ്യറിന്റെ ജീവിതവും ദർശനവും ഉൾക്കൊള്ളുന്ന "വിശുദ്ധ ഫ്രാൻസീസ് സേവ്യർ – മദ്യവിരുദ്ധ പ്രചാരകൻ" എന്ന ലഘുകൃതി പ്രകാശനം ചെയ്തു. സംബാളൂർ പള്ളി വികാരിയാണ് ആദ്യപ്രതി ഏറ്റുവാങ്ങിയത്. അന്നുതന്നെ ആറ്റത്ര സെന്റ്. ഫ്രാൻസീസ് സേവ്യർ ദൈവാലയത്തിൽ വൈകീട്ട് 5 മണിക്ക് അതിരൂപതാ ഡയറക്ടർ വിശുദ്ധ കുർബ്ബാനയ്ക്ക് കാർമ്മികത്വം നൽകി. ലഹരിവിരുദ്ധ സന്ദേശം പങ്കുവച്ചു.

3. **ലഹരിവിരുദ്ധ ദിനാചരണം**

ഗുരുവായൂർ സെന്റ് ആന്റണീസ് ദൈവാലയത്തിൽ ഡിസംബർ 8 ലഹരിവിരുദ്ധദിനമായി ആചരിച്ചു. അതിരൂപത ഡയറക്ടർ ദിവ്യബലി അർപ്പിച്ച് സന്ദേശമരുളി. തിരുക്കർമ്മങ്ങൾക്കു ശേഷമുള്ള സമ്മേളനത്തിൽ വികാരി ഫാ. സെബി പുത്തൂർ അദ്ധ്യക്ഷത വഹിച്ചു.

4. **തെരഞ്ഞെടുപ്പുകൾ**

സംഘടനയുടെ നിയമാവലിയും 2019 കർമ്മപദ്ധതിയുമനുസരിച്ച് നവംബർ മാസത്തിൽ യൂണിറ്റ് തലത്തിലും ഡിസംബറിൽ ഫൊറോന തലത്തിലുമുള്ള തെരഞ്ഞെടുപ്പുകൾ ഏകദേശം പൂർത്തിയായി. സ്ഥാനമൊഴിയുന്നവരും പുതിയവരുമായ ഭാരവാഹികളുടെ സംയുക്തയോഗം എത്രയും വേഗം വിളിച്ചുചേർക്കുന്നതായിരിക്കും. സഹകരിച്ചവർക്കെല്ലാം കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

5. **മെഡ്ലിക്കോട്ട് മെത്രാന്റെ മദ്യവിരുദ്ധ ഇടയലേഖനം**

1887 ൽ രൂപീകൃതമായ തൃശൂർ വികാരിയാത്തിന്റെ ഒന്നാമത്തെ മെത്രാനാണല്ലോ അഡോൾഫ് എഡ്വിൻ മെഡ്ലിക്കോട്ട്. ലഹരിവിരുദ്ധ രംഗത്ത് പ്രവർത്തിക്കുന്നവർക്കെല്ലാം പ്രചോദനാത്മകമായ ഒരു ഇടയലേഖനം 1892 മീനമാസം 14 ന് അദ്ദേഹം രചിച്ച് അന്നുണ്ടായിരുന്ന പള്ളികളിൽ വായിക്കാൻ വികാരിയച്ചന്മാർക്ക് അയച്ചുകൊടുത്തു. ഈ രേഖ കണ്ടെത്താൻ സഹായിച്ചതിന് ഫാ. ഡെമിൻ തറയിലിനോട് നിസ്സീമമായ നന്ദിയുണ്ട്. അതിന്റെ രത്നച്ചുരുക്കം താഴെ ചേർക്കുന്നു. അതിരൂപത മദ്യവിരുദ്ധ സമിതി 2019 ഡിസംബർ മൂന്നിന് പ്രസിദ്ധീകരിച്ചതും ഡയറക്ടറച്ചൻ രചിച്ചതുമായ "വി. ഫ്രാൻസീസ് സേവ്യർ : മദ്യവിരുദ്ധ പ്രചാരകൻ" എന്ന പുസ്തകത്തിൽ പൂർണ്ണരൂപം കാണാം. ഈ ആശയങ്ങൾ പരമാവധി പ്രചരിപ്പിക്കുക.

പല ഇടവകകളിലും മദ്യപാനം അധികരിച്ചുവരുന്നത് നമ്മെ വളരെ വ്യസനിപ്പിക്കുന്നു. നാം ആവശ്യപ്പെട്ടതനുസരിച്ച് ഈ പ്രശ്നം പരിഹരിക്കാൻ നിങ്ങൾ നൽകിയ നിർദ്ദേശങ്ങൾ പരിഗണിച്ച് നാം ഏതാനും കൽപ്പനകൾ നൽകുകയാണ്. പൂർവ്വികരും പ്രത്യേകിച്ച്

1599 ലെ ഉദയമ്പേരൂർ സൂനഹദോസും സമാനമായ തീർപ്പു കൽപ്പിച്ചിരുന്നത് ഓർമ്മിക്കുക.

നമ്മുടെ സമുദായത്തിൽ മൂന്നു തരം ആളുകളെ കാണുന്നു. 1. മദ്യത്തിന്റെ കുത്തക ഏൽക്കുന്നവർ, 2. മദ്യം വിൽക്കുന്നവർ, 3. മദ്യപാനികൾ. മദ്യവിൽപ്പന ക്രിസ്ത്യാനികൾക്ക് നാം വിലക്കിയിരിക്കുന്നു. നേരത്തേ വിലക്കിയിട്ടുള്ളതു തന്നെയാണ്. കുത്തക ഏറ്റെടുത്തിട്ടുള്ളവർക്ക് അത് തീർപ്പാക്കാൻ അൽപം സാവകാശം നൽകാം. മദ്യം വിൽക്കുന്നവൻ 10 രൂപ പിഴയടയ്ക്കണം. പരസ്യമായി പ്രായശ്ചിത്തം ചെയ്യിക്കണം. പരസ്യമായി മദ്യം സേവിക്കുന്നവരെ വികാരി ഗുണദോഷിക്കണം. പ്രായശ്ചിത്തം എടുപ്പിക്കണം. അടിയന്തരങ്ങളെ വിലക്കണം.

6. **കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന സമ്മേളനം**

2020 ഫെബ്രുവരി 7, 8 എന്നീ തിയ്യതികളിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന സമ്മേളനം തൃശ്ശൂർ ഡി.ബി.സി.എൽ.സി.യിൽ നടക്കുന്നു. പൊതുസമ്മേളനം തുടങ്ങുന്നത് 8–ാം തിയതി ഉച്ചക്ക് 2 മണിക്കാണ്. മുൻ മുഖ്യമന്ത്രി ബഹു. ഉമ്മൻ ചാണ്ടിയാണ് ഉദ്ഘാടകനായ യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാരും ഒട്ടേറെ സാംസ്ക്കാരിക നേതാക്കളും സമിതി സാരഥികളും വേദി പങ്കിടുന്നു. ഈ സമ്മേളനം വിജയിപ്പിക്കുന്നതിന് ഓരോ ഇടവകയിൽ നിന്നും 10 പേരെയെങ്കിലും പങ്കെടുപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഹിറ്റ്ലസ് ചാക്കുണ്ണി**
പി.ആർ.ഒ

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

1. **ക്രിസ്തുമസ്സ് ആഘോഷം**

കലാസദൻ കൾച്ചറൽ അക്കാദമി ഹാളിൽ പതിവുപോലെ സംഗീത വിദ്യാർത്ഥികളും രക്ഷിതാക്കളും കലാസദൻ കമ്മിറ്റിയും ചേർന്ന് 2019 ഡിസംബർ 23 ന് ക്രിസ്തുമസ്സ് ആഘോഷം നടത്തി. പ്രസിഡണ്ട് ഡോ. ഇഗ്നേഷ്യസ് ആന്റണി ഉദ്ഘാടനം ചെയ്തു. ഫാ.

ഫിജോ ആലപ്പാടൻ അദ്ധ്യക്ഷത വഹിച്ചു. ബേബി മൂക്കൻ , സെബി ഇരിമ്പൻ, തോമസ് കൊള്ളന്നൂർ എന്നിവർ സംബന്ധിച്ചു.

കേക്ക് മുറിക്കലും, മധുരപലഹാരവിതരണവും വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. അന്നേ ദിവസം തന്നെ വൈകീട്ട് 7 മണിയ്ക്ക് ചെന്നായ്പാറ ആശ്രമത്തിൽ അന്തേവാസികളോടൊപ്പം ക്രിസ്തുമസ്സ് ആഘോഷവും അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നവധി ആഘോഷവും നടത്തി. പ്രശസ്ത സിനി ആർട്ടിസ്റ്റ് അപർണ ബാലമുരളി പ്രധാന അതിഥി ആയിരുന്നു. കലാസദൻ ആർട്ടിസ്റ്റുകൾ നേതൃത്വം കൊടുത്ത മെഗാ ഗാനമേളയും അരങ്ങേറി.

**2. 48–ാം സ്ഥാപിതദിനമാഘോഷം**

2019 ഡിസംബർ 30–ാം തിയതി തൃശൂർ കലാസദന്റെ 48–ാം സ്ഥാപിതദിനമാഘോഷിച്ചു. പ്രസിഡണ്ട് ഡോ. ഇഗ്നേഷ്യസ് ആന്റണിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി ഫാ. ഫിജോ ആലപ്പാടൻ പ്രവർത്തന റിപ്പോർട്ടും ട്രഷറർ ജോമോൻ ചെറുശ്ശേരി കണക്കും വൈ. പ്രസിഡണ്ട് ബേബി മൂക്കൻ പ്രവർത്തനരൂപരേഖയുമവതരിപ്പിച്ചു. മുൻപ്രസിഡണ്ടുമാരായ തോമസ് കൊള്ളന്നൂർ, പ്രൊഫ. ജോർജ്ജ് മേനാച്ചേരി, പ്രൊഫ. ജോൺ സിറിയക്ക്, ബാബു കവലക്കാട്ട് എന്നിവർ ആശംസകർ നേർന്നു. ജെയ്ക്കബ് ചെങ്ങലായ്, സി.ജെ. ജോൺ, ബാബു ചിറ്റലപ്പിള്ളി, സെബി ഇരിമ്പൻ, ഡോ. സുനിൽ സണ്ണി, സെലിൻ കാക്കശ്ശേരി, കെ.എം. ജോൺ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. കലാസദൻ കലാകാരന്മാരുടെയും അംഗങ്ങളുടെയും സംഗീതപരിപാടിയും സ്നേഹവിരുന്നുമുണ്ടായിരുന്നു.

**ഫാ. ഫിജോ ആലപ്പാടൻ**
സെക്രട്ടറി

**ഡോ. ഇഗ്നേഷ്യസ് ആന്റണി**
പ്രസിഡണ്ട്




തൃശൂർ അതിരൂപത ഫ്രാൻസിസ്ക്കൻ അൽമായ സഭയുടെ ജനറൽ ബോഡി യോഗം ജനുവരി 5–ാം തിയ്യതി ഞായറാഴ്ച 3 മണിക്ക്

കാൽവരി ആശ്രമത്തിൽ ഡയറക്ടർ ഫാ.ഷൈജോ മഞ്ഞളിയുടെ അദ്ധ്യക്ഷതയിൽ കുടുകയുണ്ടായി. അതിരൂപത പ്രസിഡണ്ട് ജോസ് പീറ്റർ സ്വാഗതം പറയുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും, മീറ്റിങ്ങിന്റെ അജണ്ടയെപറ്റി സംസാരിക്കുകയും ചെയ്തു. സെക്രട്ടറി സണ്ണിവടക്കൻ റിപ്പോർട്ട് ട്രഷറർ റ്റി.കെ. ഡേവിസ് കണക്കുകൾ അവതരിപ്പിക്കുകയും ചെയ്തു. യോഗം ആയതും അംഗീകരിച്ചു. യോഗത്തിൽ താഴെപറയുന്ന തീരുമാനങ്ങൾ എടുത്തു.

1. ഭാരവാഹികൾക്കായി എല്ലാ യുണിറ്റിലും ഫോർമേഷൻ ക്ലാസ് നടത്തുവാനും, ആയതു റീജിയൻ തലത്തിൽ നടത്തണമെന്നും അതിരൂപത കമ്മിറ്റി നിർദ്ദേശിച്ചു.
2. അൽമായ സഭാംഗങ്ങൾക്ക് ഒരു പൊതുഡ്രസ് കോഡ് വേണമെന്ന അഭിപ്രായം ഉണ്ടായി. താവുകുരിശ് പൊതുപരിപാടികളിൽ ധരിക്കണമെന്നും, ഡ്രസ്കോഡ് റീജിയൻതലത്തിൽ ചർച്ച ചെയ്തു അടുത്ത രൂപതാ കമ്മിറ്റികയിൽ തീരുമാനിയ്ക്കാൻ മാറ്റിവെച്ചു.
3. അതിരൂപത തലത്തിൽ ഫ്രാൻസിസ്ക്കൻ ധ്യാനം നോമ്പുകാലത്തും നടത്തുവാൻ അതിരൂപത കമ്മിറ്റിയെ ചുമതലപ്പെടുത്തി.
4. ഫ്രാൻസിസ്ക്കൻ ക്വിസ്മത്സരം അതിരൂപതാതലത്തിൽ വേണ്ടെന്നു വെച്ചു.
5. ഈ വർഷം ഏറ്റവും നല്ല യൂണിറ്റ്, ഏറ്റവും നല്ല റീജിയൻ എന്നിവയ്ക്കുള്ള സമ്മാനം നൽകേണ്ട എന്നു തീരുമാനിച്ചു.
6. അതിരൂപതയിലെ എല്ലാ യുണിറ്റിലെയും അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ഫ്രാൻസിസ്ക്കൻ മഹാസംഗമം ഗാഗുൽത്താധ്യാന കേന്ദ്രത്തിൽ ഫെബ്രുവരിമാസം നടത്തുവാൻ ധാരണയായി.
7. അതിരൂപത തലത്തിൽ പ്രവർത്തന കലണ്ടർ തയ്യാറാക്കുവാൻ 5 റീജിയൻ പ്രസിഡണ്ടുമാരെ ചുമതലപ്പെടുത്തി.
8. അതിരൂപത കണക്കുകളുടെ ഒരു ബാലൻസ് ഷീറ്റ് എല്ലാ റീജിയൺ പ്രസിഡണ്ടുമാർക്കും നൽകണെന്ന് യോഗം തീരുമാനിച്ചു.
9. എല്ലാ യുണിറ്റിലും അംഗത്വ രജിസ്റ്റർ കൈകാര്യം ചെയ്യുന്നതിന് ഒരു ഏകികൃത സ്വഭാവം ഉണ്ടാകണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

**ജോസ് പീറ്റർ വി.**
പ്രസിഡന്റ്

**ഫാ. ഷൈജോ മഞ്ഞളി കപ്പൂച്ചിൻ**
ഡയറക്ടർ



Fr.  Thekkiniyath Arun CMI
Ollur



Fr. Thombyil Shinto  SDV
Cherumkuzhy



Fr. Velukkaran Jaison  CMI
Choolissery



Fr. Vettukattil Danny PSDP
Thiruvilwamala

തൃശ്ശൂർ അതിരൂപതയിലെ

# നവവൈദികർ

പ്രാർത്ഥനാശംസകളോടെ
അതിരൂപത കുടുംബം



Fr.  Anthikatt Santhosh
Cheroor



Fr. Chalil Anu
Kannara



Fr. Choondal Livin
Mundoor



Fr. Chirayath Febin
Parannur



Fr. Chittilappilly Anvin
Thiroor



Fr.  Chittilappilly Joseph
Puranattukara



Fr. Kollanur Ajith
Palakkal



Fr. Maliyekal  Jijo
Vadookara

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.01.2020
**February- 2020**

തൃശ്ശൂർ അതിരൂപതയിലെ

# നവവൈദികർ

അനുമോദനങ്ങളോടെ
അതിരൂപത കുടുംബം



Fr. Mangattilayan Majo
Thiroor



Fr. Marokey Shinto
Marathakara



Fr. Nedumbakaran Yesudas
Chiyaram Vijayamatha



Fr. Pallikunnath Shijo
Manalur East



Fr. Puthur Prakash
Guruvayoor



Fr. Tharakan Roger
Thiroor



Fr. Thattil Trejin
Padavarad



Fr. Vattakuzhy Gladrin
Kallur West



Fr. Veliyan Sebi
Varakkara South

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor